قال رسول الله صلى الله عليه وسلم

# ഖിലാഫത്തിന്റെ സ്ഥാനമാനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

## MANSAB-E-KHILAFAT

Lecture delivered by Hadhrat Mirza Bashiruddin Mahmood Ahmad Sahib Khalifatul Masih II (Allah be pleased with him) on 12.4.1914.

This lecture deals with the subject of the establishment of the institution of Khilafat, the status of Khalifa and his duties and obligations.

ISLAM INTERNATIONAL PUBLICATIONS, KERALA.

# ഖിലാഫത്തിന്റെ സ്ഥാനമാനം

# ഖിലാഫത്തിന്റെ സ്ഥാനമാനം

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)**

വിവർത്തകൻ:

**മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ**

പ്രസാധകർ:

**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള**

**ഫോർട്ട് റോഡ്, കണ്ണൂർ– 670 001**

**Mansabe Khilafath**
(Urdu)

Author :
Hadrath Mirza Basheeruddeen Mahmood Ahmad(Ra)

**Khilafathinte Sthanamanam**
(Malayalam)

Translated :
Muhammad Ismail Alleppey

Printed at:
BRB Offset Printers, Thavakkara, Kannur- 17

Published by :
Islam International Publications, Kerala

Copies: 1000

IInd Edition : 2008 March

Price: 25/-

IIPK/ 15



ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)
(1889–1965)

# പ്രസാധകക്കുറിപ്പ്

'മൻസബെ ഖിലാഫത്ത്' എന്ന ലഘുകൃതി 'ഖിലാഫത്തിന്റെ സ്ഥാനമാനം' എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. 1914- മാർച്ച് 14-ന് ഖിലാഫത്ത് സ്ഥാനത്ത് അവരോധിതനായതിനുശേഷം 29-ാമത്തെ ദിവസം അതായത്, 1914 ഏപ്രിൽ 12-ന് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഥാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ചെയ്ത ഒരു പ്രഭാഷണമാണ് ഈ ഗ്രന്ഥം. 1914-ൽ ജമാഅത്തിനു നേരിടേണ്ടിവന്ന സംഭവവികാസങ്ങളെക്കുറിച്ചും നിർണ്ണായകമായ ആ ഘട്ടത്തിൽ അമീറുൽ മുഅ്മിനീൻ തന്റെ ദൈവദത്തമായ കഴിവുകൊണ്ടെടുത്ത നടപടികളെക്കുറിച്ചും നബിയുടെയും ഖിലാഫത്തിന്റെയും പ്രവർത്തികളെക്കുറിച്ചും സവിസ്തരം ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബാണ് ഇത് മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രസാധനത്തിനുള്ള ചെലവ് വഹിച്ചിട്ടുള്ളത് ലക്ഷദ്വീപിലെ ലജ്ന ഇമായില്ലായാണ്. ഈ ശ്രമം സ്വാലിഹായൊരു കർമ്മമായി സ്വീകരിച്ച് അല്ലാഹു തക്കതായ പ്രതിഫലം നല്കി അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടുകൂടി ഈ ഗ്രന്ഥം നിങ്ങളുടെ കൈയിൽ സമർപ്പിക്കുന്നു.

*സദ്ർ*
*ഇസ്‌ലാമിക് ഇന്റർനാഷണൽ പബ്ലിക്കേഷൻസ്*
*കേരള*

بسم الله الرحمن الرحيم

# ഖിലാഫത്തിന്റെ സ്ഥാനമാനം

### *ഇബ്റാഹീം നബിയുടെ പ്രാർത്ഥന*

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا عَلَيْهِمْ اٰيٰتِكَ وَيُعَلِّمُهُمُ الْكِتٰبَ
وَالْحِكْمَةَ وَيُزَكِّيهِمْ اِنَّكَ اَنْتَ الْعَزِيزُ الْحَكِيمُ۝

അല്ലാഹു ഈ ഖുർആനിക വചനത്തിൽ നബി(സ) തിരുമേനിയെ സംബന്ധിച്ചുള്ള ഒരു പ്രവചനമാണ് പറഞ്ഞിട്ടുള്ളത്. അത് ഹദ്റത്ത് ഇബ്റാഹീം(അ) മക്കയുടെ നിർമ്മാണ സമയത്ത് ചെയ്ത പ്രാർത്ഥനയുടെ രൂപത്തിലാണുള്ളത്. സകല കാര്യങ്ങളുമുൾക്കൊള്ളുന്ന ഈ പ്രാർത്ഥനയിൽ ഇബ്റാഹീം (അ) തന്റെ സന്താനങ്ങളിൽനിന്ന് ഒരു നബിയെ നിയോഗിക്കുന്നതിനായി പ്രാർത്ഥിച്ചിരിക്കുന്നു. ഈ പ്രാർത്ഥനയിൽ നബിമാരുടെ പ്രവൃത്തികൾ എന്തൊക്കെയാണെന്നും അവർ വരുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നും വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അദ്ദേഹം പ്രാർത്ഥിച്ചു: അല്ലാഹുവേ, അവർക്ക് അവരിൽനിന്നുള്ള ഒരു ദൂതനെ നീ നിയോഗിക്കേണമേ.

### *നബിമാരുടെ നിയോഗോദ്ദേശ്യം*

ആ നിയോഗിതനാകുന്ന ദൂതന്റെ പ്രവൃത്തി എന്തായിരിക്കണം? ***യത്‌ലൂ അലയ്ഹിം ആയാത്തിക്ക***. അദ്ദേഹത്തിന്റെ പ്രഥമ

ജോലി നിന്റെ വചനങ്ങൾ അവരെ കേൾപ്പിക്കലായിരിക്കണം. രണ്ടാമത്തെ ജോലി ***യുഅല്ലിമുഹുമുൽകിതാബ വൽഹിക്മത്ത*** ആ ഗ്രന്ഥം അതായത് ശരീഅത്ത് അവരെ പഠിപ്പിക്കുക. മൂന്നാമത്തെ ജോലി തത്ത്വശാസ്ത്രം അവരെ പഠിപ്പിക്കുക. നാലാമത്തെ ജോലി ***വ യുസക്കീഹിം*** അവരെ പരിശുദ്ധരാക്കുക.

ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ സന്താനങ്ങളിൽനിന്ന് നിയോഗിതനാകാൻ പോകുന്ന ഒരു ദൈവദൂതനുവേണ്ടി പ്രാർത്ഥിക്കുകയും ആ പ്രാർത്ഥനയിൽത്തന്നെ നബിമാരുടെ വരവിന്റെ ഉദ്ദേശ്യങ്ങൾ പറയുകയും ചെയ്തു. ഈ വചനത്തിൽ പ്രതിപാദിച്ച നാല് ജോലികളാണ് നബിമാർക്കുള്ളത്. ലോകത്തിന്റെ പരിഷ്കരണത്തിന് ഈ ജോലിയല്ലാതെ മറ്റെന്തെങ്കിലും അവർക്ക് ചെയ്യാനുണ്ടോ എന്ന് ഞാൻ ചിന്തിച്ചുനോക്കി. നബി (സ) തിരുമേനിയുടെ പരിഷ്കരണപ്രവൃത്തികൾ ലോകത്തിന്റെ സകല പരിഷ്കരണപ്രവൃത്തികളും ഉൾക്കൊള്ളുന്നതാണെന്ന് ഞാൻ കണ്ടു.

### *ഖലീഫമാരുടെ പ്രവൃത്തി*

നബിമാരുടെ വരവിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ച് ചിന്തിച്ചാൽ, ഖലീഫമാരുടെ പ്രവൃത്തിയും അതുതന്നെയാണെന്ന് മനസ്സിലാക്കാൻ വളരെ എളുപ്പമായിരിക്കും. കാരണം വരുന്ന ഖലീഫയുടെ ഉദ്ദേശ്യവും, തന്റെ അഗ്രദൂതൻ ചെയ്തുവച്ച പ്രവൃത്തികൾ തുടർന്നുകൊണ്ട് പോകുക എന്നതാണ്. അതിനാൽ, നബിയുടെ പ്രവൃത്തി തന്നെയായിരിക്കും ഖലീഫയുടേയും. ഇനി നിങ്ങൾ ഈ വചനത്തിൽ ചിന്തിച്ചു നോക്കുകയാണെങ്കിൽ, ഒരുഭാഗത്ത് നബിയുടെ പ്രവൃത്തിയും മറുഭാഗത്ത് ഖലീഫയുടെ പ്രവൃത്തിയും വ്യക്തമാകുന്നതാണ്.

ഈ അവസരത്തിൽ എന്താണ് പറയേണ്ടതെന്നോർത്ത് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ അല്ലാഹു എന്റെ ശ്രദ്ധ ഈ ഖുർആനിക വചനത്തിലേക്ക് തിരിച്ചു. എനിക്ക് ഈ വചനത്തിൽത്തന്നെ, എന്റെ ആവശ്യങ്ങളേയും ഉദ്ദേശ്യങ്ങളേയും വെളിപ്പെടുത്തുന്ന സകല കാര്യങ്ങളും കാണാൻ കഴി

ഞ്ഞു. അതുകൊണ്ടാണ് ഈ സന്ദർഭത്തിൽ അതിനുള്ള കുറച്ച് തെളിവുകൾ സമർപ്പിക്കാമെന്ന് ഞാനാഗ്രഹിച്ചത്.

***ജമാഅത്തിന്റെ സത്യാവസ്ഥയും രക്ഷിതാവിന് സ്തുതിയും***

എന്നാൽ, തെളിവുകൾ സമർപ്പിക്കുന്നതിനു മുമ്പേ, ഞാൻ അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്താനാഗ്രഹിക്കുകയാണ്. കാരണം, നബിമാരോട് വാഗ്ദാനം ചെയ്ത് നല്കാറുള്ളതു പോലെ, ഒരു ജമാഅത്ത് അവൻ സൃഷ്ടിച്ചിരിക്കുകയാണ്. ഇസ്ലാം മതത്തിനും അതിന്റെ ബഹുമതിക്കും വേണ്ടി സ്വന്തം പണവും സമയവും ചെലവഴിച്ച് നാലുഭാഗത്തുനിന്നും സ്നേഹിതന്മാർ ഇവിടെ എത്തിയിരിക്കുകയാണ്. അല്ലാഹുതആല ഇത്തരം ആത്മാർത്ഥരായ സുഹൃത്തുക്കളുടെ പ്രയത്നത്തെ പാഴാക്കുകയില്ലെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അവൻ ഏറ്റവും നല്ല പ്രതിഫലം നല്കി അനുഗ്രഹിക്കുന്നതാണ്. കാരണം നിങ്ങൾ ഇവിടെ വന്നിട്ടുള്ളത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് ഇന്നലെ ദർസിന് ഈ സ്നേഹിതന്മാരെ കണ്ടപ്പോൾ, 'ചതിയനെന്ന്' ആക്ഷേപിക്കുന്ന (നഊദുബില്ലാഹ്) ഒരു വ്യക്തിക്കു വേണ്ടിയാണല്ലോ ഇവർ വന്നിരിക്കുന്നതെന്നോർത്ത് എന്റെ മനസ്സ് അല്ലാഹുവിനോടുള്ള സ്തുതിയും നന്ദിയും കൊണ്ട് നിറഞ്ഞുപോയി! പിന്നീട് എന്റെ മനസ്സിൽ വീണ്ടും ആവേശം അലതല്ലി. എന്റെ സ്നേഹിതന്മാർ ക്ഷണിച്ചതനുസരിച്ചാണ് നിങ്ങൾ ഇവിടെ സംഘടിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇന്ന് രാത്രി ഞാൻ പ്രാർത്ഥനയിൽ മുഴുകി. എന്റെ രക്ഷിതാവിനോട് ഇങ്ങനെ പറഞ്ഞു: അല്ലാഹുവേ, ഞാൻ നിർധനനാണ്. ഇവർക്ക് എന്താണ് എനിക്ക് കൊടുക്കാൻ കഴിയുക. നീ തന്നെ നിന്റെ ഖജനാവുകൾ തുറന്നു തരേണമേ. മതപരമായ കാര്യങ്ങൾക്കു വേണ്ടിമാത്രം ഇവിടെ സമ്മേളിച്ചിരിക്കുന്നവർക്ക് നിന്റെ അനുഗ്രഹത്തിൽനിന്ന് വിഹിതം നല്കേണമേ. അല്ലാഹു ഈ പ്രാർത്ഥനകൾ സ്വീകരിക്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്. കാരണം വേദന തിങ്ങുന്ന ഹൃദയത്തോടും അതിയായ വിഷമത്തോടുംകൂടി

പ്രാർത്ഥിച്ചിട്ട്, അത് സ്വീകരിക്കാതിരുന്നതായി എനിക്കോർമ്മ യില്ല. കൊച്ചുകുഞ്ഞുങ്ങൾ വേദനയോടെ നിലവിളിക്കുമ്പോൾ മാതൃസ്തനങ്ങളിൽ പാൽ തിരതല്ലാറുണ്ട്. വളരെ ചെറുതും താൽക്കാലികവുമായ ബന്ധമായിട്ടും ഒരു കുഞ്ഞ് നിലവിളി ക്കുമ്പോൾ മാതൃസ്തനങ്ങളിൽ പാൽ പുറപ്പെട്ടുവരുന്നസ്ഥി തിക്ക്, അല്ലാഹുവിന്റെ സൃഷ്ടികളിൽനിന്ന് ആരെങ്കിലും വിഷ മത്തോടും വേദനയോടുംകൂടി പ്രാർത്ഥിച്ചാൽ അത് സ്വീകരി ക്കപ്പെടാതിരിക്കുക എന്നത് അസംഭാവ്യമാണ്. ആ പ്രാർത്ഥന തീർച്ചയായും സ്വീകരിക്കുന്നതാണെന്ന് ഞാൻ നിങ്ങൾക്ക് ഉറ പ്പുതരുന്നു. ഈ പെരുമാറ്റം എന്നോട് മാത്രമല്ല പ്രത്യുത, ഓരോ വ്യക്തിയോടും അല്ലാഹു പെരുമാറുന്നത് ഇങ്ങനെതന്നെയാ ണ്. അല്ലാഹു പറയുന്നു:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ

فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ

എന്റെ ദാസന്മാർ എന്നെ സംബന്ധിച്ച് നിന്നോട് ചോദി ക്കുമ്പോൾ, ഞാൻ അടുത്തുണ്ടെന്ന് അവരോട് പറയുക. എന്നെ വിളിക്കുന്നവരുടെ വിളി ഞാൻ കേൾക്കുകയും അത് സ്വീകരി ക്കുകയും ചെയ്യുന്നു. ഇവിടെ ***ഉജീബുദ്ദഅ്വത്തദ്ദാഇ*** എന്നാണ് പറഞ്ഞത്. മുസ്ലിംകളുടെയോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക രാജ്യത്തിലോ ദേശത്തിലോ ഉള്ള വ്യക്തിയുടെയോ പ്രാർത്ഥന കേൾക്കുമെന്നല്ല പറഞ്ഞത്. ആരായാലും ഏതു ദേശക്കാരനാ യാലും എവിടെയായാലും പ്രാർത്ഥന കേൾക്കുമെന്നാണ്.

പ്രാർത്ഥന സ്വീകരിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? ***ഫൽയ സ്തജീബൂലീ വൽയുഅ്മിനൂബി***. വിശ്വസിക്കുകയും മുസ്ലി മാകുകയും ചെയ്യുക. മുസ്ലിംകളും മുഅ്മിനീംകളും ആ വിശ്വാ സത്തിൽ പുരോഗതി പ്രാപിക്കുക. അവിശ്വാസികളുടെ പ്രാർത്ഥന സ്വീകരിക്കുന്നത്, അവർ വിശ്വസിക്കാനും മുഅ്മി നീംകളായിത്തീരാനുമാണ്. മുഅ്മീൻ ആകുന്നത് അവൻ സന്മാർഗ്ഗത്തിലും ദൃഢവിശ്വാസത്തിലും വളരാനാണ്. ദൈവ

ജ്ഞാനസിദ്ധിക്കും ദൈവത്തെ തിരിച്ചറിയുന്നതിനുമുള്ള ഉത്തമമായ വഴി പ്രാർത്ഥന തന്നെയാണ്. സത്യവിശ്വാസിയുടെ പ്രതീക്ഷകൾ അതിൽനിന്നുതന്നെയാണ് വിശാലമാകുന്നത്. അതുകൊണ്ട് ഞാനും പ്രാർത്ഥിച്ചു. അത് സ്വീകരിക്കപ്പെടുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.

ഞാനവരോട് പറയേണ്ട കാര്യങ്ങൾ എനിക്ക് പഠിപ്പിച്ചുതരാനും മനസ്സിലാക്കിത്തരാനും വേണ്ടി അല്ലാഹുവിനോടു പ്രാർത്ഥിച്ചു. ഇപ്പോഴുണ്ടായ ഫിത്ന കണ്ടപ്പോൾ. അല്ലാഹുവിന്റെ സഹായമില്ലാതെ അതകറ്റാൻ കഴിയുകയില്ലെന്ന് എനിക്ക് തോന്നി. അവനെയാണ് ഞാൻ ആശ്രയിക്കുന്നത്. അതുകൊണ്ട് ഞാൻ അവന്റെ തിരുസന്നിധിയിൽ കുനിയുകയും 'ഈ സമ്മേളിച്ചിരിക്കുന്നവരോട് എന്താണ് പറയേണ്ടതെന്ന് നീ എനിക്കു പറഞ്ഞുതരിക' എന്നപേക്ഷിക്കുകയും ചെയ്തു. അപ്പോൾ എന്റെ മനസ്സിനെ ഈ ഖുർആനിക വചനത്തിലേക്ക് അവൻ തിരിച്ചു. അതിലുള്ള യാഥാർത്ഥ്യങ്ങൾ എന്നിൽ തുറക്കുകയും ചെയ്തു. ഖിലാഫത്തിന്റെ സകലകടമകളും പ്രവർത്തനങ്ങളും ഈ വചനത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതായി ഞാൻ കണ്ടു. അതുകൊണ്ടാണ് ആ വചനം ഇപ്പോൾ നിങ്ങളുടെ മുമ്പിൽ ഞാനോതിയത്.

### *കൂടിയാലോചനയില്ലാതെ ഖിലാഫത്തില്ല*

***ലാ ഖിലാഫത്ത ഇല്ലാബിൽമശ്‌വറ*** ശൂറ (കൂടിയാലോചന) ഇല്ലാതെ ഖിലാഫത്ത് അനുവദനീയമേയല്ല എന്നതാണ് എന്റെ മതം. ഈ നിയമമനുസരിച്ചാണ് നിങ്ങളെ ഇവിടെ വിളിച്ചുവരുത്തിയിട്ടുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഈ വിശ്വാസത്തിൽ നിലകൊള്ളുകയും ഇതിൽ ഉറച്ചുനില്ക്കാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു. അഭിപ്രായങ്ങൾ ആരായണമെന്ന് ഞാൻ ആഗ്രഹിച്ചു. അഭിപ്രായങ്ങൾ ആരായണമെന്ന് എനിക്കറിയില്ലായിരുന്നു. കൂടിയാലോചന ഉണ്ടാകണമെന്ന് എന്റെ സുഹൃത്തുക്കൾ പറഞ്ഞു. ഞാൻ അതിന്റെ വിശദീകരണം ചോദിച്ചില്ല. കാരണം ഞാൻ കൂടിയാലോചന ഇഷ്ടപ്പെടുന്നയാളാണ്. അതുകൊണ്ട് അവരുടെ അഭിപ്രായത്തോട് യോജിച്ചു.

അങ്ങനെ അവർ നിങ്ങളെ വിളിച്ചുവരുത്തി. എന്നാൽ, എന്താണ് പറയേണ്ടതെന്ന് ഇന്നലെവരെ എനിക്കറിയില്ലായിരുന്നു. അവസാനം ഞാൻ അല്ലാഹുവിലേക്ക് ശ്രദ്ധതിരിച്ചപ്പോൾ, വായിച്ചുനോക്കുന്നതിനായി ഈ വചനം എന്റെ മനസ്സിലേക്കിട്ടു.

### *ഇബ്റാഹീമിന്റെ(അ) പ്രാർത്ഥനയുടെ വ്യാഖ്യാനം*

ഈ വചനത്തിന്റെ പാരായണത്തിൽനിന്ന് നബി അല്ലെങ്കിൽ ഖലീഫയുടെ പ്രഥമ പ്രവൃത്തി ദൈവികവചനങ്ങൾ ജനങ്ങളെ കേൾപ്പിക്കുകയാണെന്ന് മനസ്സിലാകുന്നു. ആയത്ത് എന്ന് പറയുന്നത് ഏതെങ്കിലും വസ്തുവിനെക്കുറിച്ച് അറിയാൻ കഴിയുന്ന അടയാളത്തിനാണ്, തെളിവിനാണ്. അതിനാൽ, നബി ദൈവികവചനം ഓതിക്കൊടുക്കുമ്പോൾ, അതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ അസ്തിത്വത്തിനും അവന്റെ ഏകദൈവത്വത്തിനുമുള്ള തെളിവുകൾ കേൾപ്പിക്കുകയും സമർപ്പിക്കുകയും ചെയ്യുന്നു എന്നാണ്. അല്ലാഹുവിന്റെ മലക്കുകളുടേയും അവന്റെ ഗ്രന്ഥങ്ങളുടേയും രക്ഷണവും സാക്ഷീകരണവും അവ മുഖേനയുണ്ടാകുന്നു. ഈ വചനങ്ങളിൽ പറയപ്പെട്ടിരിക്കുന്നത്, അവർക്ക് അല്ലാഹുവിലും നബിമാരിലും ഗ്രന്ഥങ്ങളിലും വിശ്വാസമുണ്ടാകുന്ന രീതിയിലുള്ള കാര്യങ്ങൾ കേൾപ്പിക്കുക എന്നാണ്.

### *ആദ്യത്തെ പ്രവൃത്തി*

ഇതിൽനിന്ന് നബിയുടേയും അദ്ദേഹത്തിന്റെ പ്രതിനിധിയായ ഖലീഫയുടേയും പ്രഥമപ്രവൃത്തി സത്യപ്രബോധനവും നന്മയിലേക്കുള്ള ക്ഷണവുമാണെന്ന് മനസ്സിലായി. അവർ സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നു. തങ്ങളുടെ ക്ഷണത്തെ തെളിവുകളും അടയാളങ്ങളുംകൊണ്ട് ബലപ്പെടുത്തുകയും ചെയ്യുന്നു. മറ്റു വാക്കുകളിൽപ്പറഞ്ഞാൽ അവർ തബ്ലീഗ് ചെയ്യുന്നു.

### *രണ്ടാമത്തെ പ്രവൃത്തി*

***വ യുഅല്ലിമുഹുമുൽകിതാബ***-ഈ വാക്യത്തിൽ നബി അല്ലെങ്കിൽ ഖലീഫയുടെ രണ്ടാമത്തെ പ്രവൃത്തി വിവരിക്കപ്പെട്ടിരിക്കുന്നു. അവന്റെ ഗ്രന്ഥം പഠിപ്പിക്കുക. അല്ലാഹു ഉണ്ടെന്നും

അവനിൽനിന്ന് ലോകത്ത് ദൂതന്മാർ വരുന്നുവെന്നും അവന്റെ മലക്കുകൾ അവരിൽ ഇറങ്ങുന്നുവെന്നും ആ മലക്കുകൾ മുഖേന ദൈവികഗ്രന്ഥങ്ങൾ അവതരിക്കുന്നുവെന്നും മനുഷ്യൻ അംഗീകരിച്ചുകഴിഞ്ഞാൽ, കർമ്മങ്ങളുടെ രണ്ടാമത്തെ ഘട്ടം വന്നുഭവിക്കുന്നു. കാരണം, അല്ലാഹുവിൽ വിശ്വസിച്ചുകഴിഞ്ഞാൽ, രണ്ടാമത്തെ ചോദ്യം, അത്തരം ആൾ ഇനി എന്തു ചെയ്യണമെന്നാണ്? ആ ആവശ്യം നിവർത്തിച്ചുകൊടുക്കുന്നത് ദൈവികമായ ശരീഅത്താണ്. അതുകൊണ്ട് നവമുസ്‌ലിംകൾക്ക് ശരീഅത്ത് അഥവാ ധർമ്മശാസ്ത്രം പഠിപ്പിക്കുക എന്നതാണ് നബിയുടെ രണ്ടാമത്തെ പ്രവൃത്തി. അല്ലാഹുവിന്റെ ദൂതന്മാർ മുഖേന ലഭിക്കുന്ന നിർദ്ദേശങ്ങളും അധ്യാപനങ്ങളുമനുസരിച്ചുള്ള പ്രവർത്തനം നിർബന്ധമാണ്. ഈ ഘട്ടത്തിൽ അവർക്ക് നിർബന്ധകാര്യങ്ങൾ എന്തൊക്കെയാണെന്ന് പറഞ്ഞുകൊടുക്കുകയാണ് നബിയുടെ രണ്ടാമത്തെ ബാധ്യത.

കിതാബിന്റെ അർത്ഥം ശരീഅത്തെന്നും കല്പനയെന്നുമാണ്. വിശുദ്ധഖുർആനിൽ ഈ പദം കല്പന എന്നർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണം ***കുതിബ അലയ്ക്കുമുസ്സ്വിയാമ***. നോമ്പ് നിങ്ങൾക്ക് കല്പിക്കപ്പെട്ടിരിക്കുന്നു. ഈക്രമീകരണം നല്ലവണ്ണം ഓർമ്മിച്ചുകൊള്ളുക, അതായത് ആദ്യത്തെ പ്രവൃത്തി ഇസ്‌ലാമിലേക്ക് കൊണ്ടുവരിക. രണ്ടാമത്തേത് അവരെ ശരീഅത്ത് പഠിപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുന്നവരാക്കിത്തീർക്കുകയും ചെയ്യുക.

### ***മൂന്നാമത്തെ പ്രവൃത്തി***

കർമ്മങ്ങൾ ചെയ്യാൻ മറ്റൊരു കാര്യം ആവശ്യമാണ്. ഒരു പ്രവൃത്തിയുടെ യഥാർത്ഥ ഉദ്ദേശ്യവും ഉൾസാരവും മനസ്സിലാകാത്തിടത്തോളം അത് ചെയ്യാനുള്ള ആവേശമോ താൽപര്യമോ മനുഷ്യനുണ്ടാകുകയില്ല. അതുകൊണ്ടാണ് ഇവിടെ മൂന്നാമത്തെ പ്രവൃത്തിയായി ***വൽഹിക്മത്ത***- ആ നബിമാർ തങ്ങളെ വിശ്വസിച്ചവരെ ഹിക്മത്ത് (തത്ത്വശാസ്ത്രം) പഠിപ്പിക്കണം എന്നു പറഞ്ഞിരിക്കുന്നത്. അതായത്, വിശ്വസിച്ചവർ ബാഹ്യമായ കർമ്മങ്ങൾ ചെയ്തുതുടങ്ങിക്കഴിഞ്ഞാൽ, ആ കർമ്മങ്ങളുടെ

യഥാർത്ഥ ഉദ്ദേശ്യവും ഉൾസാരവും അവർക്ക് പറഞ്ഞുകൊടുക്കണം. ഒരാൾ ബാഹ്യമായ നിലയിൽ നമസ്കരിക്കുന്നതു പോലെ. നമസ്കരിക്കാൻ നിർദ്ദേശിക്കുക അതിനായി പറയുക എന്നത് ***യുഅല്ലിമുഹുമുൽ കിതാബ*** എന്നതിന്റെ കീഴിലാണ് വരുന്നത്. എന്തിനാണ് നമസ്കാരം നിർബന്ധമാക്കപ്പെട്ടത്? അതിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തൊക്കെയാണ്? അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുക എന്നാൽ ഹിക്മത്ത് പറഞ്ഞുകൊടുക്കലാണ്. ഈ രണ്ടു കാര്യങ്ങളുടേയും ഉദാഹരണം വിശുദ്ധഖുർആനിൽനിന്നുതന്നെ നല്കാം.

***അഖീമുസ്സ്വലാത്ത-*** നമസ്കരിക്കുക എന്ന് വിശുദ്ധഖുർആനിൽ കല്പനയുണ്ട്. ഈ കല്പന ***യുഅല്ലിമുഹുമുൽകിതാബ*** എന്നതിന് കീഴിലാണ് വരുന്നത്. ഒരിടത്ത് ***ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശാഇ വൽമുൻകർ*** എന്ന് പറഞ്ഞിരിക്കുന്നു. അതായത്, തിന്മകളേയും അനിഷ്ടകരമായ കാര്യങ്ങളേയും നമസ്കാരം തടയുന്നു. ഇവിടെ നമസ്കാരത്തിന്റെ തത്ത്വശാസ്ത്രം (ഹിക്മത്ത്) വിവരിച്ചിരിക്കുകയാണ്. അതായത്, നമസ്കാരത്തിന്റെ ഉദ്ദേശ്യമെന്താണ്? ഇപ്രകാരംതന്നെ റുക്കൂഅ്, സൂജുദ്, ഖിയാം, ഖഅ്ദ തുടങ്ങിയവയുടെ ഹിക്മത്തും പറഞ്ഞുകൊടുക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ഇതെല്ലാം പറയാൻ കഴിയും. ചുരുക്കിപ്പറയട്ടെ, നബി അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഖലീഫയുടെ മൂന്നാമത്തെ പ്രവൃത്തി, ധർമ്മശാസ്ത്രകല്പനയുടെ തത്ത്വശാസ്ത്രം (ഹിക്മത്ത്) ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുക എന്നതാണ്.

***യത്‌ലൂ അലയ്ഹിം ആയാത്തിഹി*** എന്ന് പറഞ്ഞത് വിശ്വസിക്കാനാണ്. വിശ്വാസത്തിനുശേഷം കർമ്മത്തിനായി ***യുഅല്ലിമുഹുമുൽകിതാബ*** എന്നു പറഞ്ഞു. പിന്നീട് ആ കർമ്മങ്ങളിൽ ഒരു ഉത്സാഹവും താൽപര്യവും ഉണ്ടാക്കുന്നതിനും അവയുടെ യഥാർത്ഥ ഉദ്ദേശ്യം പറയുന്നതിനുമായി ***വൽഹിക്മത്ത*** എന്നു പറഞ്ഞു. നമസ്കാരത്തെ ഒരു ഉദാഹരണമെന്നോണം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. യഥാർത്ഥത്തിൽ സകല കല്പ

നകളിലും അല്ലാഹുതആല ഹിക്മത്തുകൾ വെച്ചിട്ടുണ്ട്.

***നാലാമത്തെ പ്രവൃത്തി***

നബിയുടെ നാലാമത്തെ പ്രവൃത്തിയായി പറഞ്ഞിരിക്കുന്നത് ***വ യുസക്കീഹിം*** എന്നാണ്. തത്ത്വശാസ്ത്രം (ഹിക്മത്ത്) പഠിപ്പിച്ചു കഴിഞ്ഞാൽപിന്നെ അവരെ പരിശുദ്ധരാക്കുന്നു. പരിശുദ്ധരാക്കുക എന്ന ജോലി മനുഷ്യന്റെ കഴിവിൽപെട്ടതല്ല. ഇത് അല്ലാഹുവിന്റെ അധീനതയിലും നിയന്ത്രണത്തിലും പെട്ടതാണ്.

ഇത് അല്ലാഹുവിന്റെ അധീനതയിലാണെങ്കിൽ, പിന്നെ എന്തിന് നബിയോട് പരിശുദ്ധനാക്കാൻ പറഞ്ഞു എന്നതാണ് ചോദ്യം. ഇതിന്റെ വിശദീകരണം ഞാൻ പിന്നീട് വിവരിക്കുന്നതാണ്. ഇവിടെ ഞാൻ ചുരുക്കിപ്പറയാനാഗ്രഹിക്കുന്നത്, പരിശുദ്ധനാക്കുന്നതിനുള്ള മാർഗ്ഗവും അല്ലാഹുതന്നെ പറഞ്ഞുതന്നിരിക്കുന്നു എന്നാണ്. ആ മാർഗ്ഗം പ്രാർത്ഥനയാണ്. അവരെ പരിശുദ്ധരാക്കുക എന്ന് നബിയോട് കല്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം, അവർക്കുവേണ്ടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രാർത്ഥിക്കുക എന്നാകുന്നു.

ഇബ്റാഹീം നബിയുടെ ഈ പ്രാർത്ഥനാവചനത്തിൽ അല്ലാഹു വലിയ വലിയ ഹിക്മത്തുകൾ (തത്ത്വശാസ്ത്രങ്ങൾ) രഹസ്യമാക്കിവെച്ചിരിക്കുന്നു. അവയിലൊന്ന്, ഈ വചനം ബഖറ എന്ന അധ്യായത്തിലെ വചനങ്ങളുടെ ക്രമവത്ക്കരണത്തെക്കുറിച്ച് പറഞ്ഞുതരുന്നു എന്നതാണ്. ബഖറ അധ്യായത്തിലെ വചനങ്ങളുടെ ക്രമവത്ക്കരണം മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ചിലയിടത്ത് ചിലത് പറഞ്ഞിരിക്കുന്നതും ചിലയിടത്ത് മറ്റൊന്ന് പറഞ്ഞിരിക്കുന്നതും കാണുമ്പോൾ ജനങ്ങൾ വിഷമിച്ചുപോകുന്നു. ചില സ്ഥലത്ത് ബനൂഇസ്റായീലിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ചിലയിടത്ത് നമസ്കാരം, നോമ്പ് എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. ചിലയിടത്ത് ത്വലാഖിനെക്കുറിച്ച് പറയുമ്പോൾ ചിലയിടത്ത് ഇബ്റാഹീം(അ) നിഷേധികളുമായി നടത്തിയ വിവാദത്തെക്കുറിച്ചാണ് പറയുന്നത്. ചിലയിടത്ത് ത്വാലൂത്തിനെക്കുറിച്ചും പറയുന്നു. ഈ എല്ലാ സംഭവങ്ങളും തമ്മിലുള്ള പര

സ്പരബന്ധമെന്താണ്? അല്ലാഹുതആല ഈ വചനത്തിലൂടെ എനിക്കിതെല്ലാം പഠിപ്പിച്ചുതന്നിരിക്കുന്നു.

***ബഖറ അധ്യായത്തിലെ വചനങ്ങളുടെ ക്രമവത്ക്കരണം എങ്ങനെയാണ് മനസ്സിലാക്കിത്തരുന്നത്***

ഹദ്‌റത്ത് ഖലീഫത്തുൽ മസീഹിന്റെ (ഒന്നാം ഖലീഫ ഹദ്‌റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് വിവ:) ജീവിതകാലത്ത് നടന്ന സംഭവമാണ്. മുൻശീ ഫർസന്ദ് അലിസാഹിബ് നിന്നിൽ നിന്ന് വിശുദ്ധഖുർആൻ പഠിക്കാനാഗ്രഹിക്കുന്നുവെന്ന് എന്നോട് പറഞ്ഞു. അക്കാലത്ത് അദ്ദേഹത്തെക്കുറിച്ച് എനിക്ക് അത്ര പരിചയമില്ലായിരുന്നു. ഞാൻ ഒഴിഞ്ഞുമാറാൻ നോക്കി. പക്ഷേ, അദ്ദേഹം നിർബന്ധം പിടിച്ചു. അതിലെന്തോ ദൈവേച്ഛയുണ്ടെന്ന് മനസ്സിലാക്കിയ ഞാൻ അവസാനം അദ്ദേഹത്തെ പഠിപ്പിക്കാൻ തുടങ്ങി. ഒരിക്കൽ ഞാൻ പഠിപ്പിക്കുമ്പോൾ മിന്നൽ വേഗത്തിൽ ***റബ്ബനാ വബ്അഥ് ഫീഹിം റസൂലൻ മ്മിൻഹും*** എന്ന വചനം 'ബഖറ അധ്യായത്തിന്റെ താക്കോലാ'ണെന്ന് എന്റെ മനസ്സിൽ ഇടപ്പെട്ടു. ഈ അധ്യായത്തിലെ വചനങ്ങളുടെ ക്രമവത്ക്കരണത്തിന്റെ രഹസ്യം ഈ വചനത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അതിനോടൊപ്പംതന്നെ ബഖറ അധ്യായത്തിലെ വചനങ്ങളുടെ ക്രമവത്ക്കരണം പൂർണ്ണമായനിലയിൽ എനിക്ക് മനസ്സിലാകുകയും ചെയ്തു. ഇനി നിങ്ങൾ ഇത് ശ്രദ്ധിച്ചുകൊണ്ട് ബഖറ അധ്യായത്തിലെ വചനങ്ങളുടെ ക്രമവത്കരണത്തിൽ ചിന്തിച്ചാൽ യാഥാർത്ഥ്യം മനസ്സിലാകുന്നതാണ്.

***ബഖറ അധ്യായത്തിലെ വചനങ്ങളുടെ ക്രമവത്ക്കരണം***

ഇനി ചിന്തിച്ചുനോക്കുക! വിശുദ്ധഖുർആൻ ഇറക്കിയിട്ടുള്ള ദൈവം ജ്ഞാനിയാണെന്ന് ആദ്യം പറഞ്ഞു. വിശുദ്ധഖുർആന്റെ ആവശ്യകത എന്താണെന്ന് പിന്നീട് പറഞ്ഞു. കാരണം വിവിധ മതങ്ങൾ നിലവിലുള്ളപ്പോൾ ഈ മതത്തിന്റെ ആവശ്യകത എന്തെന്ന ചോദ്യം സ്വാഭാവികമാണ്. എന്തിനാണ് അല്ലാഹു ഈ ഗ്രന്ഥമിറക്കിയത്? ***ഹുദൻല്ലിൽ മുത്തഖീൻ*** എന്നു പറഞ്ഞുകൊണ്ട് അതിന്റെ ഉദ്ദേശ്യവും ലക്ഷ്യവും പറഞ്ഞു: സകല മതങ്ങളും മുത്തഖീംകളെ- ദൈവഭക്തിയുള്ളവരെ സൃഷ്ടിക്കു

മെന്നാണ് വാദിക്കുന്നത്. എന്നാൽ, ഈ ഗ്രന്ഥം മുത്തഖി എന്ന സ്ഥാനത്തുനിന്നുയർത്തി മുന്നോട്ടു കൊണ്ടുപോകുന്നതാണ്. മാനുഷികമായ പരിശ്രമങ്ങളെല്ലാം പൂർത്തിയാക്കുന്നവനെയാണ് മുത്തഖി എന്നു പറയുന്നത്. അവനെ മുന്നോട്ടുകൊണ്ടുപോകുക എന്നതിന്റെ അർത്ഥം, അല്ലാഹു നേരിട്ട് അവനോട് സംസാരിക്കും എന്നാണ്. പിന്നീട് മുത്തഖീംകളുടെ കർമ്മങ്ങളേയും പ്രവൃത്തികളേയും കുറിച്ച് പറഞ്ഞു. ഈ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നവരും അതിനെ നിഷേധിക്കുന്നവരും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചാണ് പിന്നീട് പറഞ്ഞത്. അതിനുശേഷം മനുഷ്യൻ ദൈവത്തെ ആരാധിക്കുവാൻവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അവർക്കെന്തെങ്കിലും മാർഗ്ഗദർശനം വേണമെന്നും അത് അല്ലാഹുവിൽനിന്ന് ലഭിക്കണമെന്നും പറഞ്ഞു. അല്ലാഹുവിൽനിന്ന് മാർഗ്ഗദർശനം വന്നുകൊണ്ടിരുന്നിട്ടുണ്ടെന്നാണ് തുടർന്ന് പറഞ്ഞിരിക്കുന്നത്. ഉദാ: ലോകത്തിന്റെ തുടക്കത്തിൽ ആദം(അ) നിയോഗിതനായ കാര്യം എടുത്തു കാണിച്ചു. അതിനുശേഷം അതിനെ വിശദീകരിച്ചുകൊണ്ട് ആദമിന്റെ ഉദാഹരണത്തിലൂടെ ആ പരമ്പര അവിടെ അവസാനിച്ചുപോയില്ലെന്നും മറിച്ച്, നബിമാരുടെ ഒരു ദീർഘപരമ്പര ഇസ്മായിൽ ഗോത്രത്തിൽ ഉണ്ടായെന്നും, അവർക്ക് എത്രത്തോളം അനുഗ്രഹങ്ങൾ അല്ലാഹു നല്കിയിട്ടുണ്ടെന്ന് അവരോട് ചോദിച്ചുനോക്കുക എന്നും നിർദ്ദേശിച്ചു. ഒരുകാലത്ത് അവർ തന്റെ ഭാഷണങ്ങൾക്ക് അർഹരായിരിക്കുകയില്ലെന്നും അറിയിച്ചു. അവർ അക്രമികളായി കഴിഞ്ഞാൽ അവർക്ക് തന്റെ ഭാഷണം കേൾക്കാൻ അർഹതയില്ലെന്നും അല്ലാഹു പറഞ്ഞു. അപ്പോൾ മറ്റേതെങ്കിലും കുടുംബവുമായി ബന്ധം സ്ഥാപിക്കുന്നതായിരിക്കും എന്നും അല്ലാഹു മുൻകൂട്ടി അറിയിച്ചു. അത് ബനൂഇസ്മായീൽ ഗോത്രമല്ലാതെ മറ്റാരും ആയിരിക്കുകയില്ല. കാരണം രണ്ട് മക്കളോടും നല്ല രീതിയിൽ പെരുമാറുമെന്ന് അല്ലാഹു ഇബ്റാഹിം(അ) നോട് വാഗ്ദാനം ചെയ്തിരുന്നു. ഒരാളോട് ഒരു വാഗ്ദാനം പൂർത്തിയാക്കിയെങ്കിൽ മറ്റെയാളോടും പൂർത്തിയാക്കേണ്ടത് നിർബന്ധമാണ്. ഇബ്റാഹീം(അ) കഅ്ബ പുനർനിർമ്മാണാവസരത്തിൽ ചെയ്ത ദുആ ഇപ്പോൾ പുല

രാൻ തുടങ്ങിയിരിക്കുന്നുവെന്നും അല്ലാഹു പറഞ്ഞു.

ആവർത്തിച്ചാവർത്തിച്ച് ***യാ ബനീ ഇസ്റായീലദ്കുറൂ നിഅ്മത്തിയല്ലത്തീ അൻഅംതു അലയ്ക്കും*** എന്നു പറഞ്ഞു കൊണ്ട്, ബനുഇസ്റായിലിന് പരാതിപ്പെടാൻ അവകാശമൊന്നുമില്ലെന്നും അവരോട് ചെയ്ത വാഗ്ദാനം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നുവെന്നും അല്ലാഹു അറിയിച്ചു. ആ വാഗ്ദാനം പൂർത്തിയാക്കിയ ദൈവത്തിന് ബനുഇസ്മാഈലിനോടു ചെയ്ത വാഗ്ദാനവും പൂർത്തിയാക്കേണ്ടത് നിർബന്ധമായിരുന്നു. ദൈവികാനുഗ്രഹങ്ങളെ നിഷേധിക്കുകയും പലവിധ തിന്മകളിൽ അകപ്പെട്ടുകൊണ്ട് അനുഗ്രഹത്തിന്നർഹരല്ലെന്ന് സ്വപ്രവർത്തിയിലൂടെ പറഞ്ഞിട്ടും നിങ്ങളിൽ നബിമാർ വന്നുവെന്നും നിങ്ങൾ രാജാക്കന്മാരായിയെന്നും പറഞ്ഞുകൊണ്ട് അല്ലാഹു ബനുഇസ്റായീല്യരിലും ന്യായപൂർത്തിവരുത്തിക്കൊണ്ട് ഇനി അതേ അനുഗ്രഹം ബനുഇസ്മാഈല്യരിലായിരിക്കും ഉണ്ടാകുക എന്ന് പ്രഖ്യാപിച്ചു.

ഇതിനുശേഷം ഒരു ചോദ്യമുണ്ടാകാം. ഇത് പ്രാർത്ഥന എന്നതു ശരിതന്നെ, പക്ഷേ, ഈ വ്യക്തി അതേ വാഗ്ദത്ത നബിയാണെന്ന് ഞങ്ങൾ എങ്ങനെ വിശ്വസിക്കും? എന്നതാണത്. അതിന് തെളിവുണ്ടാകേണ്ടതാണ്. ഇതിനു മറുപടിയെന്നോണം പറഞ്ഞു: ഈ വ്യക്തി വാഗ്ദത്ത വ്യക്തിയാണെന്നുള്ളതിന് തെളിവ്, ആ പ്രാർത്ഥനയിൽ പറയപ്പെട്ടിരിക്കുന്ന കാര്യങ്ങളെല്ലാം അദ്ദേഹത്തിലുണ്ടെന്നുള്ളതാണ്. കാരണം അല്ലാഹു ആ വാഗ്ദാനങ്ങളെല്ലാം പൂർത്തിയാക്കിയിരിക്കുന്നു. അതുകൊണ്ട് ആ വ്യക്തി ഇതുതന്നെയാണ്. എന്തായാലും, വിശുദ്ധ ഖുർആൻ ആവശ്യമായ ഈ നാല് കാര്യങ്ങളേയും പൂർത്തീകരിക്കുന്നു. എന്നു മാത്രമല്ല ആക്ഷേപകരിൽ ന്യായപൂർത്തി വരുത്തുന്നതിനായി ഈ അധ്യായത്തിൽ സംക്ഷിപ്തമായിട്ട് എല്ലാ കാര്യങ്ങളും പറയുകയും ചെയ്തിരിക്കുന്നു. അതായത് ***യത്‌ലൂ അലയ്ഹിം ആയാത്തിക്ക*** എന്നതിന് തെളിവായി ***ഇന്ന ഫീ ഖൽഖിസ്സമാവാത്തി വൽ അർള്***.... എന്ന വചനം എടുത്തുദ്ധരിച്ചു. അതിന്റെ അവസാനം പറഞ്ഞു ***ല ആയാത്തിൽല്ലിഖൗ***

***മിൻ യ്യഅ്ലമൂൻ.*** ഇതിൽ അറിവുള്ളവർക്ക് മതിയാവോളം തെളിവുകളുണ്ട്. ഇതിൽനിന്ന്, അല്ലാഹു, മലക്കുകൾ, ദൈവവചനം നുബുവ്വത്ത് തുടങ്ങിയവയ്ക്കുള്ള തെളിവുകൾ ലഭിക്കുന്നുണ്ട്. ഇവിടെ വചനങ്ങൾ പാരായണം ചെയ്യേണ്ടതിന്റെ മാതൃകയാണ് പറഞ്ഞുതന്നിരിക്കുന്നത്. ഇതിനുശേഷം ***യുഅല്ലിമുഹുമുൽ കിതാബ*** എന്നുപറഞ്ഞു. അതിനുവേണ്ടി ഇസ്ലാമിക ധർമ്മശാസ്ത്രത്തിന്റെ വലിയ വലിയ കല്പനകൾ ചുരുങ്ങിയ നിലയിൽ വിവരിച്ചു. അവയിൽ ആവർത്തിച്ചാവർത്തിച്ച് ***കുതിബ അലയ്ക്കും കുതിബ അലയ്ക്കും*** എന്നു പറഞ്ഞു. ഇതിലൂടെ എങ്ങനെയുള്ള അന്യൂനമായ ശരീഅത്താണ് ആ മഹാത്മാവിൽ ഇറങ്ങിയിട്ടുള്ളതെന്ന് നോക്കാനാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ആ മഹാത്മാവ് ***യത്ലൂ അലയ്ഹിം ആയാത്തിക്ക*** എന്നതിന്റെയും ***യുഅല്ലിമുഹുമുൽ കിതാബ*** എന്നതിന്റെയും പ്രതീകമാണ്.

മൂന്നാമത്തെ പ്രവൃത്തി പറഞ്ഞത് ജനങ്ങൾക്ക് ഹിക്മത്ത് അഥവാ തത്ത്വശാസ്ത്രം പഠിപ്പിക്കുക എന്നതാണ്. അതുകൊണ്ടാണ് ശരീഅത്തിന്റെ വലിയ വലിയ കല്പനകൾ വിവരിച്ചതിനുശേഷം സാമൂഹിക പുരോഗതിയുടെ രഹസ്യവും ശരീഅത്ത് ഗ്രന്ഥങ്ങളുടെ ഉദ്ദേശ്യങ്ങളും പറഞ്ഞത്. ഹദ്റത്ത് ഇബ്റാഹീമിന്റെയം ത്വാലൂത്തിന്റെയും സംഭവങ്ങൾ വിവരിച്ചുകൊണ്ട് എങ്ങനെയാണ് ജനങ്ങൾ പുരോഗതി കൈവരിക്കുന്നതെന്നും, മൃതരായ ജനങ്ങൾ ജീവിക്കുന്നതെന്നും വ്യക്തമാക്കി. അതുകൊണ്ട് നിങ്ങളും ഈ വഴികൾ സ്വീകരിക്കേണ്ടതാണ്. ഈ ഭാഗത്ത് ***വമൻ യുഅതൽഹിക്മത്ത ഫഖദ് ഊത്തിയ ഖയ്റൻ കഥീറാ*** എന്നു പറഞ്ഞുകൊണ്ട് മൂന്നാമത്തെ വാഗ്ദാനവും പൂർത്തിയായെന്ന് പറഞ്ഞുതന്നിരിക്കുന്നു. ഈ ദൈവദൂതൻ ജ്ഞാനപരമായ കാര്യങ്ങൾ നിങ്ങൾക്ക് പഠിപ്പിച്ചുതന്നിരിക്കുകയാണ്. ഉദാഹരണത്തിന് ത്വാലൂത്തിന്റെ സംഭവം. നദിയിൽനിന്ന് വെള്ളം കുടിക്കരുതെന്ന് അദ്ദേഹം കല്പിച്ചു. കുടിച്ചവരെ തന്നിൽനിന്നകറ്റിക്കൊണ്ട് ശിക്ഷിച്ചു. ചെറിയ കല്പന പാലിക്കാത്തവൻ എങ്ങനെ വലിയ വലിയ

കല്പനകൾ പാലിക്കാനാണെന്ന് ചോദിച്ചു. യുദ്ധമുണ്ടാകുമ്പോൾ മേലധികാരിയെ അനുസരിക്കേണ്ടതെങ്ങനെയാണെന്നും ഇതിൽ പറഞ്ഞു. ഖലീഫമാരുടെമേൽ ആക്ഷേപങ്ങൾ ഉണ്ടാകുമെന്നും എന്നാൽ, അവസാനം അല്ലാഹു അവർക്ക് വിജയം നല്കുന്നുവെന്നും സ്പഷ്ടമാക്കി. ഈ കല്പനകൾക്കുശേഷം അവശേഷിക്കുന്നത് തദ്ക്കിയ്യത്ത് അഥവാ സംസ്കരണമാണ്. അതിന് ചെയ്തിരിക്കുന്ന ഏർപ്പാടാണ് ഈ അധ്യായത്തെ പ്രാർത്ഥനയിൽ അവസാനിപ്പിച്ചിരിക്കുന്നു എന്നത്. സംസ്കരണത്തിനുള്ള മാർഗ്ഗം പ്രാർത്ഥനയാണെന്ന് ഇതിൽ വ്യക്തമാക്കിയിരിക്കുകയാണ്. നബിയും ജമാഅത്തും ദുആ ചെയ്യുകയും ദുആ ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്യുക. നിങ്ങൾ ഈ അധ്യായം ഇനി പാരായണം ചെയ്തുനോക്കൂ. പ്രസ്തുത വചനത്തിൽ വന്നിട്ടുള്ള വാക്കുകളുടെ ക്രമമനുസരിച്ച് തന്നെയാണ് ഈ അധ്യായത്തിൽ ആയാത്തും കിതാബും ഹിക്മത്തും തദ്ക്കിയ്യത്തും വിവരിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ വചനം ഈ അധ്യായത്തിന്റെ താക്കോലാണ്. അത് അല്ലാഹു എന്റെ കൈയിൽ തന്നിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ തബ്ലീഗ് അഥവാ പ്രബോധനം ചെയ്യുക, സത്യനിഷേധികളെ സത്യവിശ്വാസിയാക്കുക, സത്യവിശ്വാസികളെ ധർമ്മശാസ്ത്രത്തിൽ നിലനിറുത്തുക, പിന്നീട് ഏറ്റവും നേർത്ത വഴികളെക്കുറിച്ച് പറഞ്ഞുകൊടുക്കുക, ആത്മാവിനെ ശുദ്ധീകരിക്കുക തുടങ്ങിയവയാണ് നബിയുടെ ജോലിയെന്ന് വിവരിച്ചിരിക്കുന്നു. ഇതേ ജോലിതന്നെയാണ് ഖലീഫയുടേയും. ഓർമ്മിച്ചുകൊള്ളുക അല്ലാഹുതആല ഇതേ ജോലിതന്നെയാണ് ഇപ്പോൾ എന്നെ ഏല്പിച്ചിരിക്കുന്നത്.

ദൈവാസ്തികൃത്തിനുള്ള തെളിവുകളും, മലക്കുകളെ സംബന്ധിച്ച തെളിവുകളും, നുബുവ്വത്തിന്റെ ആവശ്യകതയുടെയും മുഹമ്മദിയ്യ നുബുവ്വത്തിന്റെയും തെളിവുകളും, വിശുദ്ധഖുർആന്റെ സത്യതയ്ക്കുള്ള തെളിവുകളും, ഇൽഹാമിന്റെയും വഹ്‌യുടെയും ആവശ്യകതയ്ക്കുള്ള തെളിവുകളും, രക്ഷാശിക്ഷയുടെയും ദൈവവിധിയുടെയും തെളിവുകളും,

ഖിയാമത്തിനുള്ള തെളിവുകളും ദൈവികവചനം ഓതിക്കേൾപ്പിക്കുന്നതിൽപെടുന്നു. ഇത് നിസ്സാര ജോലിയല്ല. ഇക്കാലഘട്ടത്തിൽ ഇതിന് വളരെ വലിയ ആവശ്യമുണ്ട്. ഇത് വളരെ വലിയ കാര്യമാണ്.

പിന്നീട് ***യുഅല്ലിമുഹുമുൽ കിതാബ*** (ഗ്രന്ഥം പഠിപ്പിക്കുക എന്നത്) രണ്ടാമത്തെ ജോലിയാണ്. വിധി വിലക്കുകളെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊടുക്കുകയും കല്പനകളും ദൈവികനിർദ്ദേശങ്ങളും പ്രാവർത്തികമാക്കാൻ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുക. അലസതയുണ്ടാകുന്നിടത്ത് അത കറ്റാനുള്ള നടപടി സ്വീകരിക്കുക. ഈ പ്രവൃത്തി കുറച്ചു ക്ലാർക്കുമാർ മുഖേന ചെയ്യാൻ കഴിയുന്നതാണോ എന്ന് ഇനി നിങ്ങൾ ചിന്തിച്ചുനോക്കുക. ചന്ദകൾ സൂക്ഷിക്കുകയും, മുഹാസിബിൽ പോയാൽ ചന്ദ വരുന്നുണ്ടോ എന്ന് നോക്കുകയും കുറച്ചാളുകൾച്ചേർന്ന് അത് ചെലവഴിക്കുകയും ചെയ്യുക എന്ന ജോലി മാത്രമാണോ ഖലീഫയ്ക്കുള്ളത്. അഞ്ചുമനുകൾ (സംഘടനകൾ) ലോകത്ത് ഒരുപാടുണ്ട്. വളരെ വലിയ സംഘടനകളുമുണ്ട്. ലക്ഷക്കണക്കിന് രൂപ വർഷത്തിൽ അവിടെ വരികയും അവർ ചെലവഴിക്കുകയും ചെയ്യുന്നു. എന്നാൽ, ആ സംഘടനകളെ ഖലീഫയെന്നു പറയാൻ പറ്റുമോ?

ഖലീഫയുടെ പ്രവൃത്തി നിസ്സാരമോ തരംതാണതോ അല്ല. ഇത് അല്ലാഹു അവനിഷ്ടപ്പെടുന്നയാൾക്ക് കൊടുക്കുന്ന അവന്റെ ഒരു പ്രത്യേക അനുഗ്രഹവും വിവേചകവുമാണ്. നിങ്ങൾതന്നെ ചിന്തിച്ചുനോക്കുക, ഞാൻ നിങ്ങളെ കേൾപ്പിച്ച അല്ലാഹു പറഞ്ഞ ഈ ജോലി ഏതെങ്കിലും സംഘടനയുടെ സെക്രട്ടറിയ്ക്ക് ചെയ്യുവാൻ കഴിയുന്നതാണോ? ഈ പ്രശ്നങ്ങളിൽ ഏതെങ്കിലും സെക്രട്ടറി പറയുന്നത് അംഗീകരിക്കാൻ പറ്റുമോ? അല്ലെങ്കിൽ അതനുസരിച്ച് ഇവിടെ എവിടെയെങ്കിലും പ്രവർത്തനം നടത്തിയിട്ടുണ്ടോ? മറ്റു സ്ഥലങ്ങൾ അവിടെ നില്ക്കട്ടെ, ഇവിടെതന്നെ അഞ്ചുമൻ മുഖേന ഈ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിൽ എനിക്ക് പറഞ്ഞുതരിക. ചന്ദകളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നുണ്ടെന്നതും അത് നടന്നുകൊണ്ടിരിക്കു

ന്നുവെന്നതും ശരിതന്നെ.

***യുഅല്ലിമുഹുമുൽ കിതാബ*** പ്രാവർത്തികമാക്കാൻ ഖലീഫ ഉണ്ടാകണമെന്നത് ഉറച്ച കാര്യമാണ്. കാരണം ഏതെങ്കിലും സംഘടനയുടെ സെക്രട്ടറി വിശുദ്ധനായിരിക്കണമെന്നുള്ള നിബന്ധന എവിടെയെങ്കിലുമുണ്ടോ? ഓഫീസ് ജോലികൾ നല്ലനിലയിൽ കൊണ്ടുപോകാൻ ആവശ്യമെങ്കിൽ ക്രിസ്ത്യാനിയേയും വയ്ക്കാം. അല്ലെങ്കിൽ ഹിന്ദുവിനേയും നിയമിക്കാം. അപ്പോൾ അവർക്കെങ്ങനെ ഖലീഫയാകാൻ കഴിയും?

ഗ്രന്ഥം പഠിപ്പിക്കേണ്ടത് ഖലീഫയ്ക്ക് നിർബന്ധമാണ്. അദ്ദേഹത്തിന്റെ നിർബന്ധ കാര്യങ്ങളിൽപ്പെട്ടതാണത്. സെക്രട്ടറിയുടെ നിർബന്ധകടമകളിൽ എവിടെയെങ്കിലും ഇത് പെട്ടിട്ടുണ്ടോയെന്ന് നിയമാവലി പരിശോധിച്ചുനോക്കുക. പിന്നീട് ഖലീഫയുടെ ജോലിയാണ്, ദൈവകല്പനയുടെ ഉദ്ദേശ്യങ്ങളും മറഞ്ഞിരിക്കുന്ന കാര്യങ്ങളും വിവരിച്ചുകൊടുക്കുക എന്നത്. അതറിയുമ്പോൾ, അതനുസരിച്ച് പ്രവർത്തിക്കാനുള്ള ഉത്സാഹവും താൽപര്യവും ജനങ്ങളിൽ ഉണ്ടാകുന്നു. നിങ്ങളുടെ അഞ്ചുമന്റെ സെക്രട്ടറിയുടെ ചുമതലകളിൽ ഇക്കാര്യം പെടുന്നുണ്ടോ എന്ന് എനിക്ക് പറഞ്ഞുതരിക. ദൈവകല്പനകളുടെ യാഥാർത്ഥ്യവും തത്ത്വശാസ്ത്രവും അഞ്ചുമൻ എത്ര പ്രാവശ്യം നിങ്ങളെ പഠിപ്പിച്ചു? ഇത്തരത്തിലുള്ള സെക്രട്ടറിയെ നിയമിക്കാൻ ആർക്കെങ്കിലും കഴിയുമോ? അല്ലെങ്കിൽ ഈ പ്രത്യേക ജോലി സംഘടനകൾക്ക് നിർവ്വഹിക്കാൻ പറ്റുമോ? ഒരിക്കലുമില്ല.

രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും ഖലീഫയുടെ കല്പനകൾ നടപ്പിൽ വരുത്താൻ പരിശ്രമിക്കുന്നതിനും വേണ്ടിയാണ് അഞ്ചുമനുകൾ അല്ലെങ്കിൽ കമ്മറ്റികൾ ഉള്ളത്.

ഖലീഫയുടെ പിന്നീടുള്ള ജോലി ***യുസക്കീഹിം*** എന്നതാണ്. ജനങ്ങളെ ശുദ്ധീകരിച്ചെടുക്കൽ. ഏതെങ്കിലും സെക്രട്ടറിക്ക് ഈ കടമ നിർവ്വഹിക്കാൻ കഴിയുമോ? ജനങ്ങളെ പരിശുദ്ധരാക്കുന്നതിനുവേണ്ടി താൻ കരഞ്ഞുകരഞ്ഞു ദുആ ചെയ്യു

ന്നുവെന്ന് സെക്രട്ടറി പറഞ്ഞതായോ അല്ലെങ്കിൽ അതിനു വേണ്ടി ഏതെങ്കിലും അഞ്ചുമൻ നിർദ്ദേശം പുറപ്പെടുവിച്ച തായോ നിങ്ങൾ കേട്ടിട്ടുണ്ടോ?

ഈ പ്രവൃത്തി സെക്രട്ടറിയുടേതല്ലെന്ന് ഞാൻ സത്യമായും സത്യമായും പറയുന്നു. താൻ അതിനുവേണ്ടി പ്രാർത്ഥിക്കുമെന്ന് ഒരു സെക്രട്ടറിയ്ക്കും പറയാനും പറ്റില്ല. അഞ്ചുമനെക്കൊണ്ട് ഈ ജോലി ചെയ്യാൻ സാധിക്കുമെന്ന് പറയുന്നവർ കള്ളം പറ യുന്നവരാണ്. ഒരു സെക്രട്ടറിയ്ക്കും ഈ പ്രവൃത്തി ചെയ്യാൻ പറ്റില്ലെന്ന് അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് ഞാൻ പറ യുന്നു. അഥവാ അഞ്ചുമന് ഈ പ്രവൃത്തി ചെയ്യാൻ കഴിയുമാ യിരുന്നെങ്കിൽ അല്ലാഹു നബിമാരേയും റസൂൽമാരേയും അയ ക്കുമായിരുന്നില്ല. തൽസ്ഥാനത്ത് കമ്മറ്റികൾ രൂപീകരിക്കുമാ യിരുന്നു. എന്നാൽ, അല്ലാഹു തങ്ങളെ നിയോഗിച്ചിരിക്കുന്നു വെന്ന് വാദിച്ചിട്ടുള്ള ഏതെങ്കിലും കമ്മിറ്റിയെക്കുറിച്ച് ഒന്നു പറ ഞ്ഞുതരിക.

ഈ ജോലി ചെയ്യാൻ പറ്റിയ ഒരു കമ്മറ്റിയും ലോകത്തില്ല. കമ്മറ്റി അംഗങ്ങൾ സംഘടിച്ചുകൊണ്ട് ചില കാര്യങ്ങളിൽ തീരു മാനമെടുക്കുന്നു. എന്നാൽ, ഏതെങ്കിലും കമ്മറ്റിയിൽ ഈ ഖുർ ആനിക വചനത്തെക്കുറിച്ച് ആലോചന ഉണ്ടായിട്ടുണ്ടോ? അല്ലാഹു ആരെയെങ്കിലും എന്തെങ്കിലും പ്രവൃത്തി ഏല്പിച്ചാൽ അയാളോട്, ഇത് നിന്റെ പ്രവൃത്തിയാണെന്ന് പറയുന്നു. ആ ജോലി നബിമാരുടെയും ഖലീഫമാരുടെയുമാണ്. പണം ശേഖ രിക്കുക എന്നത് താഴ്ന്നപടിയിലുള്ള ജോലിയാണ്. ഖലീഫമാ രുടെ പ്രവൃത്തി മനുഷ്യർക്ക് ശിക്ഷണം നല്കുക എന്നതാണ്. ആത്മീയജ്ഞാനത്തോടും ദൃഢവിശ്വാസത്തോടുമൊപ്പം അവരെ ശുദ്ധീകരിക്കലാണ്. ആര്യന്മാരുടെയും ക്രിസ്ത്യാനി കളുടെയും കമ്മറ്റികളും എന്നല്ല നിരീശ്വരവാദികളുടെ കമ്മറ്റി കളും പണം ശേഖരിക്കുന്നുണ്ട്. ഇനി ഏതെങ്കിലും നബിയു ടെയോ ഖലീഫയുടെയോ പ്രവൃത്തിയും ഇതുതന്നെയാണെ ങ്കിൽ നഊദുബില്ലാഹ് ആ നബിയേയും ഖലീഫയേയും കഠിന മായി നിന്ദിക്കലും അവരെ അപമാനിക്കലുമായിരിക്കുമത്.

അവരെ ഏല്പിച്ചിട്ടുള്ള ഉദ്ദേശ്യങ്ങളുടേയും ലക്ഷ്യങ്ങളുടേയും പൂർത്തീകരണത്തിന് പണത്തിന്റെ ആവശ്യമുണ്ടെന്നത് സത്യമാണ്. അല്ലാഹുവിനുവേണ്ടി തങ്ങളെ സഹായിക്കാൻ ആരുണ്ടെന്ന് അവരും ചോദിക്കുന്നു. എന്നാൽ, ഇതുകൊണ്ടുള്ള ഉദ്ദേശ്യം പണം സ്വരൂപിക്കലല്ല. മറിച്ച്, അപ്പോഴും അവരുടെ ഉദ്ദേശ്യം മനുഷ്യരുടെ ശുദ്ധീകരണമായിരിക്കും. ആ ഉദ്ദേശ്യത്തിനായി വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യാൻ അവരുടെ പ്രാതിനിധ്യം വഹിക്കുന്ന ഒരു കമ്മറ്റി അല്ലെങ്കിൽ ശൂറ ഉണ്ടായിരിക്കുന്നതാണ്. ഞാൻ വീണ്ടും പറയുന്നു, ഖലീഫയുടെ ജോലി പണം സ്വരൂപിക്കലല്ല. അദ്ദേഹത്തിന്റെ ഉദ്ദേശ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും പ്രവർത്തനമണ്ഡലവും ഏതെങ്കിലും മദ്റസ തുടങ്ങുക എന്നതിൽ മാത്രം പരിമിതവുമല്ല. ഇതൊക്കെ മറ്റു ജനതകൾക്കും ചെയ്യാൻ കഴിയുന്നതാണ്.

ഖലീഫയുടെ ഇത്തരം പ്രവർത്തനങ്ങളിലും മറ്റു ജനതയുടെ ഇത്തരം പ്രവർത്തനങ്ങളിലും വ്യത്യാസമുണ്ട്. ഖലീഫ ഇക്കാര്യങ്ങളെ പ്രാരംഭമെന്ന നിലയിലും കാര്യഹേതുക്കൾ എന്ന നിലയിലും സ്വീകരിക്കുകയോ സ്വീകരിക്കാൻ നിർദ്ദേശിക്കുകയോ ചെയ്യുമ്പോൾ മറ്റു ജനതകൾ അതിനെ ഒരു യഥാർത്ഥ ഉദ്ദേശ്യമെന്ന നിലയിലും ലക്ഷ്യമെന്നനിലയിലുമാണ് സ്വീകരിക്കുന്നത്.

പൊതുവെ മറ്റുള്ളവർ മദ്റസ തുടങ്ങുന്നതിന്റെ ഉദ്ദേശ്യത്തിലായിരുന്നില്ല ഹദ്റത്ത് സാഹിബ് മദ്റസ തുടങ്ങിയത്. അതുകൊണ്ട് ഒരു കമ്മറ്റി മുഖേനയും ഖലീഫയുടെ പ്രവൃത്തി നിർവഹിക്കപ്പെടുകയില്ലെന്നത് ഓർത്തുകൊള്ളുക.

### *ഈ ദേശീയ സമ്മേളനത്തിന്റെ ഉദ്ദേശ്യം*

അല്ലാഹു എന്നെ ചുമതലപ്പെടുത്തിയിരിക്കുന്ന ഈ ജോലി എങ്ങനെ ചെയ്യണമെന്ന് ഞാൻ നിങ്ങളുമായി കൂടിയാലോചിക്കണമെന്ന് അവൻ എന്റെ മനസ്സിൽ തോന്നിപ്പിച്ചതുകൊണ്ടാണ് ഇപ്പോൾ നിങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്നത്. എനിക്കറിയാം, അറിയാമെന്ന് മാത്രമല്ല മറിച്ച്, അത് നടപ്പിൽ വരുത്താൻ അവൻ

തന്നെ എന്നെ സന്മാർഗ്ഗത്തിലേക്ക് നയിക്കുമെന്ന് എനിക്ക് ദൃഢ വിശ്വാസവുമുണ്ട്. പക്ഷേ, അവൻതന്നെയാണ് കൂടിയാലോചിക്കാനും കല്പിച്ചിരിക്കുന്നത്. ഈ പ്രവൃത്തി അവൻതന്നെയാണ് പറഞ്ഞിട്ടുള്ളതും. ഞാൻ ഓതിക്കേൾപ്പിച്ച വചനം അവൻതന്നെയാണ് എന്റെ മനസ്സിലിട്ടത്. മിനിയാന്ന് മഗ്‌രിബിന്റെയും അസ്വ്റിന്റെയും നമസ്കാരനേരത്ത് പെട്ടെന്നാണ് അതെന്റെ മനസ്സിലിട്ടത്. നിങ്ങളെ വിളിച്ചുവരുത്തിയിരിക്കുകയാണ്, നിങ്ങളോട് ഇനിയെന്ത് പറയുമെന്ന ചിന്തയിലായിരുന്നു ഞാൻ. അതിന് മറുപടിയെന്നോണം ഈ വചനം അവൻ എന്റെ മനസ്സിലിട്ടു തന്നു.

ഈ നാല് പ്രവൃത്തികൾ നബിമാരുടെയും, അവരുടെ ഖലീഫമാരുടേതുമാണ്. അത് നടപ്പിൽ വരുത്താൻ എനിക്ക് നിങ്ങളുമായി കൂടിയാലോചിക്കേണ്ടതുണ്ട്. ഞാനിപ്പോൾ ആ പ്രവർത്തനങ്ങളെ വീണ്ടും വികസിപ്പിക്കുകയാണ്.

### *നാലല്ല, എട്ടുണ്ട്*

ഞാൻ ഈ ഖുർആനിക വചനത്തിന് മറ്റൊരു വിശദീകരണം നല്കുകയാണ്. ഈ വചനത്തിൽ ചിന്തിച്ചപ്പോൾ ഈ നാലുകാര്യങ്ങളിൽ മറ്റർത്ഥങ്ങളും മറഞ്ഞിരിപ്പുണ്ടെന്നാണ് മനസ്സിലായത്. ഇപ്രകാരം ഈ നാല്, എട്ടായിത്തീരുന്നു.

1. ***യത്‌ലൂ അലയ്ഹിം ആയാത്തിഹി***. ഇതിന്റെ ഒരർത്ഥം അവിശ്വാസികളെ വിശ്വാസികളാക്കുക എന്നതാണ്. അതായത്, തബ്‌ലീഗ് ചെയ്യുക. രണ്ടാമത്തേത് വിശ്വാസികളെ വചനങ്ങൾ കേൾപ്പിക്കുക. ഈ രീതിയിൽ ഈമാന്റെ പുരോഗതി അല്ലെങ്കിൽ ഈമാന്റെ പരിഷ്കരണങ്ങളും നടത്തേണ്ടതായിവരും. ഇങ്ങനെ ഇത് രണ്ടായി.

2. ***യുഅല്ലിമുഹുമുൽകിതാബ***. വിശുദ്ധഖുർആൻ എന്ന ഗ്രന്ഥം നിലവിലുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തിയിൽ വിശുദ്ധഖുർആൻ ഓതുക ഓതിപ്പിക്കുക- വിശുദ്ധഖുർആൻ മനസ്സിലാക്കിക്കൊടുക്കുക തുടങ്ങിയവ ഉൾപ്പെടും. ഗ്രന്ഥം നിലവിലുണ്ട്. അതിനാൽ വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന മദ്റ

സകൾ ഉണ്ടാകണം. പിന്നീട് അത് മനസ്സിലാക്കിക്കൊടുക്കാൻ തർജമ പഠിപ്പിക്കുന്ന മദ്റസകൾ ഉണ്ടാകണം. അതിനു വിധേയമായി വരുന്ന ജ്ഞാനങ്ങളും പഠിപ്പിക്കണം. അങ്ങനെവരുമ്പോൾ മദ്റസകൾ തുടങ്ങുകയും അവയുടെ ലക്ഷ്യപ്രാപ്തിക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടത് അദ്ദേഹത്തിന്റെ ജോലിയായിരിക്കും. ഈ പദത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ ജോലി വിശുദ്ധഖുർആൻ അനുസരിച്ച് കർമ്മം ചെയ്യിക്കലാണ്. കാരണം രണ്ടുതരം അധ്യാപനങ്ങൾ ഉണ്ട്. ഒന്ന് ഏതെങ്കിലും ഗ്രന്ഥം പഠിപ്പിക്കുക, രണ്ടാമത്തേത് അതനുസരിച്ച് കർമ്മം ചെയ്യിക്കുക.

3. ***വൽഹിക്മത്ത***. യുക്തിഭദ്രമായ അധ്യാപനം നടപ്പിലാകാൻ പദ്ധതികളും ഉപായങ്ങളും വേണ്ടിവരും. കാരണം ഈ നിർബന്ധകടമയ്ക്കു കീഴിൽ ശരീഅത്ത് കല്പനകളുടെ മറഞ്ഞിരിക്കുന്ന കാര്യങ്ങൾ പറഞ്ഞുകൊടുക്കേണ്ടത് അത്യാവശ്യമാണ്.

4. ***യുസക്കീഹിം***. യുസക്കീഹീമിന്റെ അർത്ഥങ്ങളിൽ ചിന്തിച്ചപ്പോൾ ഞാൻ പറഞ്ഞുകഴിഞ്ഞ, പ്രാർത്ഥനകളിലൂടെ ശുദ്ധീകരണം നടത്തുക എന്ന കാര്യം തന്നെയാണ് അതിലുള്ളതെന്ന് കണ്ടു. ഇബ്നുഅബ്ബാസ്(റ) ഇതിന് അർത്ഥം പറഞ്ഞത് അല്ലാഹുവിനെ അനുസരിക്കുകയും ആത്മാർത്ഥത ഉണ്ടാകുകയും ചെയ്യുക എന്നാണ്. മറ്റൊരർത്ഥം പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ പരിശ്രമിക്കുക എന്നാണ്. അതുകൊണ്ട് ജമാഅത്തിന് പാപങ്ങളിൽനിന്ന് രക്ഷപ്പെടേണ്ടത് അനിവാര്യമായിവരുന്നു. അവർ പാപങ്ങളിൽ അകപ്പെടാൻ പാടില്ല. രണ്ടാമത്തെ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ, പാപങ്ങളിൽനിന്ന് രക്ഷപ്പെടുത്തിയാൽ മാത്രം പോരാ അവരിൽ നന്മ ഉണ്ടാക്കുകയും വേണം. അതിനെ മറ്റു വാക്കുകളിൽ ഇങ്ങനെ പറയാം, ജമാഅത്തിന്റെ പാപം അകറ്റുംവിധമുള്ള ഉപായങ്ങൾ സ്വീകരിക്കുക എന്നത് ഒന്ന്. രണ്ടാമത്തേത് അവരെ മനോഹരമാക്കി പ്രദർശിപ്പിക്കുക. ഉന്നതമായ നിലകളിലേക്ക് കൊണ്ടുപോകുകയും അവരുടെ പ്രവൃത്തികളിൽ ആത്മാർത്ഥതയും അനുസരണവും സൃഷ്ടിക്കുകയും

ചെയ്യുക. മൂന്നാമതൊരു അർത്ഥവും യുസക്കീഹിം എന്നതിനുണ്ട്. അവരെ വളർത്തുക എന്നതാണത്. ഈ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ മതപരവും ഭൗതികവുമായ കാര്യങ്ങളിൽ അഭിവൃദ്ധി നല്കേണ്ടത് ആവശ്യമായിവരുന്നു. ഈ അഭിവൃദ്ധി എല്ലാ വശത്തൂടെയും വേണ്ടതാണ്. ഭൗതിക വിദ്യാഭ്യാസത്തിൽ പിന്നിലാണെങ്കിൽ മുന്നിൽക്കൊണ്ടുവരണം. എണ്ണത്തിൽ കുറവാണെങ്കിൽ അത് വർദ്ധിപ്പിക്കണം. സാമ്പത്തികാവസ്ഥ ദുർബലമാണെങ്കിൽ ശക്തിപ്പെടുത്തണം. ഏതുരീതിയിലുള്ള കുറവുകളാണെങ്കിലും അതെല്ലാം നികത്തി മുന്നോട്ടു കൊണ്ടുപോകണം. ഈ അർത്ഥങ്ങളുടെ അടിസ്ഥാനത്തിൽ ജമാഅത്തിന്റെ എല്ലാവിധ പുരോഗമനപരമായ പ്രവൃത്തികളും നബിയുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള ഖലീഫയുടെയും നിർബന്ധ കടമയായി. മാലിന്യങ്ങളിൽനിന്ന് പരിശുദ്ധമാക്കുകയും പുരോഗതി ഉണ്ടാക്കുകയും അദ്ദേഹത്തിന്റെ ജോലിയാകുമ്പോൾ, അതിൽ ദരിദ്രരെ സംരക്ഷിക്കലും വരുന്നു. കാരണം അവരും ഒരു ഭൗതികമായ അഴുക്കിൽപെട്ട് ചേറ് പുരണ്ടിരിക്കുകയാണ്. അവരെ പരിശുദ്ധരാക്കുക അദ്ദേഹത്തിന്റെ നിർബന്ധകടമയാണ്. ഈ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനുവേണ്ടി, അല്ലാഹുതആല സക്കാത്ത് വകുപ്പ് നിശ്ചയിച്ചിരിക്കുന്നു. കാരണം ജമാഅത്തിലെ ദരിദ്രർക്കും അശരണർക്കുമുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതും ഖലീഫയുടെ പ്രവൃത്തിയാണ്. അതിന് പണം ആവശ്യമുണ്ട്. അതിനാൽ, അല്ലാഹുതന്നെ അതിനുള്ള ഏർപ്പാടും ചെയ്തിരിക്കുന്നു. സമ്പന്നർക്ക് സക്കാത്ത് നിർബന്ധമാക്കി നിശ്ചയിക്കുകയും ചെയ്തു.

ഓർമ്മിച്ചുകൊള്ളുക, പരിശുദ്ധരാക്കുക എന്നത് ***യുസക്കീഹിം*** എന്നതിന്റെ അർത്ഥമാണ്. വിശ്വാസികളിൽ ആത്മാർത്ഥത ഉണ്ടാക്കുകയും എല്ലാ രീതിയിലും അത് വർദ്ധിപ്പിക്കുകയും ചെയ്യുക. നാലാമത്തേത് ദാനധർമ്മങ്ങൾക്കുള്ള ഏർപ്പാടുകൾ ചെയ്ത് സംസ്കരിച്ചെടുക്കുക എന്നതാണ്. ഇതിനെ സംബന്ധിച്ച് അഞ്ചുമൻ (കമ്മറ്റി) അംഗങ്ങൾക്കും സംസാരിക്കാവുന്നതാണ്. കാരണം ഇക്കാര്യം നടപ്പിൽവരു

ത്താൻ അഞ്ചുമൻ (കമ്മറ്റി) വേണം. എങ്കിലും ഇത് അഞ്ചുമന്റെ പ്രവൃത്തിയല്ല മറിച്ച്, ഖലീഫയുടെ പ്രവൃത്തിതന്നെയാണ്. ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം ഖിലാഫത്തിന്റെ കീഴിൽ വരുന്നതാണെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായിട്ടുണ്ടാകും. ഇത് വെറും ധാരണ എന്ന നിലയിലുള്ളതല്ല. അനാവശ്യവുമല്ല. മറിച്ച്, നിഘണ്ടു ഗ്രന്ഥങ്ങളും സ്വഹാബാക്കളുടെ അഭിപ്രായങ്ങളും അതിനെ പിന്തുണയ്ക്കുന്നു. അല്ലാഹു എന്തൊരു ജോലിയാണോ ഖലീഫയുടേതായി പറഞ്ഞിട്ടുള്ളത് അത് അദ്ദേഹം നിങ്ങളോട് പറഞ്ഞു. അതിന്റെ യാഥാർത്ഥ്യം അറബി നിഘണ്ടു ഗ്രന്ഥങ്ങളുടെയും സ്വഹാബാക്കളുടെയും ഐകകണ്ഠ്യേനയുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചു. എന്റെ ജോലി ഇത്രമാത്രമേയുള്ളൂ. അല്ലാഹു മൊത്തമായും വേർതിരിച്ചും എനിക്കത് പറഞ്ഞുതന്നു. തന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം അവൻ ബഖറ അധ്യായത്തിന്റെ താക്കോൽ എനിക്ക് നല്കി. മൂന്നുവർഷം മുമ്പേ, അല്ലാഹു ഈ വചനം മിന്നൽ പോലെ എന്റെ മനസ്സിൽ എന്തിനിട്ടുവെന്നതിന്റെ യാഥാർത്ഥ്യവും ഇന്നെനിക്ക് മനസ്സിലായി. ഇതിനുമുമ്പേ ഈ രഹസ്യം അറിയാൻ എനിക്ക് കഴിയുമായിരുന്നില്ല. ഇതൊരു വസ്തുതയാണ്. അതായത്, ദൈവികോദ്ദേശ്യപ്രകാരം ഇത് എന്റെതന്നെ നിർബന്ധ കടമയും ജോലിയുമായിരുന്നു. ഖലീഫയുടെ ജോലി എന്താണെന്ന് വ്യക്തമായിക്കഴിഞ്ഞപ്പോൾ- അല്ലെങ്കിൽ അതിനെ മറ്റു വാക്കുകളിൽ എന്റെ നിർബന്ധകടമകൾ എന്തൊക്കെയാണെന്ന് പറയാവുന്നതാണ്- ഒരു ചോദ്യം ഉദിക്കുന്നത് അതെങ്ങനെ ചെയ്യാൻ കഴിയും എന്നതാണ്. അതിനെക്കുറിച്ചാണ് എനിക്ക് നിങ്ങളോട് കൂടിയാലോചിക്കാനുള്ളത്.

### *ഖിലാഫത്തിന്റെ ഉദ്ദേശ്യപൂർത്തീകരണത്തിന് എന്തു ചെയ്യണം?*

ഖിലാഫത്തിന്റെ പ്രഥമ ദൗത്യം തബ്ലീഗ് അഥവാ പ്രബോധനമാണെന്ന് മനസ്സിലായിക്കഴിഞ്ഞു. അതുകൊണ്ട് തബ്ലീഗ് ഏതെല്ലാം രീതിയിൽ ചെയ്യണമെന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. എന്നാൽ, ഞാൻ മറ്റൊരു കാര്യം കൂടി നിങ്ങളോടു പറ

യാനാഗ്രഹിക്കുന്നു, ഈ കാര്യവും എന്റെ മനസ്സിൽ ഇടപ്പെട്ട താണ്. അതായത്, ഖിലാഫത്തിന്റെ ഈ നാല് ഉദ്ദേശ്യങ്ങളും ഹദ്റത്ത് ഖലീഫത്തുൽ മസീഹ ഔവ്വലിന്റെ(റ) വസിയ്യത്തിലും വിവരിക്കപ്പെട്ടിരിക്കുന്നു.

### *ഖലീഫത്തുൽ മസീഹിന്റെ വസിയ്യത്ത്, അതിന്റെ വ്യാഖ്യാനമാണ്*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തന്റെ വസിയ്യത്തിൽ തന്റെ പ്രതിനിധിയെ സംബന്ധിച്ച് പറഞ്ഞു- മുത്തഖിയായിരിക്കണം. സർവ്വപ്രിയനായിരിക്കണം. വിശുദ്ധഖുർആന്റെയും ഹദീഥുകളുടെയും ദർസ് തുടരണം- പഠിച്ചതനുസരിച്ച് പ്രവർത്തിക്കുന്ന പണ്ഡിതനായിരിക്കണം. ഖുർആന്റെയും ഹദീഥിന്റെയും ദർസ് തുടർന്നുകൊണ്ടുപോകണമെന്നതിലുള്ളത് ***യുഅല്ലിമുഹുമുൽകിതാബ വൽഹിക്മത്ത*** എന്ന കല്പനയിലേക്കുള്ള സൂചനയാണ്. കാരണം അൽകിതാബ എന്നതിന്റെ വിവക്ഷിതം വിശുദ്ധഖുർആനാണ്. ***അൽഹിക്മത്ത*** എന്നതിന് ചില ഇമാമുമാർ ഹദീഥ് എന്നും അർത്ഥം പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ***യുഅല്ലിമുഹുമുൽകിതാബ വൽഹിക്മത്ത*** എന്നതിന്റെ അർത്ഥം ഖുർആനും ഹദീഥും പഠിപ്പിക്കുക എന്നായി.

***യത്‌ലൂ അലയ്ഹിം ആയാത്തിക്ക*** എന്നത് ആലിമിന്റെ തർജമയാണ്. കാരണം തബ്‌ലീഗിന് അറിവ് അത്യാവശ്യമാണ്. മുത്തഖിയും പഠിച്ചതനുസരിച്ച് പ്രവർത്തിക്കുന്നവനും സർവ്വപ്രിയനുമായിരിക്കേണ്ടത് ***യുസക്കീഹിം*** എന്നതിന് അത്യാവശ്യമാണ്. കാരണം മുത്തഖിയ്ക്കു മാത്രമെ ശുദ്ധീകരണം നടത്താൻ സാധിക്കുകയുള്ളൂ. സ്വയം പ്രവർത്തിക്കാത്തവൻ പറഞ്ഞാൽ ആളുകൾ പ്രവർത്തിക്കുകയില്ല. മുകളിൽ പറഞ്ഞപ്രകാരം ജനതയെ ശുദ്ധീകരിക്കുന്നവൻ തീർച്ചയായും സർവപ്രിയനുമായിരിക്കും. നോക്കുക, വസിയ്യത്തിൽ വിട്ടുവീഴ്ചയോടെ പ്രവർത്തിക്കുക എന്ന മറ്റൊരു കാര്യം കൂടി പറഞ്ഞിട്ടുണ്ട്. അതും ***ഇന്നക്കഅൻതൽ അസീസുൽഹക്കീം*** എന്ന ആയത്തിൽ പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ പറയുന്നത്. അൽഅസീസായ അല്ലാഹു അദ്ദേഹത്തെയും മാന്യനാക്കുകയും അദ്ദേഹ

ത്തിന് വിജയം നല്കുകയും ചെയ്യും. അതിന്റെ ഫലം വിട്ടുവീഴ്ചതന്നെയായിരിക്കും. കാരണം ഇതൊരു അധികാരശക്തിയെ ആഗ്രഹിക്കുന്നുണ്ട്. അധികാരശക്തി ലഭിച്ചാൽ വിട്ടുവീഴ്ച ചെയ്യും. ഈ ദുആയിൽ അല്ലാഹുതആല ആ വിശേഷനാമം പറഞ്ഞതിന്റെ അർത്ഥം ഇതുതന്നെയാണ്. പിന്നീട് പറഞ്ഞത്, വിട്ടുവീഴ്ച നഊദുബില്ലാഹ് നിരർത്ഥകമായിരിക്കില്ല മറിച്ച്, അൽഹക്കീംന്റെ ഭാവനയ്ക്ക് വിധേയമായിട്ടായിരിക്കും എന്നാണ്. അതുകൊണ്ട് ഓർമ്മിച്ചുകൊള്ളുക, ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ (അല്ലാഹുവിന്റെ വലിയ വലിയ അനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെമേൽ ഉണ്ടാകട്ടെ) വസിയ്യത്തും ഇതേ ആയത്തിന്റെ വ്യാഖ്യാനമാണ്. വിശുദ്ധഖുർആനും നബി(സ) തിരുമേനിയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തന്നെയും ഖലീഫയുടെ പ്രവൃത്തി ആദ്യംതന്നെ പറഞ്ഞിരിക്കെ, പുതിയ നിബന്ധനയുണ്ടാക്കാൻ ആർക്കാണ് അവകാശം? സർക്കാരിന്റെ നിബന്ധനകൾക്കുശേഷം തന്റെ സ്വയം മെനഞ്ഞെടുത്ത കാര്യങ്ങൾ സമർപ്പിക്കാൻ ആർക്കും അവകാശമില്ല.

ഖലീഫയെ അല്ലാഹുവാണ് നിശ്ചയിക്കുന്നത്. അപ്പോൾ നിബന്ധനകൾ നിർദ്ദേശിക്കാൻ നിങ്ങൾക്ക് എന്ത് അധികാരമാണുള്ളത്. അല്ലാഹുവിനെ ഭയപ്പെടുക. അത്തരം കാര്യങ്ങളിൽനിന്ന് പശ്ചാത്തപിച്ചുമടങ്ങുക. മര്യാദയിൽ അകന്നിട്ടുള്ള കാര്യങ്ങളാണിത്. അല്ലാഹുതന്നെയാണ് ഖലീഫയുടെ ജോലി നിശ്ചയിച്ചിട്ടുള്ളത്. അതിൽ മാറ്റം വരുത്താനോ അതിന്നെതിരിൽ എന്തെങ്കിലും പറയാനോ ഇപ്പോൾ ആർക്കും അവകാശമില്ല. വീണ്ടും ഞാൻ പറയുന്നു, അല്ലാഹു ഈ വചനത്തിൽ പറഞ്ഞ അതേ കാര്യം തന്നെയാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹും (അല്ലാഹുവിന്റെ ആയിരമായിരം കാരുണ്യങ്ങൾ അദ്ദേഹത്തിനുമേൽ വർഷിക്കുമാറാകട്ടെ) പറഞ്ഞിട്ടുള്ളത്. അതായത്, അദ്ദേഹത്തിന്റെ വസിയ്യത്ത് ഈ വചനത്തിന്റെ തർജമയാണ്. ഇനി കൂടുതൽ വിശദീകരിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

***തബ്ലീഗ്***

ഖലീഫയുടെ ഒന്നാമത്തെ കടമ തബ്ലീഗ് അഥവാ പ്രബോ

ധനമാണ്. ഞാൻ ചിന്തിച്ചുനോക്കിയപ്പോൾ, കുട്ടിക്കാലം മുതലേ തബ്ലീഗ് ചെയ്യാനുള്ള താൽപര്യം എന്റെ മനസ്സിലെന്തുകൊണ്ടുണ്ടായി എന്നെനിക്ക് മനസ്സിലായില്ല. ഞാനറിയാത്തവിധം തബ്ലീഗിനോട് എനിക്ക് സ്നേഹമുണ്ടായിരുന്നു. ചെറുപ്രായത്തിലും ഞാനതിനുവേണ്ടി പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഇസ്ലാമിന്റെ ഏതു പ്രവർത്തനവും ഞാൻ മുഖേന നടക്കണമെന്ന് എനിക്ക് അത്യാശ ഉണ്ടായിരുന്നു. ഈ ആഗ്രഹം ഏതു കാലം മുതലാണ് തുടങ്ങിയതെന്ന് എനിക്കറിയില്ല. ഞാൻ നോക്കുമ്പോഴെല്ലാം എന്നിൽ ആ ആവേശം കണ്ടിരുന്നു. അപ്പോൾ ഇസ്ലാമിന്റെ ഏതു പ്രവർത്തനവും ഞാൻ മുഖേന നടക്കുന്നതിനായി പ്രാർത്ഥിക്കുമായിരുന്നു. ആ ആഗ്രഹം എത്രമാത്രമാണെന്നുവച്ചാൽ ഖിയാമത്തുനാൾവരെ ഇസ്ലാമിന്റെ സേവകരായിട്ട് വരുന്നവരാരും എന്റെ ശിഷ്യന്മാരായിട്ടല്ലാത്ത ഒരുകാലം വരാൻ പാടില്ല. ഇസ്ലാമിന്റെ സേവനത്തിനുള്ള ഈ സ്നേഹാവേശം എന്റെ മനസ്സിൽ എന്തിനിടപ്പെട്ടുവെന്ന് എനിക്ക് മനസ്സിലായിരുന്നില്ല, മനസ്സിലാകുന്നുമില്ല. എന്റെ ഈ സ്നേഹാവേശം വളരെ പഴക്കമുള്ളതാണെന്ന് മാത്രം എനിക്കറിയാം. ചുരുക്കത്തിൽ ഇതേ ആവേശത്തിന്റെയും ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരുന്നത്.

### *ഞാൻ മുഖേന ഇസ്ലാമിന്റെ പ്രബോധനപ്രവർത്തനം നടത്തേണമേ*

ഞാൻ അല്ലാഹുവിന് നന്ദി പറയുന്നു. എന്റെ ഈ പ്രാർത്ഥനകൾക്കുള്ള മറുപടിയിൽ അവൻ എനിക്ക് വലിയ വലിയ സുവാർത്തകൾ നല്കി. തബ്ലീഗ് പ്രവർത്തനത്തോട് എനിക്ക് വലിയ താൽപര്യമാണ്. അല്ലാഹു പ്രാർത്ഥനകൾ സ്വീകരിക്കുന്നവനാണെന്നും എനിക്കറിയാം. മുഴുലോകവും ഒരു മതത്തിൽ ഒരുമിച്ചുകൂടുക എന്നത് അസാധ്യമാണെന്നും എനിക്കറിയാം. നബി(സ)യ്ക്ക് ചെയ്യാൻ കഴിയാത്ത കാര്യം മറ്റാർക്കും ചെയ്യാൻ കഴിയുകയില്ലെന്നുള്ളതും സത്യമാണ്; അങ്ങനെ വിചാരിക്കാൻ പോലും കഴിയില്ല. പക്ഷേ, നബി(സ) തിരുമേനിയുടെ ഏതെ

ങ്കിലും പരിചാരകനോ ദാസനോ ഒരു പരിധിവരെ ഇസ്‌ലാമിക പ്രബോധനപ്രവർത്തനങ്ങൾക്ക് തൗഫീഖ് നല്കുകയാണെങ്കിൽ, അത് അവന്റെ എന്തെങ്കിലും വിശേഷതയോ കഴിവോ അല്ല. പ്രത്യുത നബി(സ)യുടെതന്നെ പ്രവൃത്തിയാണത്. എന്റെ മനസ്സിൽ തബ്‌ലീഗ് ചെയ്യാനുള്ള ഉത്സാഹം എത്രമാത്രമായിരുന്നുവെന്നുവെച്ചാൽ, ഞാൻ ഉത്ക്കണ്ഠാകുലനാകുമായിരുന്നു. കാരണം അതിനുള്ള സാധനസാമഗ്രികളൊന്നും എന്റെ കൈയിലില്ല. അതുകൊണ്ട് ഞാൻ അവന്റെ സന്നിധിയിൽ കുനിഞ്ഞു. അവനോട് പ്രാർത്ഥിച്ചു. എന്റെ കൈയിലുണ്ടായിരുന്നതെന്താണ്? ഒന്നുമില്ല. ഞാൻ അവനോട് പറഞ്ഞുകൊണ്ടേയിരുന്നു, സേവനം ചെയ്യാൻ എന്റെ കൈയിൽ അറിവില്ല, പണമില്ല, ജമാഅത്തില്ല, മറ്റൊന്നുംതന്നെയില്ല. പക്ഷേ, അവൻ എന്റെ പ്രാർത്ഥന സ്വീകരിച്ചതായി ഇപ്പോൾ ഞാൻ കാണുന്നു. കാരണം അവൻതന്നെ ഏർപ്പാടുകളെല്ലാം ചെയ്തുതന്നിരിക്കുന്നു. എന്നോടൊപ്പം നില്ക്കാൻ നിങ്ങളെ എഴുന്നേല്പിച്ചു നിറുത്തിയത് അവനാണ്.

അല്ലാഹു തിരഞ്ഞെടുത്ത ജനതയാണ് നിങ്ങൾ. അവൻ എനിക്ക് കാണിച്ചുതന്ന എന്റെ പ്രാർത്ഥനയുടെ ഒരു ഫലമാണ്. ഇതുകണ്ടുകൊണ്ട് ബാക്കിയുള്ള അത്യാവശ്യ കാര്യങ്ങളും അവൻതന്നെ ഒരുക്കിത്തരുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എനിക്ക് നല്കപ്പെട്ട സുവാർത്തകളെല്ലാം അവൻ പുലർത്തിക്കാണിക്കുന്നതാണ്. ഞാൻ മുഖേനയായിരിക്കും ഇനി ലോകത്തിന് സന്മാർഗ്ഗം കിട്ടുന്നതെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. എന്റെ ശിഷ്യരില്ലാത്ത ഒരു കാലം ഖിയാമത്തുനാൾവരെ ഉണ്ടാകുകയില്ല. എന്തുകൊണ്ടെന്നാൽ, നിങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ എന്റെ പ്രവൃത്തി തന്നെയായിരിക്കും.

തബ്‌ലീഗിനോടുള്ള എന്റെ താൽപര്യം ഇന്നുണ്ടായതല്ലെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായിട്ടുണ്ടാകും. ഈ അവസ്ഥയ്ക്ക് മുമ്പേയും എനിക്കവസരം കിട്ടിയപ്പോഴെല്ലാം വിവിധ രീതികളിലും വിവിധ രൂപങ്ങളിലും തബ്‌ലീഗിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരുന്നിട്ടുണ്ട്. ആ പ്രവൃത്തിയോട് സ്വാഭാ

വികമായിത്തന്നെ എനിക്ക് ആവേശവും താൽപര്യവും ഉണ്ടായിരുന്നു. ആ മാർഗ്ഗം സ്വീകരിക്കാൻ അനിയന്ത്രിതമായ ആകർഷണം എന്റെ മനസ്സിലുണ്ടാകാറുണ്ടായിരുന്നു. ഇത് എന്റെ പ്രവൃത്തിയിൽപ്പെട്ടതായിരുന്നുവെന്ന യാഥാർത്ഥ്യത്തെയും ഞാനിപ്പോൾ മനസ്സിലാക്കുന്നു. അതിനുവേണ്ടി സ്വാഭാവികമായ ഒരാവേശം എന്റെ ആത്മാവിൽ വെക്കാത്തിടത്തോളം അത് ചെയ്യാൻ എനിക്കെങ്ങനെ കഴിയും?

ഇനി ഞാൻ തബ്‌ലീഗിനുവേണ്ടി എന്താണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ച് നിങ്ങളോട് ആലോചിക്കാനാഗ്രഹിക്കുകയാണ്. ഇത് സംബന്ധമായി എന്റെ ചില ഉദ്ദേശ്യങ്ങൾ ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. അതെങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യുക.

### *എല്ലാ ഭാഷയിലും മുബല്ലിഗുണ്ടാകണം*

എല്ലാ ഭാഷക്കാരേയും സുഗമമായ നിലയിൽ തബ്‌ലീഗ് ചെയ്യുന്നതിന് എല്ലാ ഭാഷയും പഠിക്കുന്നവരും അറിയുന്നവരുമായ ആളുകൾ നമ്മളിൽ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇതുസംബന്ധമായി വലിയ വലിയ അഭിപ്രായങ്ങളും പദ്ധതികളുമാണ് എനിക്കുള്ളത്. അവൻ ആയുസ്സു നല്കുകയും കാര്യശേഷി നല്കുകയും എന്നിട്ട് തന്റെ അനുഗ്രഹംകൊണ്ട് വേണ്ടതായ വസ്തുക്കൾ ഒരുക്കിത്തരികയും അതുപയോഗിച്ച് പ്രവർത്തിക്കാൻ ആരോഗ്യം കിട്ടുകയും ചെയ്താൽ അത് അതിന്റെ കാലത്ത് പുലരുകതന്നെ ചെയ്യുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഞാൻ എല്ലാ ഭാഷകളിലും എല്ലാ ജനതകളിലും തബ്‌ലീഗ് ചെയ്യാൻ ആഗ്രഹിക്കുന്നു. കാരണം തബ്‌ലീഗ് ചെയ്യുക എന്നത് എന്റെ പ്രവൃത്തിയാണ്. ഇതൊരു വമ്പിച്ച തീരുമാനമാണെന്ന് എനിക്കറിയാം. ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതായും വരും. എന്നാൽ, ഇതിനോടൊപ്പം ദൈവസന്നിധിയിൽ നിന്നുതന്നെ എല്ലാം വരുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ അല്ലാഹു സർവ്വശക്തനാണ്. അതായത് ഈ ജോലി എന്നെ ഏല്പിച്ചത് അവനാണ്. അവൻതന്നെ ഇത് നിറവേറ്റാനുള്ള

കഴിവും കാര്യശേഷിയും എനിക്ക് നല്കും. എല്ലാ ശക്തികളുടേയും ഉടമസ്ഥൻ അവൻ തന്നെയാണ്. ഇതിനായി ധാരാളം പണം ആവശ്യമുണ്ടെന്ന് എനിക്കറിയാം. ധാരാളം ആളുകളും വേണം. എന്നാൽ, അവന്റെ ഖജനാവുകളിൽ എന്തിന്റെയെങ്കിലും കുറവുണ്ടോ? ഇതിനുമുമ്പേ അവന്റെ ശക്തിപ്രഭാവത്തിന്റെ അത്ഭുതതമാശകൾ നാം കണ്ടുകഴിഞ്ഞതല്ലേ? ആരും അറിയപ്പെടാത്ത സ്ഥലമായിരുന്നു ഇത്. ഇവിടെ വന്ന ദൈവനിയോഗിതൻ കാരണത്താലാണ് ഈ സ്ഥലം പ്രസിദ്ധമായിത്തീർന്നത്; അല്ലാഹു വാഗ്ദാനം ചെയ്തതുപോലെ, ആയിരക്കണക്കിനല്ല, ലക്ഷക്കണക്കിന് രൂപ ആ മഹാത്മാവിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ അവൻതന്നെ അയച്ചുകൊടുത്തു. ***യൻസ്വുറക്ക രിജാലുൻ നൂഹീ ഇലയ്ഹിം*** എന്ന് അവന്റെ വാഗ്ദാനമുണ്ടായിരുന്നു. നാം വഹ്‌യ് അറിയിക്കുന്ന ആളുകൾ നിന്നെ സഹായിക്കുന്നതാണ്. എന്നെ ഏല്പിച്ചിട്ടുള്ള ജോലി അവന്റേതാണെന്ന് എനിക്കറിയാം. ഞാൻ ഈ പ്രവൃത്തി സ്വയം ചോദിച്ചുവാങ്ങിയതല്ല. അല്ലാഹു അവൻതന്നെ എന്നെ ഏല്പിച്ചതാണെങ്കിൽ മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ വഹ്‌യ് ഇറക്കപ്പെട്ടവർക്ക് ഇപ്പോഴും വഹ്‌യ് ഇറക്കപ്പെടുന്നതാണ്.

അതുകൊണ്ട് എന്റെ സ്നേഹിതന്മാരേ, പണത്തിന്റെ കാര്യത്തിൽ പരിഭ്രമിക്കുകയോ, ചിന്തിക്കുകയോ ചെയ്യേണ്ട ഒരു കാര്യവുമില്ല. അല്ലാഹു അതൊരുക്കിത്തരുന്നതാണ്. അവൻതന്നെ ഈ പ്രവർത്തനങ്ങളിൽ നിങ്ങളെപ്പോലെ എന്നെ സഹായിക്കുന്ന ഭാഗ്യശാലികളായ ആത്മാക്കളെ എന്റെയടുക്കൽ കൊണ്ടുവരുന്നതുമാണ്.

ഞാൻ ഊഹത്തിന്റെ അടിസ്ഥാനത്തിലല്ല, പൂർണ്ണ ദൃഢവിശ്വാസത്തോടും ഉൾക്കാഴ്ചയോടുംകൂടി പറയുന്നു, ഈ പ്രവർത്തനങ്ങൾ നടപ്പിൽവരുത്താനും നോക്കിനടത്താനും ഒരു മുഹാസിബിന്റെ പദ്ധതിയും പ്രയോജനപ്പെടുകയില്ല. കാരണം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ***യൻസ്വുറക്ക രിജാലുൻ നൂഹീ ഇലയ്ഹിം*** എന്ന് വാഗ്ദാനം ചെയ്തിരിക്കു

ന്നു. നാം വഹ്‌യ് ഇറക്കുന്ന ആളുകൾ നിന്നെ സഹായിക്കുന്നതാണ്. അതുകൊണ്ട് നമ്മുടെ മുഹാസിബിന്റെ സ്ഥാനം അല്ലാഹുതന്നെ ഏല്ക്കുകയും പണം തരാനുള്ള ആഹ്വാനം അവൻ തന്നെ ജനങ്ങളുടെ ഹൃദയങ്ങളിൽ ചെയ്യുമെന്ന് അവൻ വാഗ്ദാനം ചെയ്യുകയും ചെയ്തു. ജംഅ എന്ന പദം പ്രയോഗിച്ചുകൊണ്ട്, മറ്റുചിലരും നമ്മുടെ ഈ പദ്ധതി വികസിപ്പിച്ച് പ്രതിഫലം കരസ്ഥമാക്കുമെന്നും പറഞ്ഞു. അതിനാൽ അല്ലാഹുതന്നെയായിരിക്കും നമ്മുടെ മുഹാസിബും (കണക്കുവയ്ക്കുന്നവനും) പണം പിരിക്കുന്നവനും. അവന്റെ കൈയിലാണ് നമ്മുടെ എല്ലാ ഖജനാവുകളും. അവൻതന്നെയാണ് ***യൻസ്വുറുക്ക രിജാലുൻ നൂഹി ഇലയ്ഹിം*** എന്ന് വാഗ്ദാനം ചെയ്തത്. അപ്പോൾ നാം എന്തിന് അതിനെക്കുറിച്ച് ആലോചിക്കണം? അതെ, പ്രതിഫലം ലഭിക്കാനുള്ള ഒരവസരമാണിത്. ഇതിനെ പ്രയോജനപ്പെടുത്തുന്നവൻ ഭാഗ്യവാനാണ്.

## ***ഇന്ത്യയിൽ തബ്‌ലീഗ്***

നമ്മുടെ തബ്‌ലീഗ് നടക്കാത്തതായ ഒരു സ്ഥലവും ഒരു ഗ്രാമവും ഇന്ത്യയിൽ ഉണ്ടാവരുതെന്നാണ് എന്റെ ആഗ്രഹം. നമ്മുടെ മുബല്ലിഗ് ചെന്ന് അല്ലാഹുവിന്റെ ഈ ജമാഅത്തിന്റെ സന്ദേശം എത്തിക്കുകയും തുറന്നനിലയിൽ അവരെ കേൾപ്പിക്കുകയും ചെയ്യാത്ത ഒരു സ്ഥലവും ബാക്കിയാവാൻ പാടില്ല. ഇത് ചെറിയ ജോലിയല്ല. എളുപ്പമുള്ളതുമല്ല. ഇതിനെ എളുപ്പമുള്ളതാക്കുകയും ചെയ്യാൻ പറ്റുന്ന നിലയിൽ ചെറുതാക്കിത്തരികയും ചെയ്യുക എന്നത് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ ഒരു ചെറിയ അത്ഭുതകൃത്യമാണ്. ജനങ്ങളെക്കൊണ്ട് വിശ്വസിപ്പിക്കുക എന്നത് നമ്മുടെ ജോലിയല്ല. എന്നാൽ, അവർക്ക് സത്യം എത്തിക്കുക എന്നത് നമ്മുടെ ജോലിയാണ്. ജോലിയാവേണ്ടതുമാണ്. സ്വീകരിക്കുക, സ്വീകരിക്കാതിരിക്കുക അവരുടെ ജോലിയാണ്. അവർ അവരുടെ കടമ നിറവേറ്റുന്നില്ലെങ്കിൽ അതിന്റെ അർത്ഥം നമ്മൾ നമ്മുടെ കടമയും നിറവേറ്റാതിരിക്കുക എന്നതല്ല.

ഈ അവസരത്തിൽ എനിക്കൊരു മഹാത്മാവിന്റെ സംഭവം

ഓർമ്മവരുന്നു. ഒരു മഹാത്മാവ് 20 വർഷമായി ദുആ ചെയ്തു വരികയായിരുന്നു. അദ്ദേഹം ഓരോ ദിവസവും ദുആ ചെയ്യും. രാവിലെയോടടുത്ത് അദ്ദേഹത്തിന് 'കുരച്ചുകൊണ്ടേയിരിക്കുക, ഞാൻ നിന്റെ പ്രാർത്ഥന സ്വീകരിക്കുകയില്ല' എന്ന് ഉത്തരം ലഭിക്കും. 20 വർഷം കഴിഞ്ഞപ്പോൾ, ഒരു ദിവസം അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ അദ്ദേഹത്തിന്റെ വീട്ടിൽ അതിഥിയായിവന്നു. പീർസാഹിബ് രാത്രി മുഴുവൻ ദുആ ചെയ്തുകൊണ്ടിരിക്കുന്നത് അയാൾ കാണുകയും രാവിലെയോടടുത്ത് അദ്ദേഹത്തിന് അശരീരി ഉണ്ടായത് കേൾക്കുകയും ചെയ്തു. മൂന്നാമത്തെ ദിവസം അയാൾ പറഞ്ഞു: ഇത്ര രൂക്ഷമായ നിലയിൽ അങ്ങേയ്ക്ക് ഉത്തരം കിട്ടുമ്പോൾ പിന്നെന്തിനാണ് അങ്ങ് വീണ്ടും ദുആ ചെയ്തുകൊണ്ടിരിക്കുന്നത്. അദ്ദേഹം മറുപടി പറഞ്ഞു: നീ ഒരു സ്ഥിരതയില്ലാത്തവനാണെന്ന് തോന്നുന്നു. മനുഷ്യരുടെ ജോലി പ്രാർത്ഥിക്കുക എന്നതാണ്. സ്വീകരിക്കുക എന്നത് അല്ലാഹുവിന്റെ ജോലിയാണ്. അവൻ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്തോട്ടെ. എനിക്കതുകൊണ്ട് എന്ത് നഷ്ടമുണ്ടാകാനാണ്? എന്റെ ജോലി പ്രാർത്ഥിക്കുക എന്നതാണ്, ഞാനത് ചെയ്തുകൊണ്ടേയിരിക്കുന്നു. ഞാൻ 20 വർഷമായിട്ട് ഈ ശബ്ദം കേൾക്കുകയും ചെയ്യുന്നു. ഞാനൊരിക്കലും പരിഭ്രമിച്ചിട്ടില്ല. നീ മൂന്നു ദിവസംകൊണ്ട് പരിഭ്രമിച്ചുപോയി. രണ്ടാമത്തെ ദിവസം അല്ലാഹു അദ്ദേഹത്തിനോട് പറഞ്ഞു: "ഈ ഇരുപത് വർഷത്തിനുള്ളിൽ നീ ചെയ്ത എല്ലാ പ്രാർത്ഥനയും ഞാൻ സ്വീകരിച്ചിരിക്കുന്നു."

പറഞ്ഞതിന്റെ ഉദ്ദേശ്യം, നമ്മുടെ ജോലി എത്തിക്കുക എന്നതാണ്. സ്വീകരിച്ചാലും ഇല്ലെങ്കിലും ക്ഷീണിക്കാനോ അറച്ചു നില്ക്കാനോ പാടില്ല. കാരണം നമ്മുടെ ജോലി വിശ്വസിപ്പിക്കുക എന്നതല്ല; നമ്മൾ നമ്മളിലർപ്പിതമായ കടമ നിറവേറ്റുക എന്നതാണ്; ജനങ്ങൾക്ക് സന്ദേശം എത്തിച്ചുകൊടുത്തുവെന്ന് നാളെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമുക്ക് പറയാൻ കഴിയുന്നതിനുവേണ്ടിയാണിത്.

നബി(സ) തിരുമേനിയോട് അല്ലാഹു പറഞ്ഞു ***ലസ്ത***

***അലയ്ഹിം ബിമുസ്വയ്ത്വിര്‍- ലാ ഇക്റാഹ ഫിദ്ദീനി.*** (നീ അവരുടെമേല്‍ അധികാരം നടത്തുന്നവനല്ല. മതവിശ്വാസ കാര്യത്തില്‍ ഒരുവിധത്തിലുള്ള ബലപ്രയോഗവുമില്ല) നബി(സ) തിരുമേനിയുടെ ജോലി പറഞ്ഞത് ***ബല്ലിഗ് മാ ഉന്‍സില ഇലയ്ക്ക*** നിന്നില്‍ ഇറക്കപ്പെട്ടത് എത്തിച്ചുകൊടുക്കുക എന്നാണ്. അതിനാല്‍ നാം നമ്മുടെ ജോലി ചെയ്യേണ്ടതാണ്. വിശ്വസിപ്പിക്കുക എന്നത് നമ്മുടെ ജോലിയല്ലെങ്കില്‍, മറ്റുള്ളവരുടെ പ്രവൃത്തിയില്‍ ദ്വേഷപ്പെട്ട് സ്വന്തം ജോലി എന്തിന് ഉപേക്ഷിക്കണം? അല്ലാഹുവിന്റെ സന്നിധിയില്‍ തലകുനിക്കുന്നതിനായി സത്യസന്ദേശം നാം എത്തിച്ചുകൊടുക്കേണ്ടതാണ്. അതുകൊണ്ട് എല്ലാ സ്ഥലത്തും എല്ലാ പട്ടണങ്ങളിലും എല്ലാ ഗ്രാമങ്ങളിലും നമ്മുടെ തബ്ലീഗ് എത്തുംവിധമുള്ള പദ്ധതി ആലോചിക്കേണ്ടതാണ്. നിങ്ങള്‍ നിങ്ങളുടെ കടമ നിറവേറ്റിയെന്നും സന്ദേശം എത്തിച്ചുവെന്നും ആകാശവും ഭൂമിയും സാക്ഷി പറയണം.

രണ്ട്, ഇന്ത്യയ്ക്ക് വെളിയില്‍ ഓരോ രാജ്യത്തും നാം നമ്മുടെ ഉപദേശികളെ അയക്കണം. ഈ തബ്ലീഗ് കൊണ്ട് നാം ഉദ്ദേശിക്കുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ രൂപത്തില്‍ ഇസ്ലാമിന്റെ പ്രബോധനം നടത്തുക എന്നതാണ്. ഇക്കാര്യം പറയുന്നതില്‍ ഞാന്‍ ഭയപ്പെടുന്നില്ല. എന്റെ മതവും ഇതുതന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് താമസിച്ചുകൊണ്ട് അകത്തും പുറത്തും അദ്ദേഹത്തില്‍നിന്നും ഇതുതന്നെയാണ് ഞാന്‍ കേട്ടതും. ആ മഹാത്മാവ് പറയാറുണ്ടായിരുന്നു; 'ഇസ്ലാമിന്റെ പ്രബോധനം തന്നെയാണ് എന്റെ പ്രബോധനം.' അതിനാല്‍ മസീഹ് മൗഊദ്(അ) കൊണ്ടുവന്ന ഈ ഇസ്ലാമിനെ പ്രബോധിപ്പിക്കുക. ഹദ്റത്ത് സാഹിബ് തന്റെ എല്ലാ ഗ്രന്ഥങ്ങളിലും തന്നെക്കുറിച്ച് പറയാറുണ്ടായിരുന്നു. മസീഹ് മൗഊദ്(അ)നെക്കുറിച്ച് പറയാതെ എപ്പോഴെങ്കിലും നമുക്ക് ഇസ്ലാമിനെ അവതരിപ്പിക്കാന്‍ കഴിയുമോ? മസീഹ് മൗഊദ്(അ)ന്റെ തബ്ലീഗ് രീതി ഉപേക്ഷിക്കുക എന്നത്, അവരുടെ തെറ്റാണ് ദൗര്‍ബല്യമാണ്. അവരില്‍ ന്യായപൂര്‍ത്തി പൂര്‍ണ്ണമായിക്കഴിഞ്ഞിരിക്കുന്നു. മൗലവി മുഹമ്മദലി സാഹി

ബിനു ഹദ്റത്ത് സാഹിബ് എഴുതിയ ഒരു കത്ത് ലഭിച്ചിരിക്കുന്നു. ബദ്ർ വാരിക (വാള്യം 6, നമ്പർ 8, 1907 ഫെ.21, പേജ് 4, 1907 ഫെ. 13) പ്രസിദ്ധീകരിച്ച ആ കത്ത് ചുവടെ ചേർക്കുന്നു.

മൗലവി മുഹമ്മദലി സാഹിബിനെ വിളിപ്പിച്ച് ഹദ്റത്ത് അഖ്ദസ്(അ) പറഞ്ഞു: 'യൂറോപ്പിലേയും അമേരിക്കയിലേയും ജനങ്ങൾക്ക് സത്യസന്ദേശം എത്തിക്കുന്നതിനായി ഇംഗ്ലീഷ് ഭാഷയിൽ ഒരു ഗ്രന്ഥമെഴുതണമെന്ന് നാം ആഗ്രഹിക്കുന്നു. ഇത് താങ്കളുടെ ജോലിയാണ്. ഈയിടെയായി ഈ രാജ്യങ്ങളിൽ ഇസ്ലാം പ്രചരിക്കുന്നില്ല. ആരെങ്കിലും മുസ്ലിമായാൽ തന്നെ വളരെ ദുർബലാവസ്ഥയിലാണ് കഴിയുന്നത്. ഇതിനു കാരണം അവർ ഇസ്ലാമിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അറിയുന്നില്ല എന്നതാണ്. യാഥാർത്ഥ്യം അവരുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടിട്ടുമില്ല. അല്ലാഹു ജനങ്ങളിൽ വെളിപ്പെടുത്തിയ യഥാർത്ഥമായ ഇസ്ലാമിനെ കാണിച്ചുകൊടുക്കുക എന്നത് അവരുടെ അവകാശമാണ്. അല്ലാഹു ഈ ജമാഅത്തിൽ നിക്ഷേപിച്ചിരിക്കുന്ന പ്രത്യേകമായ കാര്യങ്ങൾ അവരിൽ വെളിപ്പെടുത്തേണ്ടതാണ്. അല്ലാഹുവിന്റെ ദിവ്യഭാഷണത്തിന്റെ പരമ്പര അവരുടെ മുമ്പിൽ സമർപ്പിക്കുകയും ഇക്കാലത്ത് ഇസ്ലാമിന്റെ അന്തസ്സുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാ കാര്യങ്ങളേയും സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇസ്ലാമിന്റെ സത്യസാക്ഷ്യത്തിനായി അല്ലാഹു നമുക്ക് മനസ്സിലാക്കിത്തന്ന സകല തെളിവുകളും ഒരിടത്ത് ഒരുമിച്ചുകൂട്ടുകയും വേണം. ഇപ്രകാരം എല്ലാമടങ്ങുന്ന ഒരു ഗ്രന്ഥം തയ്യാറായാൽ, അതുമുഖേന അവർക്ക് ധാരാളം ഫലം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു."

ഇനി പറയുക, മസീഹ് മൗഊദ്(അ) യൂറോപ്പിൽ തബ്ലീഗ് നടത്തേണ്ട രീതിയെക്കുറിച്ച് പറഞ്ഞിരിക്കെ, പുതിയരീതി സ്വീകരിക്കേണ്ട കാര്യമെന്താണ്. ഈ പ്രവൃത്തി ചെയ്യാൻ യോഗ്യനാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഉപദേശിക്കപ്പെട്ട വ്യക്തിതന്നെ മറ്റു വഴി സ്വീകരിക്കുന്നത് കഷ്ടമാണ്! ജമാഅത്തിന്റെ കാര്യങ്ങൾ കേൾക്കാൻ ജനങ്ങൾ തയ്യാറാണെന്നറിയിച്ചുകൊണ്ടുള്ള ഒരു സ്നേഹിതന്റെ കത്തു വന്നിരുന്നു. കാരണം ഈ ദിനങ്ങ

ളിൽ മസീഹിനെ പ്രതീക്ഷിച്ചിരുന്ന ജമാഅത്തുകൾ അവിടെ യുണ്ട്. റിവ്യൂ വായിച്ചിട്ടും ചിലയാളുകൾ കത്തെഴുതുന്നു. സ്യൂഡ നിൽനിന്നും ഇംഗ്ലണ്ടിൽനിന്നും കത്തുകൾ വന്നു. 'മസീഹ് കാശ്മീരിൽ വന്നു' എന്ന ലേഖനം വായിച്ചിട്ട് അത് പ്രത്യേകം അച്ചടിക്കണമെന്നും രണ്ടായിരം കോപ്പി തനിക്കയച്ചുതരണ മെന്നും താൻ അത് വിതരണം ചെയ്തുകൊള്ളാമെന്നും ഒരാൾ എഴുതിയിരിക്കുന്നു. ഒരു ജർമ്മൻകാരന്റെയോ ഇംഗ്ലീഷുകാര ന്റെയോ കത്താണത്. കേൾക്കാൻ തയ്യാറുള്ള ഇത്തരം ഭാഗ്യാ ത്മാക്കളുണ്ട്. എന്നാൽ, കേൾപ്പിക്കുന്നവരെയാണ് നമുക്കാവശ്യം.

യൂറോപ്പിലെ തബ്ലീഗ് പ്രശ്നത്തിൽ ഞാനിന്നേവരെ മൗനം പാലിച്ചു. ഇതിനു കാരണം എനിക്ക് തീരുമാനമെടുക്കാ ൻ കഴിയാത്തതുകൊണ്ടായിരുന്നില്ല. ഞാൻ വളരെ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുകയായിരുന്നു. അവിടെ പോയിട്ടുള്ള ആളുകൾക്ക് അവിടുത്തെ അവസ്ഥകളെ സംബന്ധിച്ച് നല്ലവണ്ണം അറിയാം. ഞാനവിടെ പോയിട്ടില്ല. അതുകൊണ്ട് തൽക്കാലം മൗനം പാലി ക്കേണ്ടതാണെന്ന് എനിക്ക് തോന്നി. പക്ഷേ, അവിടെ പോയവ രിൽ ചിലർ ഹദ്റത്ത് സാഹിബിന്റെ കാര്യങ്ങൾ ജനങ്ങൾ കേൾക്കുന്നുണ്ടെന്നും തങ്ങളുടെ തബ്ലീഗിൽ ഹദ്റത്ത് സാഹി ബിനെക്കുറിച്ച് പറയേണ്ടതാണെന്നും എഴുതുകയുണ്ടായി. ഇതിനു പുറമെ ഹദ്റത്ത് സാഹിബ് തന്നെയും യൂറോപ്പിൽ തബ്ലീഗ് ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞത്, ഈ ജമാഅ ത്തിനെ അവതരിപ്പിക്കുക എന്നാണ്. ആ മഹാത്മാവ് കണ്ട ദർശനത്തിന് പറഞ്ഞ അർത്ഥവും 'എന്റെ ഗ്രന്ഥങ്ങൾ അവിടെ യെത്തു'മെന്നാണ്. ഈ എല്ലാ കാര്യങ്ങളേയുംകുറിച്ച് ചിന്തി ച്ചതിനുശേഷം, അന്യരാജ്യങ്ങളിലും യൂറോപ്പിലും ഈ ജമാ അത്തിനെ പ്രചരിപ്പിക്കണമെന്നും നമ്മുടെ മുബല്ലിഗ് അവിടെ പോയി അവരോട്, നിങ്ങളുടെ മതം നിർജീവമാണെന്നും അതിൽ ജീവന്റെ ആത്മാവ് ഇല്ലെന്നും ജീവനുള്ള മതം ഇസ്ലാം മാത്രമാണെന്നും, അത് ജീവനുള്ളതാണെന്നതിന് തെളിവ് ഇക്കാലഘട്ടത്തിൽ ലഭിക്കുന്നുവെന്നും ഹദ്റത്ത് വാഗ്ദത്ത മസീഹ് ഇറങ്ങിയെന്നും പറയണമെന്നുമുള്ള തീരു

മാനത്തിൽ ഞാനെത്തിച്ചേർന്നു. ചുരുക്കത്തിൽ അവിടെയും ജമാഅത്തിന്റെ സന്ദേശം എത്തിക്കണം. ഇപ്പോൾ ഉപദേശികളെ അയക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ നോട്ടീസുകളും ലഘുലേഖകളും അച്ചടിച്ചുവിതരണം ചെയ്യേണ്ടതാണ്.

### *വിജ്ഞാനപരമായ തബ്‌ലീഗിലുള്ള ആവേശം*

തബ്‌ലീഗ് ചെയ്യാനുള്ള പ്രത്യേക താൽപര്യം എനിക്കുണ്ടായിരുന്നു. ഈ താൽപര്യത്തോടൊപ്പം വിസ്മയകരമായ തിളപ്പും ആവേശവും ഉണ്ടായിക്കൊണ്ടിരുന്നു. തബ്‌ലീഗിനോടുള്ള ഈ പ്രേമം എന്റെ ബുദ്ധിയിൽ അത്ഭുതകരമായ ഉപായങ്ങൾ സൃഷ്ടിച്ചു. ഒരിക്കൽ വിചാരിച്ചത് വ്യാപാരികൾ പത്രങ്ങളിൽ പരസ്യം കൊടുക്കുന്നതുപോലെ ചൈനയിലെ പത്രങ്ങളിൽ ഒരു പരസ്യം കൊടുത്താലോ എന്നാണ്. ഉദാഹരണത്തിന് പൈസകൊടുത്ത് ഒരു നിശ്ചിതകാലത്തേക്ക് 'മസീഹ് വന്നിരിക്കുന്നു' എന്ന് വലിയ അക്ഷരത്തിൽ പരസ്യം ചെയ്യുക. എന്തായാലും ഈ ഉദ്ദേശ്യ പൂർത്തീകരണത്തിനായി എനിക്ക് നല്കപ്പെട്ട ഈ ആവേശത്തിന്റെയും പ്രേമത്തിന്റെയും ചിത്രം വാക്കുകളിൽ എനിക്കു വിവരിക്കാൻ സാധ്യമല്ല. ആ ആവേശം നിറവേറ്റുന്നതിനുള്ള ഒരു മാതൃകയാണിത്. കേൾക്കുന്നവർക്ക് ഇതൊരു ഫലിതമായി തോന്നാം. ഈ പദ്ധതി എന്റെ മനസ്സിൽ വന്നതോടുകൂടിത്തന്നെ, ഇങ്ങനെയുള്ള പരസ്യതബ്‌ലീഗും അത്ഭുതമായിരിക്കുമെന്നോർത്ത് അനിയന്ത്രിതമായ നിലയിൽ എനിക്ക് ചിരിവന്നു. എന്നാൽ, ഇതൊരു പുതിയ കാര്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ജമാഅത്തിന്റെ തബ്‌ലീഗിനായി വിസ്മയകരങ്ങളായ ചിന്തകൾ വരാറുണ്ടായിരുന്നു. ആ മഹാത്മാവ് ഈ സന്ദേശം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തണമെന്നുള്ള ചിന്തയിലാണ് രാവുംപകലും കഴിച്ചുകൂട്ടിയത്.

ഓരോ വ്യക്തിയും സ്വയം ഒരു തബ്‌ലീഗായിത്തീരുന്നതിനു പകരം, നമ്മെക്കുറിച്ച് പരിചയമില്ലാത്ത മറ്റു സുഹൃത്തുക്കൾക്ക് എളുപ്പത്തിൽ നമ്മെ തിരിച്ചറിയുന്നതിനായി നമ്മുടെ ജമാഅത്തിലെ ആളുകൾ പ്രത്യേകതരം വസ്ത്രം ധരിക്കാൻ തുടങ്ങിയാലോ എന്ന് ഒരിക്കൽ ആ മഹാത്മാവ് അഭിപ്രായപ്പെട്ടിരുന്നു.

ഇതിന്റെമേൽ പല ചർച്ചയും നടന്നുകൊണ്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ലക്നൗവിലെ ഒരു സുഹൃത്ത് തന്റെ തൊപ്പിയിൽ അഹ്മദി എന്നെഴുതിപ്പിച്ചതെന്ന് ഞാൻ കരുതുന്നു. എന്തായാലും തബ്ലീഗ് നടക്കണം. മുക്കിലും മൂലയിലും നടക്കണം. ഒരു സ്ഥലവും ബാക്കിയാവാൻ പാടില്ല. ഈ ആവേശവും ഈ അഭിപ്രായങ്ങളും പരിശ്രമങ്ങളും നമ്മുടേതല്ല. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതു തന്നെയാണ്. എല്ലാം ആ മഹാത്മാവിന്റേതാണ്, നമ്മുടേതായിട്ടൊന്നുമില്ല.

### *മുബല്ലിഗ് എവിടെനിന്നുവരും?*

ലോകത്തിലെ എല്ലാ മുക്കിലും എല്ലാ ജനതയിലും എല്ലാ ഭാഷയിലും നമ്മുടെ തബ്ലീഗ് ഉണ്ടാകണം എന്ന് നമ്മൾ ആഗ്രഹിക്കുമ്പോൾ, സ്വാഭാവികമായും ഉണ്ടാകുന്ന രണ്ടാമത്തെ ചോദ്യം അതിനുള്ള മുബല്ലിഗ് എവിടെനിന്ന് വരുമെന്നാണ്? ഈ ചോദ്യം എപ്പോഴും എന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. ആത്മാർത്ഥതയോടെ തബ്ലീഗ് ചെയ്യുന്നവരെ കിട്ടണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നും അതിയായ ആഗ്രഹമുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹിനും(റ) ഈ ആഗ്രഹമുണ്ടായിരുന്നു. ഇതേ ആഗ്രഹമാണ് ഇതേസ്ഥലത്ത് ഇതേ പള്ളിയിൽ മദ്റസ അഹ്മദിയ്യായുടെ ശിലാകർമ്മം എന്നെക്കൊണ്ട് ചെയ്യിച്ചത്. ഇതേ പള്ളിയിൽതന്നെ വളരെ ശക്തമായ നിലയിൽ അതിന് എതിർപ്പുമുണ്ടായി. പക്ഷേ, ഇതെന്റെ സ്വാർത്ഥപരമായ എന്തെങ്കിലും ആഗ്രഹമോ ഉദ്ദേശ്യമോ ആയിരുന്നില്ല. ജമാഅത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി മാത്രമാണ് ഞാനീ പദ്ധതി പ്രഖ്യാപിച്ചത്. വലിയ വലിയ ആളുകൾ എതിർത്തിട്ടും അവസാനം അല്ലാഹു ഈ മദ്റസ സ്ഥാപിക്കുകതന്നെ ചെയ്തു. ഈ മദ്റസയുടെ ആവശ്യമെന്താണെന്ന് മനസ്സിലാക്കാൻ കഴിവുള്ളവർപോലും ആ സമയത്ത് മനസ്സിലാക്കിയില്ല. എതിർപ്പിൽ അവർ പങ്കെടുക്കുകയും ചെയ്തു. ഉലമാക്കളുടെ പ്രതിനിധികൾ ജനിക്കുകയില്ലെന്ന് ഞാൻ കണ്ടിരുന്നു. എന്റെ സഹോദരന്മാരേ! ഇത് ചെറിയ നാശമോ ദുഃഖമോ അല്ല. നിങ്ങളാഗ്രഹിക്കുന്നുണ്ടോ, അതേ ഞാൻ ചോദിക്കുകയാണ് ഫത്വ(മതവി

ധി) ചോദിക്കുന്നതിനായി നിങ്ങൾക്കെതിരിൽ കുഫ്റിന്റെ ഫത്‌വ പുറപ്പെടുവിക്കുന്ന നദ്‌വയിലും മറ്റു അനഹ്മദി മദ്റസകളിലും അല്ലെങ്കിൽ ഉലമാക്കളുടെ അടുത്തും പോകാൻ നിങ്ങൾ ആഗ്ര ഹിക്കുന്നുണ്ടോ? മതപരമായ ജ്ഞാനങ്ങൾ ഇല്ലെങ്കിൽ സമു ദായം മരിച്ചുപോകുന്നു. ഈ വിചാരത്തോടെയാണ് ശക്തമായ എതിർപ്പുണ്ടായിട്ടും ഞാൻ മദ്റസ അഹ്മദിയ്യായുടെ പദ്ധതി ഉയർത്തിക്കൊണ്ടുവന്നത്. ആ മദ്റസ നിത്യവും അഭിവൃദ്ധി പ്പെട്ടുവരണമെന്നത് അല്ലാഹുവിന്റെ തീരുമാനമാണ്. പക്ഷേ, നമുക്കിപ്പോൾ ഉപദേശികളുടേയും മുഅല്ലിമുകളുടേയും ആവ ശ്യമുണ്ട്. മദ്റസയിൽനിന്ന് വിദ്യാഭ്യാസം നേടിയവർ പുറത്തു വരും. ഇൻശാഅല്ലാഹ്. അവർ പ്രയോജനപ്പെടുകയും ചെയ്യും. പക്ഷേ, ഇപ്പോൾ അവരെ കിട്ടണം എന്നതാണ് നമ്മുടെ ആവ ശ്യം. ഓരോ ഗ്രാമങ്ങളിലും നമ്മുടെ ഉലമാക്കളും മുഫ്തിമാരും ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം, അവർ മുഖേന ദീനീപര മായ വിദ്യാഭ്യാസവും ദർസുകളും നടക്കണം. എഴുത്തും വായ നയും അറിയാത്ത ഒരഹ്മദിയും ബാക്കിയാവാൻ പാടില്ല. എന്റെ മനസ്സിൽ ഈ ഉദ്ദേശ്യസാഫല്യത്തിനായും വിസ്മയകരമായ പദ്ധതികളുണ്ട്. അത് അല്ലാഹു ഇച്ഛിച്ചാൽ പൂർത്തിയാകുന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ മുബല്ലിഗ് എവിടെനിന്നു കിട്ടും എന്നത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. ഓരോ ജനതയിലും ഓരോ ഭാഷ യിലും തബ്‌ലീഗ് ഉണ്ടാകണമെന്നാണ് നമ്മുടെ ആഗ്രഹം. അതു കൊണ്ട് വിവിധ ഭാഷകൾ പഠിപ്പിക്കപ്പെടേണ്ടതാണ്. സംസ്കൃതം പഠിക്കാൻ തയ്യാറുള്ള വിദ്യാർത്ഥികളെ കിട്ടിയിരു ന്നെങ്കിലെന്ന് ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ(റ) ജീവിതകാലത്ത് വിചാരിച്ചിരുന്നതാണ്. എന്നിട്ടവർ ഹിന്ദുക്ക ളുടെ ഗ്രാമത്തിൽപോയി മദ്റസ് തുടങ്ങണം. പഠിപ്പിക്കുന്നതി നോടൊപ്പം തബ്‌ലീഗും നടത്തിക്കൊണ്ടിരിക്കണം. ഒരുകാലംവരെ അവിടെ താമസിച്ച്, ഇസ്‌ലാമിന്റെ വിത്ത് വിതച്ചുകഴിഞ്ഞാൽ, ഏതെങ്കിലും ശിഷ്യനെ അതേല്പിച്ചുകൊണ്ട് അദ്ദേഹം മറ്റു സ്ഥലത്തുപോയി അതേരീതിയിൽ പ്രവർത്തിക്കണം. പറഞ്ഞ തിന്റെ ചുരുക്കമിതാണ്, എങ്ങനെയൊക്കെ തബ്‌ലീഗ് എളുപ്പ

ത്തിൽ ചെയ്യാൻ കഴിയുമോ അങ്ങനെയൊക്കെ ചെയ്യേണ്ടതാണ്.

ദീനിന്റെ സേവനത്തിനായി സന്നദ്ധരായി നില്ക്കുന്ന ഇത്തരമാളുകളുടെ വലിയ ആവശ്യമാണുള്ളത്. ഇതെങ്ങനെ പൂർത്തിയാക്കാൻ കഴിയും. ഒരു എളുപ്പവഴി അല്ലാഹു എന്റെ മനസ്സിലിട്ടിരിക്കുന്നു. അത് ഇവിടെ ഒരു മദ്റസ ഉണ്ടാക്കുക എന്നതാണ്. നിങ്ങൾ ഇക്കാര്യത്തിൽ കൂടിയാലോചിക്കുക. പിന്നീട് ഞാൻ അതിനെക്കുറിച്ച് ചിന്തിക്കുന്നതാണ്. വീണ്ടും ഞാൻ പറയുകയാണ്, ഞാൻ നിങ്ങളോട് അഭിപ്രായം ചോദിക്കുന്നത് അല്ലാഹുവിന്റെ കല്പനയനുസരിച്ചാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞു: ***വ ശാവിർഹും ഫിൽ അംരി ഫഇദാ അസംത ഫതവക്കൽ അലല്ലാഹ്.*** (അങ്ങനെ കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ നീ അല്ലാഹുവിൽ സകലവും ഭരമേല്പിക്കുക) അതുകൊണ്ട് നിങ്ങൾ കൂടിയാലോചിച്ച് എന്നോടു പറയുക. പിന്നീട് അല്ലാഹു എന്തൊന്നാണോ എന്റെ മനസ്സിൽ ഇടുന്നത് അതനുസരിച്ച് അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് ഞാനതിൽ തീരുമാനമെടുക്കും.

ഒരു മദ്റസ ഉണ്ടാവണം. അതിൽ ഓരോരോ മാസത്തിന്റെയോ മുമ്മൂന്ന് മാസത്തിന്റെയോ കോഴ്സ് ഉണ്ടാവണം. ഇക്കാലഘട്ടത്തിൽ വിവിധ സ്ഥലങ്ങളിൽനിന്ന് ആളുകൾ വരണം. ആ കോഴ്സ് പൂർത്തിയായാൽ അവർ അവരുടെ നാട്ടിലേക്ക് തിരിച്ചുപോകണം. അവിടെപ്പോയി തങ്ങൾ പഠിച്ച കോഴ്സനുസരിച്ച് ജമാഅത്തിന്റെ തബ്ലീഗ് തുടങ്ങണം. പിന്നീട് അവരുടെ സ്ഥാനത്ത് മറ്റൊരു സംഘം വരണം. അവരും തങ്ങളുടെ കോഴ്സ് ഇപ്രകാരം പൂർത്തിയാക്കി തിരിച്ചുപോകണം. വർഷം മുഴുവൻ ഇപ്രകാരം പ്രവർത്തിക്കണം. പിന്നീട് ഇതേരീതിയിൽ ആദ്യവർഷം വന്നവർ വീണ്ടും വരണം. ഇപ്രകാരം അവരുടെ കോഴ്സ് പൂർത്തീകരിക്കണം. ഒപ്പം തബ്ലീഗും ചെയ്തുകൊണ്ടിരിക്കണം. ഞാൻ ഈ ഉദ്ദേശ്യത്തിനായി പ്രത്യേക ഉസ്താദിനെ നിയമിക്കുന്നതാണ്. ഇപ്രകാരം വന്നുകൊണ്ടിരിക്കുന്നവർ പഠനം തുടർന്നുകൊണ്ടേയിരിക്കും. യുദ്ധമൈതാനിയിൽ

നമസ്കരിക്കുന്ന രീതിയിലുള്ള ഒരു വിദ്യാഭ്യാസരീതിയാണിത്. ഇക്കാലത്തും ശത്രുക്കളോട് യുദ്ധമുണ്ട്. ഇപ്പോൾ അമ്പും വില്ലും എടുത്തുള്ള യുദ്ധമല്ല. പ്രത്യുത തെളിവും പ്രമാണവും വെച്ചുകൊണ്ടുള്ള യുദ്ധമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിനാൽ ശത്രുക്കൾ പ്രയോഗിക്കുന്ന അതേ ആയുധങ്ങൾ കൊണ്ട് നമ്മളും പോരാടണം. അതിനുള്ള ഒരു രീതി ഇപ്പറഞ്ഞതാണ്.

ഒരു വർഷത്തെ കോഴ്സ് അവസാനിച്ചതിനുശേഷം വീണ്ടും ആദ്യ സംഘക്കാർ വന്ന് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. ഓരോ വർഷത്തേക്കും പാഠ്യപദ്ധതി ഉണ്ടായിരിക്കും. നാലഞ്ച് വർഷങ്ങളിലായി അല്ലാഹു ഇച്ഛിക്കുന്നതുവരെ ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഈ കാലയളവിനുള്ളിൽ മുബല്ലിഗ് തയ്യാറായി രംഗത്തുവരും. ഇതൊരു രീതിയാണ്. ഇതൊരു നിറമാണ്. ഇത്തരം ഒരു മദ്റസ വേണ്ടതാണ് എന്ന നിലയിൽ നിങ്ങൾ ചിന്തിക്കുക.

### *ഉപദേശികളുടെ നിയമനം*

ഉപദേശികളെ നിയമിക്കേണ്ടതും നിർബന്ധമാണ്. കുറഞ്ഞ പക്ഷം പത്തുപേരെങ്കിലും വേണമെന്നാണ് എന്റെ അഭിപ്രായം. അവരെ വിവിധ സ്ഥലങ്ങളിലേക്ക് അയക്കേണ്ടതാണ്. ഉദാഹരണത്തിന് ഒരാൾ സിയാൽക്കോട്ടിലേക്ക് പോകണം. അദ്ദേഹം അവിടെപോയി ദർസ് കൊടുക്കട്ടെ. തബ്ലീഗ് പ്രവൃത്തികൾ ചെയ്യട്ടെ. മൂന്നുമാസംവരെ അവിടെ പ്രവർത്തിച്ചതിനുശേഷം രണ്ടാമത്തെ സ്ഥലത്തേക്ക് പോകട്ടെ. ഏതെങ്കിലും സ്ഥലത്ത് ഒന്നോ അരയോ ദിവസം പ്രബോധനപ്രസംഗമോ ഉപദേശപ്രസംഗമോ ചെയ്യുന്നതിനു പകരം, ഞാൻ പറഞ്ഞതുപോലെ ചെയ്താൽ കൂടുതൽ ഫലപ്രദമായിരിക്കും. ഉപദേശികൾ കുറഞ്ഞത് പത്ത് പേരെങ്കിലും ഉണ്ടാകണം. ഇത്രയും കിട്ടുന്നില്ലെങ്കിൽ കുറഞ്ഞത് അഞ്ചുപേർ എന്തായാലും ഉണ്ടാകണം.

### *ലൂത്തിന്റെ ജനതയുടെ സംഭവം*

ഈ അവസരത്തിൽ എനിക്കൊരു ഭയാനക സംഭവം ഓർമ്മ

വരുന്നു. ഹദ്റത്ത് ലൂത്ത്(അ)ന്റെ ജനതയുടെമേൽ ശിക്ഷ വന്ന പ്പോൾ, ഹദ്റത്ത് ഇബ്റാഹീം(അ) പ്രാർത്ഥിച്ചു: അപ്പോൾ എബ്റഹാം അടുത്തുചെന്ന് പറഞ്ഞു, നീ സന്മാർഗ്ഗികളെ ദുർമാർഗ്ഗികളോടൊപ്പം നശിപ്പിക്കുമോ? 50 സത്യവാന്മാർ ആ പട്ടണത്തിലുണ്ടെങ്കിൽ നീ അവരെ നശിപ്പിക്കുമോ? അവരുടെ ഇടയിൽ വസിക്കുന്ന ആ 50 സത്യവാന്മാർക്കുവേണ്ടി, ആ സ്ഥലത്തെ ശിക്ഷയിൽനിന്നൊഴിവാക്കുകയില്ലേ? സന്മാർഗ്ഗിയെ ദുർമാർഗ്ഗിയോടൊപ്പം നശിപ്പിക്കുകയും സന്മാർഗ്ഗി ദുർമാർഗ്ഗിക്ക് സമാനനായിത്തീരുകയും ചെയ്യുക എന്നത് നിന്നിൽനിന്ന് അകന്ന കാര്യമാണ്. ലോകം മുഴുവൻ നീതിയോടെ പ്രവർത്തി ക്കുന്നവനായ നീ നീതി കാണിക്കുകയില്ലേ? ദൈവം പറഞ്ഞു: സുദൂമിലെ പട്ടണത്തിൽ 50 സത്യവാന്മാരെ കണ്ടാൽ, അവർക്കു വേണ്ടി ഞാൻ എല്ലാ വീടുകളേയും രക്ഷിക്കുന്നതാണ്. അപ്പോൾ എബ്റഹാം പറഞ്ഞു: നോക്കുക, ഞാൻ അതിനിസ്സാരനാണെ ങ്കിലും ദൈവത്തോട് ചോദ്യം ചോദിക്കാൻ ധൈര്യം കാണിച്ചു. ഒരുപക്ഷേ, അമ്പത് സത്യവാന്മാരിൽ 5 കുറഞ്ഞാലോ? ദൈവം പറഞ്ഞു: അവിടെ 45 പേരെ കണ്ടാൽ ഞാൻ അവരെ നശിപ്പി ക്കുകയില്ല. പിന്നീട് എബ്റഹാം അവനോട് പറഞ്ഞു: അവിടെ 40 പേരെ കണ്ടാലോ? അപ്പോൾ അവൻ പറഞ്ഞു: ആ നാല്പ തുപേർക്കു വേണ്ടി ഞാൻ നശിപ്പിക്കുകയില്ല. പിന്നീട് എബ്റാഹാം പറഞ്ഞു: ദൈവമേ നീ ദ്വേഷപ്പെടുകയില്ലെങ്കിൽ ഞാനെന്റെ ആഗ്രഹം വീണ്ടും പ്രകടിപ്പിക്കാം. അവിടെ 30 സത്യ വാന്മാർ ഉണ്ടെങ്കിലോ? ദൈവം പറഞ്ഞു: അവിടെ മുപ്പത് ഉണ്ടാ യാലും ഞാൻ നശിപ്പിക്കുകയില്ല. പിന്നീട് എബ്റാഹാം പറ ഞ്ഞു, നോക്കൂ ഞാനെന്റെ ദൈവത്തോട് സംസാരിക്കാൻ ധൈര്യം കാണിച്ചു. അവിടെ ഇരുപത് സത്യവാന്മാരെ കണ്ടാലോ? ആ ഇരുപതു പേർക്കുവേണ്ടി ആ നാട്ടിനെ നശി പ്പിക്കുകയില്ലെന്ന് ദൈവം പറഞ്ഞു. അപ്പോൾ എബ്റാഹാം പറ ഞ്ഞു. ദൈവമേ, നീ ദ്വേഷപ്പെടരുതേ, അവിടെ പത്ത് സത്യവാ ന്മാരെ ഉള്ളൂവെങ്കിൽ നീ ആ നാടിനെ നശിപ്പിക്കുമോ? അപ്പോൾ ദൈവം പറഞ്ഞു, ആ പത്തുപേർക്കുവേണ്ടി ഞാൻ ആ നാടിനെ നശിപ്പിക്കുകയില്ല.

വിശുദ്ധഖുർആൻ ഇതുസംബന്ധമായി പറഞ്ഞു: ***ഫമാ വജദ്നാ ഫീഹാ ഗയ്റ ബയ്ത്തിൻമ്മിനൽ മുസ്‌ലിമീൻ*** (അപ്പോൾ അല്ലാഹുവിനെ അനുസരിക്കുന്നവരുടേതായി ഒരു വീടു മാത്രമേ അവിടെ നാം കണ്ടെത്തിയിട്ടുള്ളൂ. 51:37). ചുരുക്കത്തിൽ 10 ഉപദേശികൾ വേണമെന്ന് പറഞ്ഞപ്പോൾ ഞാനീ സംഭവം ഓർത്തുപോയതാണ്. പത്ത് മൗലവിമാരെപ്പോലും നമുക്ക് കിട്ടുന്നില്ലെങ്കിൽ കാര്യം എത്രമാത്രം ഖേദകരമാണ്. ഇത് ധാരാളം കരയേണ്ടതും താഴ്മയോടെ യാചിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതുമായ അവസരമാണ്. എന്തുകൊണ്ടെന്നാൽ, ഉലമാക്കളില്ലെങ്കിൽ ബലഹീനതയുണ്ടാകും. ഈ പോരായ്മ അകറ്റുന്നതിനായി ഞാൻ അല്ലാഹുവിനോട് ധാരാളം ദുആ ചെയ്യുന്നു.

ഞാൻ പറഞ്ഞ ഈ പദ്ധതി വിശുദ്ധഖുർആൻ നമ്മുടെ മുമ്പിൽ വെച്ചതുതന്നെയാണ്. അതു പറയുന്നു.

فَلَوْلَا نَفَرَ مِنْ كُلِّ فِرْقَةٍ ... الآية

(എന്നാൽ, അവരിൽ ഓരോ വിഭാഗത്തിൽനിന്ന് ഓരോ സംഘം, മതകാര്യത്തിൽ നല്ലവണ്ണം അറിവ് സമ്പാദിക്കുന്നതിനും തങ്ങളുടെ ജനങ്ങളിലേക്ക് തിരിച്ചുവന്നാൽ അവർക്ക് സൂക്ഷ്മത കൈക്കൊള്ളുന്നതിനായി താക്കീത് ചെയ്യുന്നതിനും എന്തുകൊണ്ട് പുറത്തുപോകുന്നില്ല? 9:122).

എല്ലാ സത്യവിശ്വാസികൾക്കും ഒരേ സമയത്ത് ദീൻ പഠിക്കാൻ വേണ്ടി സംഘടിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ്, ഓരോരോ പ്രദേശത്തുനിന്ന് കുറച്ചുകുറച്ചാളുകൾ വരികയെന്നും നബി(സ)യുടെ സന്നിധിയിൽ താമസിച്ച് ദീനീപരമായ അറിവ് സമ്പാദിച്ച് തങ്ങളുടെ ജനതയിൽ പോയി അവരെ പഠിപ്പിക്കുകയെന്നും പറഞ്ഞത്. അതുകൊണ്ട് ഞാൻ ആദ്യം പറഞ്ഞ ഈ പദ്ധതിയെ വിശുദ്ധഖുർആൻ പിന്താങ്ങുന്നു. അപ്പോൾ ഇങ്ങനെ പറയാം, വിശുദ്ധഖുർആന്റെ നിർദ്ദേശമനുസരിച്ചുള്ളതാണ് എന്റെ ആദ്യത്തെ പദ്ധതി. രണ്ടാമത്തെ തീരുമാനവും വിശുദ്ധഖുർആന്റേതുതന്നെയാണ്. അതു പറയുന്നു:

***വൽതകുൻമ്മിൻകും ഉമ്മത്തുൻയ്യദ്ഊന ഇലൽഖയ്‌രി*** നന്മ യിലേക്ക് ക്ഷണിക്കുന്ന ഒരു സംഘം നിങ്ങളിലുണ്ടാവേണ്ടതാണ് (3:105).

ഈ വചനം തബ്‌ലീഗ് പ്രവർത്തനം നടത്തുന്ന ഉപദേശി കളുടെ സംഘത്തെ ബലപ്പെടുത്തുന്നു.

***ധർമ്മശാസ്ത്ര പഠനം***

ഈ കാര്യങ്ങൾക്കുശേഷം വരുന്നത് ധർമ്മശാസ്ത്രങ്ങൾ പഠിപ്പിക്കുന്ന ജോലിയാണ്. ജനങ്ങൾക്ക് ശരീഅത്തുമായി പരി ചയമില്ലാതിരിക്കുകയും, എന്തു ചെയ്യണമെന്ന് അറിയാതിരിക്കു കയും ചെയ്യുവോളം കർമ്മപരമായ അവസ്ഥയുടെ പരിഷ്ക രണം പ്രയാസകരമാകുന്നു. അതുകൊണ്ട് ശരീഅത്ത് പഠിപ്പി ക്കേണ്ടത് ഖലീഫയുടെ ജോലികളിൽ അനിവാര്യമാണ്. ഒരാൾ ബയ്അത്ത് ചെയ്യാൻ പോകുന്നത് ഞാൻ കണ്ടു. അയാൾക്ക് കലിമപോലും അറിയില്ല. അതുകൊണ്ട് ദീനീപരമായ അത്യാ വശ്യകാര്യങ്ങൾ അറിയാത്തവരായി നമ്മുടെ ജമാഅത്തിൽ ആരും ഉണ്ടാകാൻ പാടില്ല. അതിനാൽ ശരീഅത്ത് പഠിപ്പിക്കാ നുള്ള ഏർപ്പാടുണ്ടാകേണ്ടത് അത്യാവശ്യമാണ്. ഈ പ്രവൃത്തി കുറച്ച് മുബല്ലിഗുമാരെക്കൊണ്ടും ഉപദേശികളെക്കൊണ്ടും ചെയ്യി ക്കാവുന്നതാണ്. അത്യാവശ്യമായ ദീനീകാര്യങ്ങൾ അവർ ജന ങ്ങൾക്ക് പറഞ്ഞുകൊടുക്കട്ടെ. ജനങ്ങളിൽ, നേതാവ് എന്നു പറ ഞ്ഞുനടക്കുന്ന ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. അവർക്ക് നമ സ്കരിക്കാനറിയില്ല. അവർ ചെയ്യുന്ന ചില തെറ്റുകൾ കാണു മ്പോൾ അത്ഭുതപ്പെട്ടുപ്പോകുന്നു. നമസ്കരിക്കാനറിയാത്തവ രാണ് അവർ. അവർക്കറിയില്ല എന്നത് തീർച്ചയാണ്. ആരെ ങ്കിലും ഇത്, (കാര്യങ്ങൾ ക്രമത്തിൽ ചെയ്യേണ്ടത്) നിരർത്ഥക മാണെന്ന് പറഞ്ഞേക്കാം. ഞാൻ ചോദിക്കുന്നു, അങ്ങനെയാ ണെങ്കിൽ അല്ലാഹു ***യുഅല്ലിമുഹുമുൽകിതാബ വൽഹിക്മത്ത*** എന്നു പറഞ്ഞതെന്തിനാണ്? അതുകൊണ്ട് ഓരോ കാര്യവും ക്രമമനുസരിച്ച് ചെയ്യേണ്ടത് നിർബ്ബന്ധമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ ഓരോന്നിന്റേയും തത്ത്വശാസ്ത്രം എനിക്ക് വിവരിക്കാൻ കഴിയും. ഹദ്റത്ത് സാഹിബ് കാലുറ

യിൽ ചെറിയൊരു സുഷിരം കണ്ടാൽ ഉടനെ അത് മാറ്റുന്ന തായി ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ, ഇപ്പോൾ ഉപ്പൂറ്റിയും കീഴ്പാ ദവും രണ്ടുമില്ലാത്ത കാലുറകളുടെമേൽ തടവുന്നതായി ഞാൻ കാണുന്നു. ഇതെന്തുകൊണ്ടാണുണ്ടാകുന്നത്? ശരീഅത്തിന്റെ കല്പനകൾ അറിയുകയില്ല. ധാരാളമാളുകളെ ഞാൻ കണ്ടിട്ടു ണ്ട്, വിധിവിലക്കുകൾ പാലിക്കേണ്ട ശരിയായ സ്ഥലവും സന്ദർഭവുമറിയാത്തവരാണ് അവർ.

ഒരു സ്നേഹിതൻ എന്നോട് ഒരു ഫലിതം പറഞ്ഞു. ഏതോ ഒരു മൗലവി പട്ടിന്റെ കരയുള്ള മുണ്ട് ഉടുത്തിരുന്നു. ആ കര വളരെ വീതിയുള്ളതായിരുന്നു. പട്ട് നിരോധിച്ചതാണല്ലോ എന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. മൗലവി സാഹിബ് പറഞ്ഞു: അതെവിടെ എഴുതിയിരിക്കുന്നു. ഞാൻ പറഞ്ഞു, നാലു വിര ൽ വീതിയിൽ കൂടുതലാകാൻ പാടില്ലെന്ന് നിങ്ങളിൽ നിന്നൊക്കെ കേട്ടതാണ്. മൗലവി സാഹിബ് പറഞ്ഞു: ഈ നാലുവിരൽ എന്റേയോ നിന്റേയോ അല്ല. മറിച്ച്, ഹദ്റത്ത് ഉമറി ന്റേതാണ്. അദ്ദേഹത്തിന്റെ നാലുവിരലുകൾക്ക് നമ്മുടെ ഒരു ചാൺ വലിപ്പമുണ്ടായിരുന്നു. ഇപ്രകാരമാണ് മനുഷ്യൻ ഭാവ നാത്മകമായ ശരീഅത്തീ നിയമങ്ങൾ സ്ഥാപിക്കുന്നത്. ഇത് ഭയപ്പെടേണ്ട സ്ഥാനമാണ്. ഇത്തരം കാര്യങ്ങളിൽനിന്ന് അക ന്നിരിക്കേണ്ടതാണ്. ശരീഅത്തിന്റെ പരിധികൾ അറിയുമ്പോ ഴാണ് ഇത് സാധ്യമാകുന്നത്. അല്ലാഹുവിനോടുള്ള ഭയം മന സ്സിലുണ്ടാകുകയും വേണം. ചെറിയ ചെറിയ കല്പനകൾ ഗൗനി ച്ചില്ലെങ്കിലും പ്രശ്നമൊന്നുമില്ലെന്ന് ധരിക്കരുത്. ഇത് വളരെ വലിയ അബദ്ധമാണ്. ഏറ്റവും ചെറിയ കല്പന പാലിക്കാത്ത വൻ വലുതിൽ വലുതായ കല്പനകളും പാലിക്കുകയില്ല. അല്ലാ ഹുവിന്റെ കല്പനയെല്ലാം വലുതു തന്നെയാണ്. വലിയവർ പറ യുന്ന കാര്യം വലുതുതന്നെയായിരിക്കും. ജനങ്ങൾ ചെറുതായി മനസ്സിലാക്കുന്ന കല്പനകളും അതിനോടുള്ള അശ്രദ്ധയും അവ ഗണനയും ചിലപ്പോൾ സത്യത്തെ നിഷേധിക്കുന്നതുവരെ കൊണ്ടെത്തിക്കും. അല്ലാഹു ചില ചെറിയ ചെറിയ കല്പന കൾ പറഞ്ഞിട്ടുണ്ട്. പക്ഷേ, അതിന്റെ മഹത്ത്വത്തിന് കുറവ്

വരികയില്ല. ത്വാലൂത്തിന്റെ സംഭവം വിശുദ്ധഖുർആനിലുണ്ട്. ഒരു നദി മുഖേന ജനങ്ങളെ പരീക്ഷിച്ചു. വയറു നിറച്ച് കുടിച്ച വരോട് പറഞ്ഞു, ***ഫലയ്സമിന്നീ***- നിങ്ങൾ എന്നിൽപ്പെട്ടവര ല്ല. ഇതറിയുമ്പോൾ ഒരു ഉപരിപ്ലവ ചിന്താഗതിക്കാരൻ ചോദി ക്കുന്നത്, വെള്ളം കുടിക്കുന്നതുകൊണ്ട് എന്താണ് തെറ്റെന്നാ യിരിക്കും? എന്നാൽ, അങ്ങനെയല്ല, അനുസരണം പഠിപ്പിക്കുക എന്നതായിരുന്നു അല്ലാഹുവിന്റെ ഉദ്ദേശ്യം. അവർ യുദ്ധം ചെയ്യാൻ പോകുകയായിരുന്നു. അതുകൊണ്ട് അവരെ പരീക്ഷി ക്കാൻ കല്പന കൊടുത്തു. ഇത്തരം ചെറിയ കല്പന പാലി ക്കാൻപോലും അവർ സന്നദ്ധരല്ലെങ്കിൽ, രണാങ്കണത്തിൽ മേല ധികാരിയുടെ കല്പന എങ്ങനെ അംഗീകരിക്കും? ചുരുക്കിപ്പറ ഞ്ഞാൽ, അല്ലാഹുവിന്റെ സകല കല്പനകളിലും ഹിക്മത്തു കളുണ്ട്. മനുഷ്യൻ അതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹു ഈമാൻ കൊള്ളാൻ ഭാഗ്യം നല്കുന്നു. തന്റെ അനു ഗ്രഹത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുന്നു. (സമയം കൂടു തലായതിൽ പരിഭ്രമിക്കേണ്ടതില്ലെന്ന് പ്രസംഗമദ്ധ്യേ ഖലീഫ ത്തുൽ മസീഹ്(റ) പറഞ്ഞു). നബി(സ) തിരുമേനിയ്ക്കും ചില പ്പോൾ ദീർഘമായി പ്രസംഗിക്കേണ്ടി വന്നിട്ടുണ്ട്. നിങ്ങളെ എന്തിനുവേണ്ടിയാണ് വിളിച്ചുകൂട്ടിയത്, നിങ്ങൾ പൂർണ്ണമായ നിലയിൽ ഇത് അറിയുന്നവരായിത്തീരണമെന്ന് എനിക്ക് ആഗ്ര ഹമുണ്ട്.

ശരീഅത്തീ കല്പനകളിൽ ഹിക്മത്തുകളുണ്ട്. അവയുടെ യാഥാർത്ഥ്യം അറിയുകയില്ലെങ്കിൽ ചിലപ്പോൾ യഥാർത്ഥ കല്പ നയും പൊയ്പോകുന്നു. പിന്നീട് അശ്രദ്ധയും അലസതയും പിടിപെട്ട് നശിച്ചുപോകുന്നു. നമസ്കാരം ഏതെങ്കിലും ബഞ്ചിലോ കസേരയിലോ ഇരുന്നുകൊണ്ടാകണമെന്ന് ഏതോ ഒരു ജന്റിൽമാൻ എഴുതുകയുണ്ടായി. കാരണം പാന്റ്സ് ചുളി ഞ്ഞുപോകുന്നുവത്രെ! മറ്റൊരാൾ പറഞ്ഞത് വുളുവിന്റെ ആവ ശ്യവുമില്ലെന്നാണ്. കാരണം അതുകൊണ്ട് കുപ്പായത്തിന്റെ കഫ് തുടങ്ങിയവ അഴുക്കാകുന്നുവത്രെ! ഇത്രവരെ സംഗതിയെത്തി യാൽപിന്നെ റുക്കൂഉം സുജൂദും അതിനോടുകൂടി പമ്പകടക്കു

ന്നു. അവർക്ക് ഹിക്മത്ത് പഠിപ്പിച്ചുകൊടുക്കാൻ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ, നമസ്കാരത്തിന്റെ യാഥാർത്ഥ്യം ഇന്നതാണെന്ന് പറഞ്ഞുകൊടുത്തിരുന്നുവെങ്കിൽ, വുളു ചെയ്യുന്നതുകൊണ്ടും റുക്കൂഉം സുജൂദും ചെയ്യുന്നതുകൊണ്ടും ഇന്നയിന്ന ഗുണങ്ങളുണ്ടെന്ന് പറഞ്ഞുകൊടുത്തിരുന്നെങ്കിൽ ഈ നാശം വരുമായിരുന്നുവോ? ഇങ്ങനെ അവർ ദീനിൽനിന്ന് സലാം പറഞ്ഞ് പോകുമായിരുന്നോ? മുസ്ലിംകൾ ദൈവകല്പനകളുടെ തത്ത്വശാസ്ത്രം പഠിക്കുന്നതിന് ശ്രമിച്ചില്ല. അതിന്റെ ഫലമായി ധാരാളമാളുകൾ മതപരിത്യാഗികളായിപ്പൊയ്ക്കൊണ്ടിരിക്കുന്നു. ഏതെങ്കിലും പണ്ഡിതൻ അവർക്ക് തത്ത്വശാസ്ത്രം പറഞ്ഞുകൊടുത്തിരുന്നുവെങ്കിൽ നിരീശ്വരത്വവും മതപരിത്യാഗവും ഉണ്ടാകുമായിരുന്നില്ല.

ഇവിടെ ഇതേ പള്ളിയിലെ വീട്ടിന്റെ ഉടമസ്ഥൻ (ഈ പള്ളിയടങ്ങുന്ന വീട് മിർസാ ഇമാമുദ്ദീൻ തുടങ്ങിയവരിൽനിന്ന് വാങ്ങിയതാണ്- ഗ്രന്ഥകർത്താവ്) ഹദ്റത്ത് സാഹിബിന്റെ പിതാവിന്റെ സഹോദരപുത്രൻ മിർസാ ഇമാമുദ്ദീൻ നിരീശ്വരനായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (അവ്വൽ) ഒരിക്കൽ അദ്ദേഹത്തോട് ചോദിച്ചു, മിർസാ സാഹിബേ, ഇസ്ലാമിലേക്ക് ശ്രദ്ധിക്കണമെന്ന് എപ്പോഴെങ്കിലും ചിന്തയുണ്ടായിട്ടുണ്ടോ? പറയാൻ തുടങ്ങി: എന്റെ പ്രകൃതി ചെറുപ്പം മുതൽ കുറ്റമറ്റതായിരുന്നു. ആളുകൾ നമസ്കരിക്കുകയും റുക്കൂഉം സുജൂദും ചെയ്യുന്നത് കാണുകയും ചെയ്യുമ്പോൾ, ഇവരെന്താണ് കാണിക്കുന്നതോർത്തു എനിക്ക് ചിരി വരുമായിരുന്നു.

ഇതെന്തു കൊണ്ടാണ്? ഇതിനുകാരണം അദ്ദേഹത്തെ ആരും തത്ത്വശാസ്ത്രം പഠിപ്പിച്ചിട്ടില്ല എന്നതാണ്. ഇസ്ലാമിക ശരീഅത്തിന്റെ യാഥാർത്ഥ്യം പറഞ്ഞുകൊടുത്തിട്ടില്ല. തൽഫലമായി നിരീശ്വരനായിപ്പോയി. അതുകൊണ്ട് ഹിക്മത്ത് പഠിപ്പിക്കുക എന്നത് ഖലീഫയുടെ പ്രവൃത്തിയാണ്. പക്ഷേ, ഖലീഫയ്ക്ക് എല്ലായിടത്തും എത്തിപ്പെടാൻ സാധിക്കുകയില്ല. അതുകൊണ്ട് ഒരു സംഘമുണ്ടാകണം. അവർ അദ്ദേഹത്തിന്റെ അടുത്ത് താമസിച്ച് ഈ തത്ത്വശാസ്ത്രങ്ങളും ശരീഅത്ത് കല്പ

നകളുടെ പരിധികളും പഠിക്കണം. പിന്നീട് തന്റെ കീഴിലുള്ള വരെ അത് പഠിപ്പിക്കണം. ജനങ്ങൾ വഴിതെറ്റിപ്പോകാതിരിക്കാനാണിത്. ഇക്കാലത്ത് പ്രത്യേകമായും അതിന്റെ ആവശ്യമുണ്ട്. കാരണം ജനങ്ങൾ ആധുനിക അറിവുകൾ വായിച്ച് സമർത്ഥന്മാരാകുകയാണ്. ആരാധനകളോടൊപ്പം ഭൗതികമായ കാര്യങ്ങളും കൂട്ടിക്കലർത്തിയെന്ന് ക്രിസ്ത്യാനികൾ ഇസ്‌ലാമിന്റെ മേൽ ആക്ഷേപം ഉന്നയിക്കുന്നു. അവർക്ക് ശരീഅത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് വിവരമില്ല. അതുകൊണ്ട് മറ്റുള്ളവരെ വഴിതെറ്റിക്കുന്നു. ശരീഅത്ത് പഠിപ്പിക്കുന്നതിനും അവയുടെ തത്ത്വങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കുന്നതിനും ഉപദേശപ്രസംഗകരുടെ ആവശ്യമുണ്ട്.

### *വിശ്വാസപരമായ പാഠങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം*

ഇതുകൂടാതെ മറ്റൊരു അത്യാവശ്യ കാര്യമുണ്ട്. ഹദ്റത്ത് സാഹിബിന് അതിനെ സംബന്ധിച്ച് വലിയ ശ്രദ്ധ ഉണ്ടായിരുന്നു. എന്നാൽ, ജനങ്ങൾ മറന്നുപോയി. ***ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ***. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അത് പറഞ്ഞു. എന്നാൽ, ജനങ്ങൾ വീണ്ടും മറന്നു. ഞാനിന്ന് വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ***ഇൻശാഅല്ലാഹുൽഅസീസ്*** ഞാനത് ഓർമ്മവയ്ക്കുന്നതാണ്. അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് ആ ജോലി പൂർത്തിയാക്കുന്നതുവരെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നതുമാണ്. അഹ്‌മദിയ്യാ വിശ്വാസങ്ങൾ പ്രതിപാദിക്കുന്ന ഒരു ചെറുഗ്രന്ഥം ഉണ്ടാകണമെന്നുള്ള ആഗ്രഹം ഞാൻ പലപ്പോഴും ഹദ്റത്ത് സാഹിബിൽനിന്ന് കേട്ടിട്ടുണ്ട്. അത്തരം ചെറുഗ്രന്ഥം തയ്യാറാവുകയാണെങ്കിൽ ഇന്ന് കാണുന്ന കലഹങ്ങൾക്ക് തീർപ്പുണ്ടാകുകയും പിന്നീട് തർക്കങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്യും.

ഇതിനുവേണ്ടി ഉലമാക്കളുടെ ഒരു കമ്മിറ്റി രൂപീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ഹദ്റത്ത് സാഹിബിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയും ആ മഹാത്മാവിന്റെ പ്രഭാഷണങ്ങളെ മുന്നിൽവച്ചുകൊണ്ട് അഹ്‌മദിയ്യാ വിശ്വാസങ്ങൾ എന്ന വിഷയത്തിൽ ഒരു ഗ്രന്ഥമെഴുതി പ്രസിദ്ധീകരിക്കുകയും ചെയ്യ

ണം. '***കുഫ്റും ഇസ്ലാമും***' എന്നു തുടങ്ങി ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ വിവാദങ്ങളും അതോടെ അവസാനിക്കുന്നതാണ്. എന്നാലിന്ന് അത്തരം കാര്യങ്ങളെല്ലാമടങ്ങുന്ന ആധികാരികഗ്രന്ഥം നിലവിലില്ല. വിവിധ തരത്തിലുള്ള തർക്കങ്ങളാണ് ഇക്കാലത്തുണ്ടായിക്കൊണ്ടിരിക്കുന്നത്. ഹദ്റത്ത് സാഹിബ് യേശുവിനെക്കാൾ ശ്രേഷ്ഠനാണെന്ന് ചിലർ പറയുന്നു. ചിലർ അല്ലെന്ന് പറയുന്നു. ജനങ്ങൾക്ക് അറിവില്ലാത്തതാണ് അതിന്റെ മൂലകാരണം. എന്നാൽ, അത്തരം എല്ലാ കാര്യങ്ങളുമടങ്ങുന്ന ഗ്രന്ഥം ഉലമാക്കളുടെ ഒരു മജ്‌ലിസിന്റെ പൂർണ്ണമായ ചിന്തയ്ക്കുശേഷം പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ എല്ലാവരും അത് തങ്ങളുടെ കൈയിൽ സൂക്ഷിക്കുന്നതാണ്. ഇങ്ങനെ വിശ്വാസങ്ങളിൽ ഇൻശാഅല്ലാഹ് വൈരുദ്ധ്യം ഉണ്ടാകുകയുമില്ല.

### *നബി(സ)യുടെ ഉപദേശരീതി*

വളരെ ഹ്രസ്വമായിട്ട് ഉപദേശപ്രസംഗം നടത്തുന്ന രീതിയായിരുന്നു പൊതുവെ നബി(സ) തിരുമേനിയുടേത്. എന്നാൽ, ചിലപ്പോൾ ഉപദേശപ്രസംഗം നടത്തിക്കൊണ്ടിരിക്കുകയും ളുഹ്റിന്റെ സമയത്ത് നമസ്കരിക്കുകയും വീണ്ടും പ്രസംഗം അസ്ർ നമസ്കാരംവരെ തുടരുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇന്നത്തെ ഉപദേശപ്രസംഗം ഈ രണ്ടാമത് പറഞ്ഞ സുന്നത്തനുസരിച്ചാണെന്ന് തോന്നുന്നു. ബയ്അത്തുദ്ദുആയിൽപോയി ദുആ ചെയ്തിട്ടാണ് ഞാനിവിടെ വന്നത്; സന്മാർഗ്ഗത്തിന്റേതല്ലാത്ത ഒരു കാര്യവും എന്റെ നാവിൽനിന്ന് പുറത്തുവരുത്തരുതേ എന്ന് ഞാൻ ദുആ ചെയ്തു. സന്മാർഗ്ഗത്തിന്റെ കാര്യങ്ങൾ ഉണ്ടാകണം, ജനങ്ങൾ സന്മാർഗ്ഗമാണെന്ന് മനസ്സിലാക്കി വിശ്വസിക്കണം. സമയം കൂടുതലായെന്ന് എനിക്കറിയാം. ഞാൻ എന്നെ തടയാനാഗ്രഹിക്കുന്നുണ്ട് പക്ഷേ, വിഷയങ്ങൾ ഒന്നിനുപിറകെ ഒന്നായി വന്നുകൊണ്ടേയിരിക്കുന്നു. അതിനാൽ, എനിക്ക് സംസാരിക്കേണ്ടതായി വരുന്നു. ഇത് ദൈവികപ്രേരണയായി മനസ്സിലാക്കിയും എന്റെ ദുആയുടെ ഫലമാണെന്ന് ദൃഢമായി വിശ്വസിച്ചുംകൊണ്ട് സംസാരിക്കാൻ ഞാൻ നിർബ്ബ

ന്ധിതനാവുകയാണ്. ചുരുക്കത്തിൽ വിശ്വാസങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലഘുലേഖയുടേയോ ചെറുഗ്രന്ഥത്തിന്റേയോ ആവശ്യമുണ്ട്. ഇതില്ലാത്തതുകൊണ്ട്, പല വിഷമങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചിലർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'തർയാഖുൽഖുലൂബ്' എന്ന ഗ്രന്ഥം മാത്രം പാരായണം ചെയ്തു. അതിൽനിന്ന് കിട്ടിയ ഒരു കാര്യം മാത്രം മനസ്സിൽ ഉറച്ചുനില്ക്കുന്നു; അവർ 'ഹഖീഖത്തുൽ വഹ്യ്' എന്ന ഗ്രന്ഥം വായിച്ചിട്ടില്ല. മറ്റൊരാൾ വന്ന് 'ഹഖീഖത്തുൽ വഹ്യ്' വായിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വിവാദം നടത്തുന്നു. മൂന്നാമതൊരാൾ ഹദ്റത്ത് സാഹിബിന്റെ 180–ലേറെ വരുന്ന വിജ്ഞാപനങ്ങൾ വായിച്ചു. അയാൾ തന്റെ അറിവനുസരിച്ച് സംസാരിക്കുന്നു. ഉദാഹരണത്തിന്, ഇത്രമാത്രം വിജ്ഞാപനങ്ങളുണ്ടെന്ന് (ഇശ്തിഹാറാത്ത്) എനിക്കറിയില്ലായിരുന്നു. ഇന്നാണ് ഞാൻ അതറിയുന്നത്. ഇൻശാഅല്ലാഹ് ഞാൻ ആ എല്ലാ വിജ്ഞാപനങ്ങളും വായിക്കുന്നതാണ്.

അതുകൊണ്ട് ഉലമാക്കളുടെ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയും വിശ്വാസങ്ങളെ സംബന്ധിച്ച് ഒരു തീരുമാനമെടുത്ത് ഒരു ചെറുഗ്രന്ഥത്തിൽ അവ സ്വരുക്കൂട്ടുകയും വേണം. ഇത് ജമാഅത്തംഗങ്ങൾക്ക് കൊടുക്കുകയും അവരെല്ലാം അത് വായിക്കുകയും ഓർമ്മവയ്ക്കുകയും വേണം. വിശ്വാസങ്ങളെ സംബന്ധിച്ചുയരുന്ന എല്ലാ തർക്കങ്ങളും ഇൻശാഅല്ലാഹ് പൂർണ്ണമായും അതോടെ ഇല്ലാതാകുന്നതാണ്. എല്ലാവരുടെയും വിശ്വാസം ഒന്നുമാത്രമായിരിക്കും. പിന്നീട് തർക്കമുണ്ടായാൽത്തന്നെ അത് വളരെ നിസ്സാരമായിരിക്കും. അതുകൊണ്ട് ഇപ്പോഴുണ്ടായതുപോലെ ഭിന്നിപ്പ് ഉണ്ടാകുകയില്ല. ഇപ്പോൾ ഉണ്ടായിരിക്കുന്ന അഭിപ്രായഭിന്നതയും വിശ്വാസങ്ങളുടെ കാരണത്താലല്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. കുഫ്റിന്റെയും ഇസ്ലാമിന്റെയും പേരിലുള്ള ചതിയാണ്. അഹ്മദിയും അനഹ്മദിയും എന്ന പ്രശ്നത്തിന് ഖിലാഫത്തുമായിട്ടെന്തു ബന്ധം. ഈ പ്രശ്നം തീർന്നാൽ, ഈ

ആക്ഷേപകർ ഖിലാഫത്തിനെ അംഗീകരിക്കുമോ? ഒരിക്കലു മില്ല. ഇത് അനഹ്മദിയുടെ സഹതാപം പിടിച്ചുപറ്റുന്നതിനും ചില അഹ്മദികളെ വഴിതെറ്റിക്കുന്നതിനും വേണ്ടിയാണ്. നന്നായി ചിന്തിച്ചുനോക്കുക, അയൽവാസികളുടെ മതമേതാണെന്ന് ചർച്ച ചെയ്ത് ഒടുക്കം ഭാര്യയും ഭർത്താവും അല്ലെങ്കിൽ രണ്ട് സഹോദരന്മാർ പരസ്പരം തമ്മിത്തല്ലി ഒരാൾ മറ്റൊരാളിൽനിന്ന് അകലുന്ന അവസ്ഥയൊന്ന് ചിന്തിച്ചുനോക്കുക. ഇത് ബുദ്ധിപരമായ കാര്യമല്ല. ഈ പ്രശ്നം അതിനൊക്കെ ഒരു മറയാക്കുന്നു എന്നു മാത്രം!

### *എന്റെ ആഗ്രഹം*

എന്റെ ആഗ്രഹങ്ങളുടെ പൂർത്തീകരണം എന്റെ കാലത്തു തന്നെയുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത് ഐക്യത്തിന് അത്യാവശ്യമാണ്. ഞാനെന്റെ അല്ലാഹുവിൽ വലിയ വലിയ പ്രതീക്ഷകൾ വെച്ചുപുലർത്തുന്നതുപോലെ അല്ലാഹു ഇച്ഛിച്ചാൽ എല്ലാ കാര്യങ്ങളും നടക്കുന്നതാണ്. ശരീഅത്ത് പഠിപ്പിക്കാനുള്ള ഏർപ്പാടുകളും ഉണ്ടാകും. തത്ത്വശാസ്ത്രങ്ങളും പഠിപ്പിക്കും. ഈ എല്ലാ കാര്യങ്ങളും ഇൻശാഅല്ലാഹ് വിശുദ്ധ ഖുർആനിൽനിന്നുതന്നെ പറയുകയും ചെയ്യും.

### *ആത്മാവിന്റെ ശുദ്ധീകരണം*

ഇക്കാര്യങ്ങൾക്കുശേഷം വരുന്നത് ആത്മാവിന്റെ ശുദ്ധീകരണമാണ്. ഞാൻ പറയുകയുണ്ടായി, വിശുദ്ധഖുർആനിൽ നിന്നും ബഖറ അധ്യായത്തിലെ വചനങ്ങളുടെ ക്രമവത്കരണത്തിൽനിന്നും മനസ്സിലാകുന്നത് ആത്മാക്കളുടെ ശുദ്ധീകരണത്തിന് ഏറ്റവും വലുതും, സംശുദ്ധവുമായ ആയുധം പ്രാർത്ഥന തന്നെയാകുന്നു എന്നാണ്. നമസ്കാരത്തിലും ദുആ തന്നെയാണുള്ളത്. നബി(സ)യുടെ ശുദ്ധീകരണപ്രവർത്തനത്തെക്കുറിച്ച് പറഞ്ഞ ബഖറ അധ്യായവും ദുആയോടെയാണ് അവസാനിപ്പിച്ചിട്ടുള്ളത്. നമസ്കാരത്തിന്റെ അവസാനഭാഗത്തും ദുആ തന്നെയാണുള്ളത്.

ആത്മാക്കളുടെ ശുദ്ധീകരണത്തിന് ആദ്യം വേണ്ടത് ദുആ

തന്നെയാണ്. അല്ലാഹുവിന്റെ അനുഗ്രഹമൊന്നു കൊണ്ടുമാത്രം ഞാൻ ധാരാളം ദുആ ചെയ്യാറുണ്ട്. നിങ്ങളും ദുആകളെ പ്രയോജനപ്പെടുത്തുക. അല്ലാഹു കൂടുതൽ കഴിവ് നല്കുമാറാകട്ടെ. എന്റെയും നിങ്ങളുടെയും ദുആ തമ്മിലും വ്യത്യാസമുണ്ടെന്ന കാര്യം ഓർമ്മിക്കുക. ഒരു ജില്ല ആഫീസറുടെ റിപ്പോർട്ടിന്റെ സ്വാധീനം ഒന്നാണ്, ലഫ്റ്റനന്റ് ഗവർണറുടെ റിപ്പോർട്ടിന്റെ സ്വാധീനം മറ്റൊന്നാണ്. വൈസ്രോയിയുടേത് വേറൊന്നാണ്. ഇപ്രകാരം അല്ലാഹു ആരെയെങ്കിലും ഖിലാഫത്തിന്റെ സ്ഥാനമാനത്ത് നിയമിച്ചാൽ അദ്ദേഹത്തിന്റെ ദുആയുടെ സ്വീകാര്യതയും വർദ്ധിപ്പിക്കുന്നു. കാരണം അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിച്ചില്ലെങ്കിൽ, തന്റെ തിരഞ്ഞെടുപ്പിന് അത് അപകീർത്തികരമായിരിക്കുമെന്ന് അവന്നറിയാം. നിങ്ങൾക്കുവേണ്ടി അധികമധികമായി പ്രാർത്ഥിക്കാൻ തൗഫീഖ് കിട്ടുന്നതിനായി നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. അല്ലാഹുതആല നമ്മുടെ എല്ലാത്തരം മടിയുമകറ്റി ഉന്മേഷം ഉണ്ടാക്കുമാറാകട്ടെ. ഞാൻ ചെയ്യുന്ന ദുആ ഇൻശാഅല്ലാഹ് വ്യക്തിഗതമായ നിലയിൽ ഓരോ വ്യക്തിയും ചെയ്യുന്ന ദുആയേക്കാൾ കൂടുതൽ ശക്തിയുൾക്കൊള്ളുന്നതായിരിക്കും. ആത്മശുദ്ധീകരണത്തെക്കുറിച്ച് ആരോ ഒരു സൂക്ഷ്മമായ കാര്യം എന്നോട് പറയുകയുണ്ടായി. അതായത് ആ മൂന്നുകാര്യങ്ങളുടെയും ഫലമാണ് ***യുസക്കീഹിം*** എന്നതെന്ന്. അതായത് വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിക്കുകയും ചെയ്യുക. ഇതിനുശേഷം ഈ ജമാഅത്തിൽ പരിശുദ്ധി ഉണ്ടാകുന്നതാണ്.

ആത്മാക്കളുടെ ശുദ്ധീകരണത്തിനുള്ള മറ്റൊരു വലിയ മാർഗ്ഗം മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. അത് തികച്ചും ഫലപ്രദമാണെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അതിലെ ഓരോ അക്ഷരവും സത്യമാണ്. അതിതാണ്; **'ഖാദിയാനിൽവരാത്ത ഓരോ വ്യക്തിയേയും അല്ലെങ്കിൽ കുറഞ്ഞപക്ഷം ഹിജ്റത്ത് ചെയ്യാൻ ആഗ്രഹമില്ലാത്ത ഓരോരുത്തരേയും സംബന്ധിച്ച് അവരുടെ ഈമാൻ ശരിയായതാണോ എന്ന്**

**സംശയമുണ്ട്.**' (തർയാഖുൽ ഖുലൂബ്, പേ-60). അബ്ദുൽ ഹക്കീമിനെ സംബന്ധിച്ച് ഇതുതന്നെയാണ് പറയാറുണ്ടായിരുന്നത്. അദ്ദേഹം ഖാദിയാനിൽ വരാറില്ലായിരുന്നു. ഖാദിയാനെക്കുറിച്ച് അല്ലാഹു പറഞ്ഞിട്ടുള്ളത് ***ഇന്നഹൂ ആവൽഖർയ*** എന്നാണ്. (നിശ്ചയം ഇത് അഭയസ്ഥലമാണ്). ആദരണീയമായ മക്കയിലും പ്രകാശമയമായ മദീനയിലും ഇറങ്ങുന്ന അനുഗ്രഹങ്ങൾ ഇവിടെ ഇറങ്ങുന്നുവെന്നത് സത്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഇത് പറയാറുണ്ടായിരുന്നു.

ഖാദിയാന്റെ മണ്ണ് ഇപ്പോൾ ആദരണീയമാണ്. ജനക്കൂട്ടം കൊണ്ട് അശുദ്ധമാകാത്ത പുണ്യസ്ഥലമാണ്. രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കെ, ആ മഹാത്മാവ് ജനിച്ചതും നടന്നുവളർന്നതും അവസാനം അന്ത്യവിശ്രമം കൊള്ളുന്നതുമായ സ്ഥലത്ത് അനുഗ്രഹം ഇറങ്ങുകയില്ലേ?

അല്ലാഹുതആല നബി(സ) തിരുമേനി മുഖേന വാഗ്ദാനം ചെയ്തതാണ്, മക്കയിൽ ദജ്ജാൽ പോകുകയില്ലെന്ന്. അത് വെറും സ്ഥലമെന്ന് കാരണത്താലാണോ? അല്ല, മറിച്ച് മുഹമ്മദ് റസൂലുല്ലാഹ് അവിടെ എഴുന്നേല്പിക്കപ്പെട്ടതുകൊണ്ടാണ്.

ഞാൻ സത്യമായും പറയുന്നു: ഖാദിയാന്റെ മണ്ണ് അനുഗൃഹീതമാണെന്ന് അല്ലാഹു എനിക്ക് പറഞ്ഞുതന്നിരിക്കുന്നു. അബ്ദുസ്സ്വമദ് എന്നൊരാൾ എഴുന്നേല്ക്കുകയും ഇങ്ങനെ പറയുകയും ചെയ്യുന്നതായി ഞാൻ കണ്ടു. "ഖാദിയാനിലെ അത്ഭുതകരമായ ജമാഅത്തേ, നിങ്ങൾക്ക് അനുഗ്രഹമുണ്ടാകട്ടെ. നിങ്ങളിൽ ഖിലാഫത്തിന്റെ കാരുണ്യങ്ങളും അനുഗ്രഹങ്ങളും ഇറങ്ങുന്നു."

മസീഹ് മൗഊദ്(അ)ന്റെ ജന്മസ്ഥലം കാണുമ്പോൾ ഒരു തേങ്ങലുണ്ടാകുമെന്നത് തികച്ചും സത്യമാണ്. അപ്പോൾ ദുആ ചെയ്യാൻ തോന്നും. അതുകൊണ്ട് ഖാദിയാനിൽ അധികം വരേണ്ടതാണ്.

ദുആ ചെയ്യുന്നതിന് പരസ്പരബന്ധത്തിന്റെ ആവശ്യമുണ്ട്.

ഹദ്റത്ത് സാഹിബ് 'നിങ്ങൾ ഒരു കാണിക്ക നിശ്ചയിച്ചാൽ ഞാൻ ദുആ ചെയ്യാം' എന്ന് ചിലയാളുകളോട് പറയുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹും ഞാൻ തന്നെയും അതിൽനിന്ന് വിട്ടുനില്ക്കുന്നു. ഈ രീതി സ്വീകരിച്ചിരുന്നത് ബന്ധം വർദ്ധിക്കാൻ വേണ്ടിയായിരുന്നു. ഇതിനായി ഹദ്റത്ത് സാഹിബ് ഒരു സംഭവകഥ പലപ്പോഴും കേൾപ്പിച്ചിട്ടുണ്ട്. ഒരു മഹാത്മാവിനെക്കൊണ്ട് ദുആ ചെയ്യിക്കാൻ ഒരാൾ പോയി. അയാളുടെ വീടിന്റെ ആധാരം കളഞ്ഞുപോയിരുന്നു. 'ആദ്യം എനിക്ക് ഹൽവ കൊണ്ടുതന്നാൽ ഞാൻ ദുആ ചെയ്യാം' എന്ന് ആ മഹാത്മാവ് അയാളോട് പറഞ്ഞു. അതിൽ അയാൾ അത്ഭുതപ്പെട്ടു. പക്ഷേ, ദുആയുടെ ആവശ്യക്കാരനായിരുന്നു അയാൾ. അതുകൊണ്ട് വാങ്ങാൻ പോയി. കടയിൽനിന്ന് ഹൽവ വാങ്ങി. കടക്കാരൻ ഒരു കടലാസിൽ അത് പൊതിയാൻ തുനിഞ്ഞപ്പോൾ, അയാൾ ഉറക്കെ പറഞ്ഞു: 'ഇതു കീറരുത്, ഇതെന്റെ വീടിന്റെ ആധാരമാണ്. ഇതിനുവേണ്ടിയാണ് ഞാൻ ദുആ ചെയ്യിക്കാനാഗ്രഹിച്ചത്.' അങ്ങനെ അയാൾ ഹൽവയുമായി ആ മഹാത്മാവിന്റെ അടുക്കലെത്തി. ആധാരം കിട്ടിയെന്ന് അറിയിച്ചു. അപ്പോൾ ആ മഹാത്മാവ് പറഞ്ഞു: "ഞാൻ ഹൽവ വാങ്ങാൻ പറഞ്ഞത് നമ്മൾ തമ്മിൽ ഒരു ബന്ധമുണ്ടാകാനാണ്'. ചുരുക്കിപ്പറഞ്ഞാൽ ദുആയ്ക്ക് പരസ്പരബന്ധം അനിവാര്യമാണ്. അതിനായി ഞാൻ നിങ്ങളോട് പറയുന്നത് കത്തുകളിലൂടെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കാനാണ്; ഞാൻ നിങ്ങളെ ഓർമ്മിക്കാൻ.

## *യുസക്കീഹിം എന്നതിന്റെ രണ്ടാമത്തെ അർത്ഥം*

ഇനി ***യുസക്കീഹിം*** എന്നതിന്റെ രണ്ടാമത്തെ അർത്ഥമെടുക്കുക. ഇതിലാണ് ദരിദ്രരുടെയും അശരണരുടെയും സംരക്ഷണം ഉൾപ്പെടുന്നത്. എന്റെ കൈയിലുണ്ടോ ഇല്ലേ എന്ന് ആളുകൾക്കറിയില്ല. എന്നാൽ, ഞാൻ ഖലീഫയാണെന്ന് അറിയുമ്പോൾ, ആവശ്യക്കാർ എന്റെയടുത്ത് വരാൻ തുടങ്ങുന്നു. നേതാവിന്റെയടുക്കൽ ആവശ്യക്കാർ വരുമെന്നത് നേരത്തെയുള്ള കാര്യമാണ്. അതുകൊണ്ടാണ് ശരീഅത്ത് സക്കാത്തിന്റെ

ഏർപ്പാട് ഖലീഫയെ ഏല്പിച്ചത്. ആവശ്യക്കാർക്ക് നല്കുന്നതിനായി എല്ലാ സക്കാത്തും ഖലീഫയുടെ പക്കൽ വരേണ്ടതാണ്. ദുർബലരായ ജനങ്ങളുടെ ബലഹീനത അകറ്റുക എന്നത് എന്റെ ഒരു നിർബന്ധകടമയും ജോലിയുമാണ്. അതുകൊണ്ട് ഇതിൽ എന്നെ സഹായിക്കേണ്ടത് നിങ്ങളുടെ ബാധ്യതയായിരിക്കണം. ഇപ്പോഴാണെങ്കിൽ കലഹംതന്നെ അവസാനിച്ചിട്ടില്ല. എങ്കിലും നൂറുക്കണക്കിന് അപേക്ഷകൾ വന്നുകഴിഞ്ഞിട്ടുണ്ട്. എനിക്കതിന് ഏർപ്പാട് ചെയ്യേണ്ടതായി വരുന്നു. ഈ ജോലി ഖലീഫയുടെ ചുമതലയിൽ ആക്കിയിരിക്കുകയാണെന്നും ശാരീരികവും സാമ്പത്തികവും ബുദ്ധിപരവും ജ്ഞാനപരവുമായിട്ടുള്ള എല്ലാ ബലഹീനതകളും അകറ്റാനുള്ള ചുമതല ഖലീഫയിൽ നിക്ഷിപ്തമാണെന്നും ഞാൻ ഇപ്പോൾ പറയുകയുണ്ടായി. അതിനുള്ള സാധനസാമഗ്രികൾ വേണ്ടതാണ്. അതിന്റെ നടത്തിപ്പിന് സക്കാത്ത് വകുപ്പിന്റെ സംവിധാനം അത്യാവശ്യമാണ്. അതിനാൽ, സക്കാത്ത് പണം കൊണ്ട് ഇത്തരം ചെലവുകൾ നടത്താമെന്ന് ഞാൻ തീരുമാനിച്ചിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സന്നിധിയിലും ഈ അഭിപ്രായം ഞാൻ പറഞ്ഞിരുന്നു. ആദ്യമൊക്കെ ഞാൻ അദ്ദേഹത്തോടു മടികൂടാതെ സംസാരിക്കാറുണ്ടായിരുന്നു. ഈരണ്ടുമണിക്കൂർവരെയൊക്കെ ചർച്ചയും നടത്തുമായിരുന്നു. എന്നാൽ, അദ്ദേഹം ഖലീഫയായപ്പോൾ എനിക്ക് വിഷമം ഉണ്ടായിട്ടുകൂടി ഒരിക്കലും അദ്ദേഹത്തിന്റെ മുമ്പിൽ കാലിന്മേൽ കാലുകയറ്റിവെച്ച് ഞാൻ ഇരിക്കാറില്ലായിരുന്നു. അതറിയുന്നവർക്ക് നല്ലവണ്ണം അറിയാം. ഉറക്കെ സംസാരിക്കുകയും ചെയ്തിട്ടില്ല. സക്കാത്ത് ഖലീഫയുടെയടുക്കൽ വരേണ്ടതാണെന്ന് അദ്ദേഹത്തോട് പറയാൻ ഞാൻ ആരോടോ പറഞ്ഞയച്ചതാണ്. 'ഒരുകാലത്ത് പത്തിലൊന്നാണ് വന്നിരുന്നത്. എന്നാൽ, ഇപ്പോൾ കാലമതല്ല.' അദ്ദേഹം അയാളോട് പറഞ്ഞു, ശരി. നിങ്ങൾ എനിക്ക് സക്കാത്ത് തന്നുകൊണ്ടിരിക്കുക. എന്റെ മതം സക്കാത്ത്പണം ഖലീഫയുടെയടുക്കൽ ഒരുമിച്ചുകൂടണം എന്നുതന്നെയാണ്. എന്റെയും വിശ്വാസവും ഇതുതന്നെ.

അതുകൊണ്ട് നിങ്ങളുടെ 'അഞ്ചുമനിൽ' സക്കാത്ത് നിങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ വ്യക്തിയുടെ വരുമാനം നിർണ്ണയിച്ച് അതിൽ രേഖപ്പെടുത്തുക. തോതനുസരിച്ച് സക്കാത്ത് കൊടുക്കാൻ അർഹരായവർ, കണക്കുകൂട്ടി സക്കാത്ത് പൂർണ്ണമായും കൊടുക്കുക. അത് നേരിട്ട് തദ്ദേശ അഞ്ചുമന്റെ രജിസ്റ്ററിൽ രേഖപ്പെടുത്തി എന്റെയടുത്തുവരേണ്ടതാണ്. അതിന്റെ കൃത്യമായ കണക്ക് വയ്ക്കണം. സക്കാത്ത് കൊടുക്കുന്നവരുടെ, സക്കാത്തിന്നർഹരായ ബന്ധുക്കൾക്കും സക്കാത്തിൽനിന്ന് സഹായം ചെയ്യാവുന്നതാണ്. സക്കാത്ത് കൊടുക്കാനുദ്ദേശിക്കുന്നവരുടെ ഒരു ലിസ്റ്റ് അവർ ഇവിടെ അയച്ചുതരണം. അനുയോജ്യമായ സഹായം അവർക്ക് ഇവിടെനിന്ന് അയച്ചുകൊടുത്തുകൊണ്ടിരിക്കും. അല്ലെങ്കിൽ അവിടെനിന്നുതന്നെ കൊടുക്കാൻ നിർദ്ദേശിക്കുന്നതായിരിക്കും. എന്തായാലും സക്കാത്ത് ഒരു സ്ഥലത്ത് സ്വരൂപിക്കേണ്ടതാണ്. പിന്നീട് ഖലീഫയുടെ കല്പനയനുസരിച്ച് അത് ചെലവഴിക്കേണ്ടതാണ്. കൃത്യമായി രജിസ്റ്റർ വയ്ക്കുകയും അത് സ്വരൂപിക്കുന്നതിന് പരിശ്രമിക്കുകയുമാണെങ്കിൽ ആയിരക്കണക്കിന് രൂപ ഈ വകുപ്പിൽ സ്വരൂപിക്കാൻ കഴിയും. എന്നല്ല, കുറച്ചുദിവസത്തിനുള്ളിൽ ലക്ഷത്തെക്കാൾ കൂടുതൽ വരുമാനമുണ്ടാകുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്; ഇതിലേക്ക് ശക്തമായി ശ്രദ്ധിക്കുകയാണെങ്കിൽ. 'മസ്അലയെ സക്കാത്ത്' എന്ന പേരിൽ ഒരു ലഘുലേഖ എഴുതി ഞാൻ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിൽ സക്കാത്തിന്റെ സകല കല്പനകളും ഉണ്ടാകും. എന്നാൽ, നിങ്ങളുടെ ജോലി സക്കാത്തിനായി കൃത്യമായി രജിസ്റ്റർ വയ്ക്കുക എന്നതാണ്. വളരെ സൂക്ഷിച്ചും പരിശ്രമിച്ചും സക്കാത്ത് സ്വരുക്കൂട്ടുക. ആ സക്കാത്ത് മുടങ്ങാതെ എന്റെയടുത്തുവരേണ്ടതാണ്. ഇതൊരു തീരുമാനമാണ്.

### *വിദ്യാഭ്യാസപുരോഗതി*

ഞാൻ പറയുകയുണ്ടായി ***യുസക്കീഹിം*** എന്നതിന്റെ അർത്ഥങ്ങളിൽ, ഉത്തേജിപ്പിക്കുക, വർദ്ധിപ്പിക്കുക എന്ന അർത്ഥവും പെടും. അതിന്റെ ഉൾസാരത്തിൽ ദേശീയപുരോഗ

തിയും പെടുന്നു. ആ പുരോഗതിയിൽ വിദ്യാഭ്യാസപരമായ പുരോഗതിയും ഉൾപ്പെടുന്നു. അതിൽതന്നെ ഇംഗ്ലീഷ്സ്കൂളുകൾ, ഇസ്ലാമിക പ്രചാരണം തുടങ്ങിയ കാര്യങ്ങളും വരുന്നു. ഇതുസംബന്ധമായി ഞാൻ കരുതുന്നത് ഇവിടെ തുടങ്ങിയിട്ടുള്ള ഒരു സ്കൂൾ പോരാതെ വരുമെന്നാണ്. ഈ കേന്ദ്രത്തിന് പുറമെ വിവിധ സ്ഥലങ്ങളിൽ സ്കൂളുകൾ തുടങ്ങേണ്ട ആവശ്യമുണ്ട്. കർഷകർ ഇവിടുത്തെ മദ്രസയിലേക്ക് കുട്ടികളെ എങ്ങനെ പറഞ്ഞയക്കാനാണ്. കർഷകരുടെ വിദ്യാഭ്യാസവും എന്നിൽ നിക്ഷിപ്തമായിരിക്കുന്ന നിർബ്ബന്ധ ജോലിയാണ്. അതുകൊണ്ട് എവിടെയൊക്കെ വലിയ വലിയ ജമാഅത്തുകളുണ്ടോ അവിടെയൊക്കെ ഒന്നാമതായി പ്രൈമറിസ്കൂൾ തുടങ്ങുക എന്നതാണെന്റെ തീരുമാനം. അത്തരം സ്കൂളുകൾ ഇവിടുത്തെ കേന്ദ്രസ്കൂളിനു കീഴിലായിരിക്കും.

സ്ത്രീകളും പുരുഷന്മാരുമായിട്ടുള്ള ജമാഅത്തിലെ ഒരംഗവും എഴുത്തും വായനയും അറിയാത്തവരായി ഉണ്ടാകാൻ പാടില്ല. വിദ്യാഭ്യാസത്തിനായി സ്വഹാബാക്കൾ വലിയ വലിയ ശ്രമങ്ങളാണ് നടത്തിയത്. നബി(സ) തിരുമേനി ചില ഘട്ടങ്ങളിൽ യുദ്ധത്തടവുകാരെ മോചിപ്പിക്കാനുള്ള, മോചനദ്രവ്യം നിശ്ചയിച്ചത് വിദ്യാസമ്പന്നരായ തടവുകാർ മുസ്ലിം കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുക എന്നതായിരുന്നു. നബി(സ) തിരുമേനി കൊണ്ടുവന്ന അനുഗ്രഹം നോക്കുമ്പോൾ സ്നേഹാവേശം കൊണ്ട് എന്റെ മനസ്സ് നിറഞ്ഞുപോകുന്നു. ഒരു കാര്യവും ആ മഹാത്മാവ് വിട്ടുകളഞ്ഞില്ല. എല്ലാ കാര്യത്തിലും നമുക്ക് മാർഗ്ഗദർശനം നല്കി. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദും(അ) ഹദ്റത്ത് ഖലീഫത്തുൽ മസീഹും അതേ ചുവടുകളിലൂടെ നടന്ന്, എല്ലാവിധത്തിലും ഫലപ്രദമാകുന്ന കാര്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധതിരിച്ചു.

പൊതുവെയുള്ള വിദ്യാഭ്യാസ പുരോഗതിക്കായി ഒന്നാമത് പ്രൈമറിസ്കൂളുകൾ തുടങ്ങേണ്ടതാണ്. ഈ സ്കൂളുകളിലെല്ലാം വിശുദ്ധഖുർആൻ പഠിപ്പിക്കണം. പ്രായോഗികമായ ദീൻ പഠിപ്പിക്കപ്പെടണം. കൃത്യമായി നമസ്കരിപ്പിക്കാനുള്ള സംവിധാനം

ഏർപ്പെടുത്തണം. സത്യവിശ്വാസി ഒരു കാര്യത്തിലും പിന്നാക്കം പോകാൻ പാടില്ല. പൊതുവിദ്യാഭ്യാസ കാര്യത്തിൽ ജമാഅത്തിനെ ഒരിക്കലും നാം പിന്നിൽ നിറുത്തരുത്. ഈ ഉദ്ദേശ്യമനുസരിച്ച് പ്രൈമറി സ്കൂൾ തുറക്കുകയാണെങ്കിൽ സർക്കാരിൽനിന്നും സഹായം ലഭിക്കുന്നതാണ്.

***ജമാഅത്തിന്റെ ഭൗതികപുരോഗതി***

വിദ്യാഭ്യാസ പ്രശ്നത്തിനോടൊപ്പംതന്നെ ജമാഅത്തംഗങ്ങളുടെ ഭൗതിക പുരോഗതിയെക്കുറിച്ചും ചിന്തിക്കേണ്ടതാണ്. അവരെ ദാരിദ്ര്യത്തിൽനിന്നും യാചനയിൽനിന്നും രക്ഷിക്കണം. തബ്‌ലീഗിനും ശരീഅത്ത് പഠിപ്പിക്കുന്നതിനും വേണ്ടി പോകുന്ന ഉപദേശികൾ, ജമാഅത്തിന്റെ ഭൗതികപുരോഗതിയും ശ്രദ്ധിക്കേണ്ടത് തങ്ങളുടെ ബാധ്യതയായി കാണണം. അഹ്മദികളാരെങ്കിലും അലസരോ, മടിയന്മാരോ ആയിട്ടുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യണം. എവിടെയെങ്കിലും ആരെയെങ്കിലും മടിയന്മാരായി കണ്ടാൽ, അവരെ എന്തെങ്കിലും ജോലി ചെയ്യുന്നതിലേക്ക് പ്രേരിപ്പിക്കണം. വിവിധ കൈത്തൊഴിലുകളിലേക്കും ജോലികളിലേക്കും അവരുടെ ശ്രദ്ധതിരിച്ചുവിടണം. ഇത്തരത്തിലുള്ള അറിയിപ്പുകൾ മുടങ്ങാതെ ലഭിച്ചുകൊണ്ടിരുന്നാൽ ജമാഅത്തിന്റെ വർത്തമാനകാലത്തെ പരിഷ്കരണത്തിനുള്ള ശ്രമവും ഏർപ്പാടും ചെയ്യാൻ കഴിയും.

***പ്രവർത്തനം ആവശ്യമാണ്***

ഇക്കാര്യങ്ങളിൽ ഞാൻ ചിന്തിച്ചുനോക്കിയപ്പോൾ പ്രവിശാലമായ മൈതാനമാണ് ഞാൻ മുമ്പിൽ കാണുന്നത്. ഒരുപാടു കാര്യങ്ങൾ പറഞ്ഞു. പക്ഷേ, ഇത് പ്രവർത്തനത്തിൽ കൊണ്ടുവരാൻ മടിയുണ്ടെങ്കിൽ പിന്നെന്തു ചെയ്യും എന്ന് ചിന്തിച്ചപ്പോൾ ഭയപ്പെട്ടുപോയി. മറുവശത്ത്, ഇക്കാര്യത്തിൽ ഉത്സാഹമുണ്ടാകുകയാണെങ്കിൽ വേറെ തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുമെന്ന വിചാരവുമുണ്ടായി. അങ്ങനെ ഹദ്റത്ത് ഉമറിന്റെയും(റ) ഹദ്റത്ത് ഉഥ്മാന്റെയും(റ) ഖിലാഫത്തിനെക്കുറിച്ച് ചിന്തിച്ചപ്പോൾ മനസ്സിലായത്, ഹദ്റത്ത് ഉമർ(റ) ഓടിനടന്ന് നല്ല

സമ്പർക്കം ഉണ്ടാക്കിയിരുന്നുവെന്നാണ്. കുറ്റം ഉഥ്മാന്റേതെന്ന് പറയുന്നവർ കളവാണ് പറയുന്നത്. ഹദ്റത്ത് ഉഥ്മാൻ(റ) അങ്ങേയറ്റം വൃദ്ധനായിരുന്നു. ഉമറിനെപ്പോലെ ഓടിനടന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട്, എന്റേതായിട്ടൊന്നും തന്നെയില്ല, ജമാഅത്തിന്റെ പരിഷ്കരണത്തിനായി എന്റെ മനസ്സിൽ ഇക്കാര്യങ്ങളിട്ട അല്ലാഹുതന്നെ ഇതെല്ലാം നടത്താൻ തൗഫീഖ് തരുമെന്ന് ഞാൻ വിചാരിക്കുന്നു. എനിക്ക് തരികയാണെങ്കിൽ എന്റെ കൂടെയുള്ളവർക്കും കൊടുക്കുന്നതാണ്.

ചുരുക്കത്തിൽ ഭൗതികപുരോഗതിക്കായി സ്കൂളുകൾ സ്ഥാപിക്കുക. ഉപദേശികൾ തങ്ങളുടെ പര്യടനങ്ങളിൽ ജമാഅത്ത് വളരുകയാണോ തളരുകയാണോ എന്ന കാര്യം പ്രത്യേകം നോക്കുക. വിദ്യാഭ്യാസത്തിലും ഭൗതികാവസ്ഥയിലും അഭിവൃദ്ധിപ്പെടുന്നുണ്ടോ? കർമ്മപരമായ കാര്യങ്ങൾ പാലിക്കുന്നതിൽ ജാഅത്തിന്റെ സ്ഥിതി എന്താണ്? പരസ്പരമുള്ള സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ അവർ എത്രത്തോളം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. അവരിൽ പരസ്പരം വല്ല പിണക്കമോ വഴക്കോ ഉണ്ടോ? ഇക്കാര്യങ്ങളിലെല്ലാം ഉപദേശികൾക്ക് ദൃഷ്ടി പതിപ്പിക്കേണ്ടതായിവരും. ഇതിനെ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടുകൾ എന്റെയടുത്തു വന്നുകൊണ്ടിരിക്കണം.

### *കോളേജിന്റെ ആവശ്യം*

വിവിധ സ്ഥലങ്ങളിൽ സ്കൂളുകൾ തുടങ്ങുമ്പോൾ, നമുക്ക് ഒരു കോളേജ് തുടങ്ങേണ്ട ആവശ്യമുണ്ടാകും. ഹദ്റത്ത് ഖലീഫത്തുൽ മസീഹിനും ഈ ആഗ്രഹമുണ്ടായിരുന്നു. വ്യക്തിവൈശിഷ്ട്യം ഉണ്ടാകുന്നത് കോളേജ് ജീവിതത്തിലാണ്. സ്കൂൾ ജീവിതത്തിൽ മര്യാദകളുടെ ഒരു രേഖാചിത്രം വരയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. അതിൽ വീണ്ടും നിറം പിടിപ്പിക്കുന്നത് കോളേജ് ജീവിതത്തിൽതന്നെയാണ്. അതുകൊണ്ട് നമ്മുടെ യുവാക്കളുടെ ജീവിതത്തെ ഫലപ്രദവും പ്രബലവുമാക്കിത്തീർക്കുന്നതിന് നമ്മുടേതായൊരു കോളേജ് നിർമ്മിക്കേണ്ട

ആവശ്യമുണ്ട്. നിങ്ങൾ ഇക്കാര്യം മുന്നിൽ കാണുക. ഞാനും ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഖലീഫയുടെ പ്രവൃത്തിയാണ്. അത് ഞാൻ ചുരുക്കിവിവരിച്ചിരിക്കുന്നു. അവ തുറന്നു നോക്കുക. അവയുടെ വിവിധ വശങ്ങളിൽ ചിന്തിക്കുക. അപ്പോൾ അഞ്ചുമന്റെ സ്ഥാനമെന്താണെന്നും ഖലീഫയുടെ സ്ഥാനമെന്താണെന്നും മനസ്സിലാകും. ഞാൻ ശക്തമായും പറയുന്നു, ഇത്തരത്തിലുള്ള ഒരു അഞ്ചുമനുമില്ല, ഇത്തരം വാദം പുറപ്പെടുവിക്കാനും ഒരു അഞ്ചുമനും സാധ്യമല്ല. ഇങ്ങനെയുള്ള അഞ്ചുമൻ ഉണ്ടാകുകയുമില്ല, അല്ലാഹു ഇതിനായി ഒരു അഞ്ചുമനേയും അയച്ചിട്ടുമില്ല.

### *അഞ്ചുമനും ഖലീഫയും സംബന്ധിച്ച ചർച്ച*

ചിലയാളുകൾ പറയുന്നത് ഖലീഫ അഞ്ചുമന്റെ അവകാശം അപഹരിച്ചുവെന്നാണ്. തുടർന്നു പറയുന്നു ഇക്കൂട്ടർ ശിയാക്കളാണെന്ന്. ഇക്കാര്യങ്ങൾ കേൾക്കുമ്പോൾ, ഇക്കൂട്ടർക്ക് എന്തു പറ്റിയെന്നോർത്ത് എനിക്ക് വിഷമമുണ്ടാകുന്നു. പുത്രന് എങ്ങനെ ഖിലാഫത്ത് കിട്ടി എന്നാണ് ചോദിക്കുന്നത്. ഏതെങ്കിലും വലിയുടെയോ നബിയുടെയോ മകനാകുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് ഒരോഹരിയും ലഭിക്കാൻ പാടില്ലാത്തതും ഒരു സ്ഥാനവും കിട്ടാൻ പാടില്ലാത്തതുമായ പൊറുക്കപ്പെടാത്ത അപരാധമാണോ എന്നോർത്ത് എനിക്കത്ഭുതം തോന്നുന്നു.

ഇത് ശരിയാണെങ്കിൽ നഊദുബില്ലാഹ് ഏതെങ്കിലും നബിയുടെയും വലിയുടെയും പുത്രനാകുക എന്നത് ഒരു ശാപമാണ്, അനുഗ്രഹമല്ല. അപ്പോൾ നബിമാർ അലയ്ഹിമുസ്സലാം തങ്ങൾക്ക് കുട്ടികളുണ്ടാകണമെന്ന് വെറുതെയങ്ങ് ആഗ്രഹിച്ചിരുന്നതാണോ? നബി(സ) തിരുമേനി, വാഗ്ദത്തമസീഹിന് മക്കളുണ്ടാകുമെന്ന് പ്രവചനം ചെയ്തത് നഊദുബില്ലാഹ് വ്യർത്ഥമാണോ? അല്ലാഹു മസീഹ് മൗഊദിനോട് ചെയ്ത വാഗ്ദാനം അനുഗ്രഹത്തിന്റെ വാഗ്ദാനമായിരുന്നില്ലേ? (നഊദുബില്ലാഹ് മിൻ ദാലിക്ക്). ഈ ആൾദൈവപൂജയുടെ ആക്ഷേപം വന്നില്ലായിരുന്നെങ്കിൽ, പിന്നെ ആദരവിന്റെയും ബഹുമാനത്തിന്റെയും

മാനത്തിന്റെയും വാദങ്ങൾ, എത്രത്തോളം ശരിയായിട്ട് മനസ്സി ലാക്കപ്പെടും.

ഇത് ലജ്ജിക്കേണ്ട അവസരമാണ്. ആലോചിക്കുക, ചിന്തി ക്കുക. എന്റെ മനസ്സിൽ ഒരിക്കലും ഈ ആഗ്രഹമുണ്ടായിരു ന്നില്ലെന്ന് ഞാൻ നിങ്ങളോട് തുറന്നു പറയാനാഗ്രഹിക്കുന്നു. ഇനി നിങ്ങളെന്നെ വൃത്തികെട്ടവനെന്ന് മനസ്സിലാക്കി എനിക്ക് ബയ്അത്ത് ചെയ്തിട്ടുണ്ടെങ്കിൽ, ഓർമ്മിച്ചുകൊള്ളുക. നിങ്ങൾ തീർച്ചയായും ആൾപൂജകരാണ്. എന്നാൽ, അല്ലാഹു നിങ്ങളെ പിടിച്ച് കുനിപ്പിച്ചതാണെങ്കിൽ, പിന്നെ ആർക്കെന്തായാലെന്ത്? ഞാൻ അഞ്ചുമന്റെ അവകാശം അപഹരിച്ചുവെന്ന് പറയുന്നത് വളരെ വലിയ പരിഹാസമാണ്. നിന്റെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റിത്തരുമെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് വാഗ്ദാനം ചെയ്തിട്ടുള്ളത് നിങ്ങൾക്കറിയില്ലേ? ഇപ്പോൾ അക്കൂട്ടരുടെ അഭിപ്രായമനുസരിച്ച്, ഹദ്റത്ത് സാഹിബിന്റെ ഉദ്ദേ ശ്യവും ആഗ്രഹവും, അഞ്ചുമൻതന്നെ അനന്തരാവകാശിയാ കട്ടെ എന്നായിരുന്നു. ഖലീഫയെ കുറിച്ചുള്ള ഓർമ്മതന്നെ ഇല്ലാ യിരുന്നുവത്രെ! ഇനി നിങ്ങൾ പറയുക, ഇങ്ങനെ നിങ്ങൾ പറ യുമ്പോൾ നിങ്ങൾ നിങ്ങളുടെ വാക്കുകൊണ്ട് നഊദുബില്ലാഹ് അല്ലാഹു ആ മഹാത്മാവിന്റെ ആഗ്രഹം നിറവേറ്റാൻ തയ്യാറാ യില്ല എന്നല്ലേ സ്ഥാപിക്കുന്നത്?

ചിന്തിച്ചുപറയുക, ആരാണ് ശിയയായത്? ശിയാക്കളും പറ യുന്നത്, നബി(സ)യുടെ ഉദ്ദേശ്യം അലി ഖലീഫയാകണമെന്നാ യിരുന്നു, അബൂബക്കറോ ഉമറോ ഉഥ്മാനോ(റ) ഖലീഫയാകുക എന്നത് ആ മഹാത്മാവിന്റെ സങ്കല്പത്തിൽപോലും ഇല്ലായി രുന്നുവെന്നാണ്. അവരുടെ വിശ്വാസം ഖിലാഫത്ത് പ്രശ്ന ത്തിൽ നബി(സ)യുടെ ആഗ്രഹത്തെ ജനങ്ങൾ മാറ്റിമറിച്ചുവെ ന്നാണ്. ഇപ്രകാരംതന്നെ ഇവിടെയും ഉണ്ടായി. അഹോ കഷ്ടം! ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് എന്തെങ്കിലും ആദരവോ മഹത്വമോ നിങ്ങളുടെ മനസ്സുകളിലുണ്ടോ? അദ്ദേഹം തന്റെ ഉദ്ദേശ്യത്തിൽ നഊദുബില്ലാഹ് പരാജിതനായെന്ന് നിങ്ങൾ തീരുമാനിക്കുന്നു! അല്ലാഹുവിനെ ഭയപ്പെടുക, പശ്ചാ

ത്തപിച്ചുമടങ്ങുക.

പിന്നീട് ഒരെഴുത്തും പൊക്കിപ്പിടിച്ചു നടക്കുന്നു. അതിന്റെ ഫോട്ടോ എടുത്തു പ്രസിദ്ധീകരിക്കുന്നു. ഇതും ആ ശിയാക്കളുടെ പ്രമാണത്തെ സംബന്ധിച്ചുള്ള ആക്ഷേപത്തിന്റെ മാതൃകയാണ്. ഹദ്റത്ത് ഉമർ(റ) പ്രമാണം കൊണ്ടുവരാൻ അനുവദിച്ചില്ല എന്നാണ് അവർ പറയുന്നത്. കൊണ്ടുവന്നിരുന്നെങ്കിൽ തീർച്ചയായും ഹദ്റത്ത് അലിയുടെ ഖിലാഫത്തിന്റെ തീരുമാനമുണ്ടാകുമായിരുന്നുവത്രെ! ഇക്കൂട്ടർ പറയുന്നത്, കഷ്ടം! പ്രമാണം എഴുതികൊടുത്തിട്ടും ആരും അംഗീകരിച്ചില്ല എന്നാണ്. ശിയാ ആരാണെന്ന് ഇനി പറയുക? ഞാൻ പറയുന്നത്, ആ പ്രമാണം ഉണ്ടായിരുന്നെങ്കിൽത്തന്നെ എന്ത് സംഭവിക്കാനാണ്? ഇപ്പോൾ ഉണ്ടായതുതന്നെ ഉണ്ടാകണമായിരുന്നു. നബി(സ) തിരുമേനി പ്രമാണം എഴുതിപ്പിച്ചില്ല. ശിയാക്കൾക്ക് രണ്ടാമത്തെ ഖലീഫയുടെമേൽ ആക്ഷേപം ഉന്നയിക്കാൻ അവസരം കിട്ടി. ഇവിടെ മസീഹ് മൗഊദ്(അ) എഴുതിക്കൊടുത്തു. ഇപ്പോൾ അതുംകൊണ്ട് ആ മഹാത്മാവിന്റെ രണ്ടാമത്തെ ഖലീഫയുടെമേൽ ആക്ഷേപം ഉന്നയിക്കുന്നു.

നബി(സ) തിരുമേനിയുടെമേൽ ഉണ്ടാകുന്ന എല്ലാ ആക്ഷേപങ്ങളും അകറ്റുന്നതിനുവേണ്ടിയാണ് മസീഹ് മൗഊദ് വന്നതെന്ന കാര്യം ഓർത്തുകൊള്ളുക. ഉദാഹരണത്തിന്, ഇസ്‌ലാം വാളിന്റെ ശക്തികൊണ്ടാണ് പരന്നതെന്നുള്ള ആക്ഷേപം. എന്നാൽ, ഇസ്‌ലാം വാളുകൊണ്ട് പരന്നതല്ലെന്നും മറിച്ച് അതിന്റെ വെളിച്ചമാർന്ന അധ്യാപനങ്ങളും അടയാളങ്ങളും മുഖേനയാണ് അത് പരന്നതെന്നും മസീഹ് മൗഊദ്(അ) വന്നുകൊണ്ട് കാണിച്ചു. ഇപ്രകാരം പ്രമാണത്തിന്റെ യാഥാർത്ഥ്യം മനസ്സിലായി. കേട്ടുകൊള്ളുക! അല്ലാഹുവിന്നെതിരിൽ പ്രമാണത്തിന് എന്തു പ്രസക്തിയാണുള്ളത്? ഞാനും നിങ്ങളോട് തുറന്നുപറയുകയാണ്, പ്രമാണം ദൈവികേച്ഛയ്ക്ക് വിരുദ്ധം ആകുകയില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് പറയാറുണ്ടായിരുന്നു: ഒരു ശിയാ വിശ്വാസി, നമ്മുടെ ഉസ്താദ് സാഹിബിന്റെയടുക്കൽ

വന്നു. ഒരു ഹദീഥ് ഗ്രന്ഥം തുറന്ന് അദ്ദേഹത്തിന്റെ മുമ്പിൽവച്ചു. അദ്ദേഹം വായിച്ചിട്ട് ചോദിച്ചു, ഇതെന്താണ്? ശിയാ വിശ്വാസി പറഞ്ഞു: നബി(സ)യുടെ തീരുമാനം ഖിലാഫത്ത് അലി(റ)യ്ക്ക് ലഭിക്കണമെന്നായിരുന്നു. എന്റെ ഉസ്താദ് സാഹിബ് ദൃഢസ്വരത്തിൽ പറഞ്ഞു: നബി(സ)യുടെ തീരുമാനം അങ്ങനെയായിരുന്നു, പക്ഷേ, അല്ലാഹുവിന്റെ തീരുമാനം അതിന് വിരുദ്ധമായിരുന്നു. അതുകൊണ്ട് ആ തീരുമാനം പൂർത്തിയായില്ല. ഈ പ്രമാണത്തെ സംബന്ധിച്ച് ഞാൻ വീണ്ടും പറയുകയാണ്, അഥവാ ഇനിയാരെങ്കിലും പറയുകയാണെങ്കിൽ എന്റെ മറുപടി ഇങ്ങനെയായിരിക്കും. ഹഖീഖത്തുൻ വഹ്യ് എന്ന ഗ്രന്ഥത്തിൽ ഒരു പ്രതിനിധിയെ നല്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. ഇങ്ങനെയും പറഞ്ഞിരിക്കുന്നു, ***ഖലീഫത്തുൻമ്മിൻ ഖുലഫാഇഹി***. അതുകൊണ്ട് പ്രമാണം അപഹരിച്ചു എന്ന മുറവിളി തികച്ചും അനാവശ്യവും വ്യർത്ഥവുമാണ്. ഹദ്റത്ത് സാഹിബിന് ഇങ്ങനെ ഇൽഹാം ഉണ്ടായിട്ടുണ്ട്

***സുവുർദം ബതൂ മായയെ ഖുവേശ്റാ***
***തു ദാനീ ഹിസാബ് കമോബേഗ്റാ.***

ഞാനെന്റേതെല്ലാം നിന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇതു കുറവോ കൂടുതലോ എന്ന കണക്ക് അറിയുന്നവൻ നീ തന്നെയാണ്.

മാന്യനായ ഒരു വ്യക്തിപോലും വിശ്വസിച്ചേല്പിച്ച മുതലിൽ വഞ്ചന കാണിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) നെക്കൊണ്ട് അല്ലാഹു ദുആ ചെയ്യിച്ചിരുന്നു. അപ്പോൾ അല്ലാഹു വഞ്ചന കാണിച്ചുവെന്നാണോ നഊദുബില്ലാഹ് നിങ്ങൾ കരുതുന്നത്? പശ്ചാത്തപിച്ചുമടങ്ങുക, പശ്ചാത്തപിച്ചുമടങ്ങുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തവക്കൽ എങ്ങനെയുള്ളതാണെന്ന് നോക്കുക. മരണം സമീപസ്ഥമായിരിക്കെയാണ് ഈ ഇൽഹാം ഉണ്ടായത്. എന്നിട്ട് അല്ലാഹു നഊദുബില്ലാഹ് അർഹതയില്ലാത്തവന് അമാനത്ത് (ഖിലാഫത്ത്) നല്കിക്കൊണ്ട് വിസ്മയകരമായ പ്രവൃത്തി ചെയ്തു! 'ഞാനെന്റേതെല്ലാം നിന്നെ

ചുമതലപ്പെടുത്തിയിരിക്കുന്നു' എന്ന ഇൽഹാമനുസരിച്ച് അല്ലാഹു ഖലീഫയെ നിശ്ചയിച്ചു കാണിക്കേണ്ട ആവശ്യമെന്തായിരുന്നു?

വീണ്ടും ഞാൻ ചോദിക്കുകയാണ്, അല്ലാഹു നഊദുബില്ലാഹ് വഴിതെറ്റിക്കുമോ? ഒരിക്കലുമില്ല. അല്ലാഹു തന്റെ മുർസലിംകളേയും ഖലീഫമാരേയും അയക്കുന്നത് ജനങ്ങളെ പരിശുദ്ധരാക്കാനാണ്. അതുകൊണ്ട് നബിമാരുടെ ജമാഅത്ത് വഴികേടിൽ നിലകൊള്ളുകയില്ല. ഇനി വഴികേടിലെത്തിക്കുന്ന ജമാഅത്തിനെയാണ് മസീഹ് മൗഊദ്(അ) സ്ഥാപിച്ചു കാണിച്ചതെങ്കിൽ നഊദുബില്ലാഹ് സ്വന്തം വായകൊണ്ട് അദ്ദേഹത്തെ കള്ളവാദിയെന്ന് പറയുമോ? അല്ലാഹുവിനെ ഭയപ്പെടുക.

എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽ നിന്നുള്ള ആളാണെങ്കിൽ- തീർച്ചയായും ആ മഹാത്മാവ് അല്ലാഹുവിൽനിന്നുള്ള ആളാണ്- ഓർമ്മിക്കുക, ഈ ജമാഅത്തിന് വഴികേടിൽ ഒന്നിയ്ക്കാൻ സാധിക്കുകയില്ല. വിശുദ്ധഖുർആന്റെ കല്പനയെ ലംഘിക്കാൻ ഒരു മസീഹിനും കഴിയില്ല. അത്തരം ഒരു മസീഹും വരികയില്ലെന്നുള്ളത് എന്റെ ദൃഢവിശ്വാസമാണ്. വരുന്നയാൾ ഖുർആന്റെ സേവകനായിരിക്കും. അതിന്റെ മേലൊരു വിധികർത്താവായിട്ടല്ല. ഇതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശ്വാസം. **വൊ ഹെ മെ ചീസ് കിയാഹൂം** എന്ന ആ മഹാത്മാവിന്റെ വാക്യത്തിന്റെ വ്യാഖ്യാനവും ഇതുതന്നെയാണ്. (അദ്ദേഹമുണ്ടെങ്കിൽ എനിക്കെന്ത് പ്രസക്തിയാണുള്ളത്)

മസീഹ് മൗഊദ്(അ) വിശുദ്ധഖുർആന്റെ ആധ്യാത്മികത സ്ഥാപിക്കാൻ വന്നിരിക്കുന്നുവെന്നത് ശത്രുക്കളുടെ മേലുള്ള ന്യായപൂർത്തിയാണ്. അതിനെ നഊദുബില്ലാഹ് നശിപ്പിക്കാൻ വന്നതല്ല. താൻ വിശുദ്ധഖുർആന്റെ വിജയം സ്ഥാപിച്ചു കാണിക്കുന്നതിനായി വന്നിരിക്കുന്നുവെന്ന് അദ്ദേഹം തന്റെ പ്രവൃത്തിയിലൂടെ കാണിച്ചു.

വിശുദ്ധഖുർആൻ പറയുന്നു:

فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ
لَانْفَضُّوا مِنْ حَوْلِكَ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ

അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടുതന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റും നിന്ന് ചിതറിപ്പിരിഞ്ഞു പൊയ്ക്കളയുമായിരുന്നു. അതിനാൽ, അവർക്ക് നീ മാപ്പ് നല്കുകയും അവർക്കായി പാപമോചനത്തിനുവേണ്ടി നീ പ്രാർത്ഥിക്കുകയും പ്രധാനകാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ, നീ അല്ലാഹുവിൽ ഭരമേല്പിക്കുക. തീർച്ചയായും അല്ലാഹു ഭരമേല്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു (3:160).

### *ഭരണരീതി എങ്ങനെയായിരിക്കണം?*

ഖലീഫയുടെ ഭരണമെങ്ങനെയായിരിക്കണം എന്നാണ് പിന്നീട് ചോദിക്കുന്നത്. അല്ലാഹു അത് തീരുമാനിച്ചിട്ടുണ്ട്. ഖലീഫയുടെ നിയമങ്ങളും നിബന്ധനകളും തീരുമാനിക്കേണ്ട ആവശ്യം നിങ്ങൾക്കില്ല. അദ്ദേഹത്തിന്റെ നിർബന്ധകടമകളും പറഞ്ഞുകൊടുക്കേണ്ടതില്ല. അല്ലാഹു അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പറഞ്ഞതിനോടുകൂടി, വിശുദ്ധഖുർആനിൽ അതിനുവേണ്ടി പ്രവർത്തിക്കേണ്ട രീതിയും പറഞ്ഞുകൊടുത്തിട്ടുണ്ട്. ***വ ശാവിർഹും ഫിൽഅംരി ഫഇദാ അസംത ഫതവക്കൽ അലല്ലാഹി***. ഒരു കൂടിയാലോചന സഭ രൂപീകരിക്കുക. അതിൽ വരുന്ന അഭിപ്രായം കേട്ട് ചിന്തിക്കുക. എടുത്ത തീരുമാനത്തിൽ ഉറച്ചുനില്ക്കുന്നതിനായി പിന്നീട് ദുആ ചെയ്യുക. ആ കൂടിയാലോചനാസഭയുടെ അഭിപ്രായത്തിന് വിരുദ്ധമായ തീരുമാനമാണ് അദ്ദേഹമെടുക്കുന്നതെങ്കിലും അതിൽ ഉറച്ചുനില്ക്കുക. എന്നാൽ, അല്ലാഹു സഹായിക്കും. തീരുമാനമെടുത്തുകഴിഞ്ഞാൽ തന്നിൽ സർവ്വവും ഭരമേല്പിക്കാനും ഭയപ്പെടാതിരിക്കാനും അല്ലാഹു പറയുന്നു. അല്ലാഹുതന്നെ നിങ്ങളെ പിന്താങ്ങുകയും സഹായിക്കുകയും ചെയ്യും. ഇവർ പറയുന്നത്, ഖലീഫയുടെ

ഇച്ഛ എന്തായാലും, അല്ലാഹുതആല ഏതെങ്കിലും കാര്യത്തിൽ ഖലീഫയെ ഉറപ്പിച്ചുനിറുത്തിയാലും, കുറച്ചാളുകളുടെ അഭിപ്രായത്തിന് വിരുദ്ധമായി അദ്ദേഹം ഒന്നും ചെയ്യാൻ പാടില്ല എന്നാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെക്കുറിച്ച് പറഞ്ഞു: "അവൻ ഒരുനാൾ എന്റെ പ്രേമഭാജനമായിരിക്കും" ഇതിന്റെയും അർത്ഥം ഞാൻ പറഞ്ഞതുതന്നെയാണ്. കാരണം തന്നിൽ സർവ്വവും ഭരമേല്പിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. ഭയപ്പെടുന്നവൻ ഖലീഫയാകുക സാധ്യമല്ല. അങ്ങനെയാകരുതെന്നത് ഭരണകൂടത്തിന്റെ ആഗ്രഹമാണ്. ഞാൻ ആർക്കെങ്കിലുമെതിരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയും എന്നാൽ, അയാൾ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്താൽ അത്തരം വ്യക്തി അന്യാരാധകനാണ്. ഇതൊരു ശാപമാണ്. ഖലീഫയെ അല്ലാഹുവാണ് നിയമിക്കുന്നത്. അവൻതന്നെ ഖലീഫയുടെ ഭയത്തെയെല്ലാം അകറ്റുന്നു. മറ്റുള്ളവരുടെ ഇംഗിതമനുസരിച്ച് ഒരു വേലക്കാരനെപ്പോലെ എപ്പോഴും ജോലിയെടുക്കുന്നവന് ഭയമെന്നല്ല, അവൻ ഏകദൈവവിശ്വാസിയാണെന്ന് പറയാൻ കഴിയുന്നതെങ്ങനെ? ഖലീഫമാരെ അല്ലാഹു സംരക്ഷിക്കുന്നു. അവരുടെ ഭയത്തെ സമാധാനം കൊണ്ട് മാറ്റിമറിക്കുന്നു. അവർ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നു. അവന് ആരേയും പങ്കാളിയാക്കുകയില്ല. വിശ്വസിയായിട്ട് ഒരാളെപ്പോലും കിട്ടിയില്ലെങ്കിലും നബിയുടെ നുബുവ്വത്ത് പദവിക്ക് ഒരു കോട്ടവും തട്ടുകയില്ല. നബി, നബിതന്നെയായിരിക്കും. ഇതുതന്നെയാണ് ഖലീഫയുടെയും അവസ്ഥ. അയാളെ എല്ലാവരും ഉപേക്ഷിച്ചാലും അയാൾ ഖലീഫ തന്നെയായിരിക്കും. കാരണം അസ്സലിന്റെ കല്പന തന്നെയായിരിക്കും ശാഖയ്ക്കും. വെറും ഭരണത്തിനു വേണ്ടി ആരെങ്കിലും ഖലീഫയായിട്ടുണ്ടെങ്കിൽ അവൻ അസത്യവാദിയാണെന്ന കാര്യം ഓർമ്മിച്ചുകൊള്ളുക. ജനങ്ങളുടെ പരിഷ്കരണത്തിനായി അല്ലാഹുവിൽനിന്ന് വന്ന് പ്രവർത്തിക്കുന്നവനാണെങ്കിൽ, അവൻ അല്ലാഹുവിന്റെ പ്രേമഭാജനമാണ്; ലോകം മുഴുവൻ അയാളുടെ ശത്രുവാണെങ്കിലും ശരി. കൂടിയാലോചിക്കാൻ പറഞ്ഞ വചനത്തിൽ എത്ര സൂക്ഷ്മമായ കല്പനയാണുള്ളത്.

### *കർമ്മമില്ലാതെ അഭിപ്രായംകൊണ്ടെന്തു ഫലം?*

അഭിപ്രായം സ്വീകരിച്ചിട്ട് അതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമില്ലെങ്കിൽ ആ അഭിപ്രായംകൊണ്ടെന്ത് ഫലം എന്ന് ചിലർ ആക്ഷേപിക്കാറുണ്ട്. അപ്പോൾ അതൊരു വ്യർത്ഥമായ കാര്യമായിത്തീരുമത്രെ! എന്തെങ്കിലും വ്യർത്ഥമായ കാര്യം ചെയ്യുക എന്നത് നബിമാരുടെയും വലിയ്യ്മാരുടെയും അന്ത സ്സിന് എതിരാണ്. ഈ ആക്ഷേപത്തിനുള്ള മറുപടി കൂടിയാ ലോചന വ്യർത്ഥമായ കാര്യമല്ല എന്നാണ്. മറിച്ച്, ചിലപ്പോൾ ഒരാൾ ഒരു കാര്യം ആലോചിക്കുമ്പോൾ അതിനേക്കാൾ നല്ലത് വേറൊരാൾ ചിന്തിക്കുന്നു. കൂടിയാലോചിക്കുമ്പോൾ വിവിധ ആളുകളുടെ അഭിപ്രായം കേട്ട് നല്ല തീരുമാനത്തിലെത്തിച്ചേ രാൻ മനുഷ്യന് അവസരം കിട്ടുന്നു. ഒരാൾ കുറച്ചാളുകളോട് അഭിപ്രായം ആരായുമ്പോൾ ആരെങ്കിലും അവൻ ചിന്തിക്കാത്ത ഉത്തമമായൊരു വഴി അവന് പറഞ്ഞുകൊടുക്കുന്നു. പൊതു വെ ജനങ്ങൾ തങ്ങളുടെ സുഹൃത്തുക്കളുടെ അഭിപ്രായം ആരാ യാറുണ്ട്. അതെല്ലാം നിർബന്ധമായും സ്വീകരിക്കാറുണ്ടോ? സ്വീകരിക്കാനല്ലെങ്കിൽ പിന്നെന്തിനാണ് ചോദിക്കുന്നത്. അത് അതിനേക്കാൾ നല്ല അഭിപ്രായം കിട്ടാൻ വേണ്ടിയാണ്. അഭി പ്രായം ചോദിക്കുന്നത്, പറയപ്പെടുന്ന അഭിപ്രായമനുസരിച്ച് മാത്രം പ്രവർത്തിക്കാനല്ല. മറിച്ച്, ഒരുപാടാളുകളുടെ അഭിപ്രായം കേൾക്കുമ്പോൾ, ഫലപ്രദമായ കാര്യം അറിയാൻ വേണ്ടിയാ ണ്. ഖുർആൻ പറഞ്ഞ ***ഫഇദാ അസംത ഫതവക്കൽ അലല്ലാഹി*** എന്ന കാര്യവും ഓർക്കേണ്ടതാണ്. ഇതിൽ അഭി പ്രായം ചോദിക്കുന്നയാളാണ് സംബോധിതൻ. മജ്‌ലിസെ ശൂറാ യുടെ അഭിപ്രായമായിരുന്നു അന്തിമമെങ്കിൽ ***ഫഇദാ അസംതും ഫതവക്കൽ അലല്ലാഹ്*** എന്ന് കല്പിക്കുമായിരുന്നു. നിങ്ങ ളെല്ലാവരും ഒരു കാര്യം തീരുമാനിച്ചാൽ അല്ലാഹുവിൽ സർവ്വവും ഭരമേല്പിച്ച് പ്രവർത്തനം തുടങ്ങിക്കൊള്ളുക. പക്ഷേ, ഇവിടെ അഭിപ്രായം ചോദിക്കുന്നയാളോട് മാത്രമാണ്, ഏതൊരു കാര്യം തീരുമാനിക്കുന്നുവോ, സർവ്വവും അല്ലാഹു വിൽ ഭരമേല്പിച്ച് അതിന്റെ പ്രവർത്തനം തുടങ്ങുക എന്ന് പറ ഞ്ഞിരിക്കുന്നത്. മറ്റൊന്ന് ഇവിടെ ബഹുജനാഭിപ്രായം സ്വീക

രിക്കുന്നതിനെ കുറിച്ചല്ല പറഞ്ഞിരിക്കുന്നതെന്നതാണ്. ഇവിടെ പറഞ്ഞിട്ടുള്ളത് ആളുകളിൽനിന്ന് അഭിപ്രായം ആരായുക എന്നാണ്. അല്ലാതെ ഭൂരിപക്ഷാഭിപ്രായം നോക്കി അത് സ്വീക രിക്കാൻ പറഞ്ഞില്ല. അത് ജനങ്ങൾ കൂട്ടിച്ചേർക്കുന്നതാണ്. പിന്നീട് വോട്ടിനിടാനോ, ഭൂരിപക്ഷാഭിപ്രായമനുസരിച്ച് പ്രവർത്തിക്കാനോ ഒന്നും വിശുദ്ധഖുർആനിലെങ്ങും പറഞ്ഞി ട്ടില്ല. അതു പറയുന്നത്, ജനങ്ങളോട് അഭിപ്രായം ആരായുക എന്നാണ്. വിവിധ അഭിപ്രായങ്ങൾ കേട്ട്, എന്തൊന്നാണോ തീരു മാനിക്കുന്നത് (അസംത എന്നതിന്റെ അർത്ഥം എന്തൊന്ന് ചെയ്യാ നാണോ ഉറച്ചുതീരുമാനിക്കുന്നത്) അതനുസരിച്ച് പ്രവർത്തി ക്കുക എന്നാണ്. ആരേയും പേടിക്കരുത്. അല്ലാഹുവിൽ സർവ്വവും ഭരമേല്പിക്കുക.

*അത്ഭുതകരമായ സംഗതി*

***ശാവിർഹും*** എന്ന പദത്തിൽ ചിന്തിക്കുക. ഇതിൽനിന്ന് അഭിപ്രായം ആരായുന്നത് രണ്ടല്ല, ഒരാളാണെന്ന് മനസ്സിലാ കുന്നതാണ്. അഭിപ്രായം ആരായേണ്ടത് എന്തായാലും രണ്ടോ മൂന്നോ അതിലധികമോ ആളുകളിൽ നിന്നാണ്. പിന്നീട് അഭി പ്രായം ആരാഞ്ഞ വ്യക്തി, കിട്ടിയ അഭിപ്രായങ്ങളെല്ലാം വെച്ച് ചിന്തിക്കേണ്ടതാണ്. അതിനുശേഷമാണ് ഈ കല്പന, ***ഫഇദാ അസംത ഫതവക്കൽ അലല്ലാഹ്*** ഏതൊരു തീരുമാനമാണോ എടുക്കുന്നത്, അത് പൂർത്തിയാക്കേണ്ടതാണ്; അതിന് ആരേയും നോക്കേണ്ടതില്ല.

ഈ ഉറച്ച തീരുമാനത്തിന് ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലഘട്ടം പരിശോധിക്കുമ്പോൾ നല്ല ഉദാഹരണം ലഭിക്കുന്നു ണ്ട്. ജനങ്ങൾ മതപരിത്യാഗികളായിപ്പോകാൻ തുടങ്ങിയപ്പോൾ ഉസാമായുടെ നേതൃത്വത്തിൽ പോകാൻ തയ്യാറായി നില്ക്കുന്ന സൈന്യത്തെ തടയണമെന്ന് അഭിപ്രായമുണ്ടായി. എന്നാൽ, നബി(സ) തിരുമേനി തയ്യാറാക്കി നിറുത്തിയിരിക്കുന്ന സൈന്യത്തെ തടയുന്ന പ്രശ്നമില്ലെന്ന് അബൂബക്കർ(റ) അവർക്ക് മറുപടി നല്കി. അങ്ങനെ ചെയ്യാൻ, അബൂ ഖുഹാ ഫയുടെ മകന് ത്രാണിയില്ലെന്ന് പറയുകയും ചിലരെ സൈന്യ

ത്തിൽനിന്ന് ഒഴിവാക്കുകയും ചെയ്തു. ഹദ്റത്ത് ഉമറും ആ സൈന്യത്തിൽ പോകുന്നയാളായിരുന്നു. പക്ഷേ, അദ്ദേഹം പോകണ്ടതില്ല എന്ന നിർദ്ദേശമുണ്ടായി.

### *ഞാനൊരു ഉദ്ദേശ്യത്തോടെയാണ് പറയുന്നത്*

മതപരിത്യാഗികളായി പോകുന്നതിൽനിന്ന് തടയാൻ അവർക്ക് സക്കാത്ത് മാപ്പാക്കിക്കൊടുക്കണമെന്ന അഭിപ്രായ മുണ്ടായി. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു, നബി(സ) തിരു മേനിയ്ക്ക് സക്കാത്ത് ഇനത്തിൽ ഇവർ ഒട്ടകത്തെ കെട്ടുന്ന കയർ സക്കാത്തായി നല്കിയിട്ടുണ്ടെങ്കിൽ, അതും ഞാൻ മാപ്പാക്കു കയില്ല. നിങ്ങളെല്ലാവരും എന്നെ ഉപേക്ഷിച്ചുപോയാലും, മത പരിത്യാഗികളായിപ്പോകുന്നവരുടെ കൂടെ ഘോരവനത്തിലെ ക്രൂരമൃഗങ്ങൾ ചേർന്നാലും, താനൊറ്റയ്ക്ക് അവരോട് യുദ്ധം ചെയ്യുമെന്ന് ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു. ഇതാണ് സുദൃ ഢമായ തീരുമാനത്തിന്റെ മാതൃക. പിന്നീട് സംഭവിച്ചത് നിങ്ങൾക്ക് അറിയാമല്ലോ? അല്ലാഹു വിജയങ്ങളുടെ കവാടം തുറന്നുകൊടുത്തു. ഓർമ്മിച്ചുകൊള്ളുക, അല്ലാഹുവിനെ മനു ഷ്യൻ ഭയപ്പെടുമ്പോൾ സൃഷ്ടികളോടുള്ള ഭയം അവന്റെ മന സ്സിൽ ഒരു സ്വാധീനവും ചെലുത്തുകയില്ല.

### *അന്യാരാധനയുടെ പ്രശ്നം എങ്ങനെയാണ് മനസ്സിലാക്കി ത്തന്നത്?*

അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ട് എനിക്ക് ശിർക്ക് അഥവാ അന്യാരാധനയുടെ പ്രശ്നം നല്ലവണ്ണം മനസ്സിലാക്കി ത്തന്നിരിക്കുന്നു. ഒരു സ്വപ്നത്തിലൂടെ അത് പരിഹരിച്ചുതന്നു. ഞാൻ 'ബിഹ്ശിതിമഖ്ബറയിൽ പോയിവരികയാണ്. ആദ്യമി ല്ലാതിരുന്ന ഒരു സമുദ്രം ഞാൻ കാണുന്നു. അതിലൊരു തോണി യുണ്ടായിരുന്നു. ഞാനതിൽ കയറിയിരുന്നു. എന്നോടൊപ്പം മറ്റു രണ്ടുപേരുമുണ്ട്. അങ്ങനെ തോണി ഒരു സ്ഥലത്തെത്തിയ പ്പോൾ വട്ടം കറങ്ങാൻ തുടങ്ങി. ആ കടലിൽനിന്ന് ഒരു തല പൊന്തിവരുന്നത് കണ്ടു. ഇവിടെ ഒരു പീർ സാഹിബിന്റെ ഖബ്റു ണ്ടെന്നും ഈ തോണി സുരക്ഷിതമായി കരയിലെത്തണമെങ്കിൽ

അദ്ദേഹത്തിന്റെ പേരിൽ നിങ്ങൾ കുറിപ്പെഴുതിയിടണമെന്നും അയാൾ പറഞ്ഞു. ഇതൊരിക്കലും സാധ്യമല്ലെന്ന് ഞാനറിയിച്ചു. കൂടെയുണ്ടായിരുന്ന രണ്ടുപേരിൽ ഒരുവൻ "നമുക്കെന്ത് നഷ്ടമുണ്ടാകാനാണ്, ഒരു കത്തെഴുതിയിട്ടേക്കാം." എന്നു പറഞ്ഞു. പിന്നീട് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യാം എന്നും അയാൾ അറിയിച്ചു. അതൊരിക്കലും സാധ്യമല്ലെന്ന് ഞാൻ പറഞ്ഞു. അപ്പോൾ അയാൾ രഹസ്യമായി കുറിപ്പെഴുതിയിടാൻ ഭാവിക്കുന്നതായി ഞാൻ കണ്ടു. ഞാനത് പിടിച്ച് കീറിക്കളയാൻ തുനിഞ്ഞു. അയാൾ അത് മറച്ചുവച്ചു. അവസാനം ആ പിടിവലിയിൽ രണ്ടുപേരും കടലിൽ വീണു. പക്ഷേ, ഞാൻ ആ കുറിപ്പ് വാങ്ങി കീറിക്കളഞ്ഞു. എന്നിട്ട് തോണിയിൽ കയറിയിരുന്നു. അപ്പോൾ ആ ചുഴിയിൽനിന്ന് തോണി പുറത്തുകടക്കുന്നതായി കണ്ടു.' വ്യക്തമായ ഈ നിർദ്ദേശത്തിനുശേഷം സൃഷ്ടികളെ ഭയപ്പെടുന്നതിൽ നിന്ന് ഞാൻ അല്ലാഹുവിനോട് അഭയം തേടുകയാണ്. ഞാൻ കയറിയിരിക്കുന്ന ഈ തോണി ചുഴിയിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. അത് ചുഴിയിൽനിന്ന് രക്ഷപ്പെട്ട് പുറത്തുവരുമെന്ന് എനിക്ക് ദൃഢമായ വിശ്വാസമുണ്ട്.

### *ചെറുപ്രായമാണ്*

ഖിലാഫത്ത് നിഷേധികൾ ചെറുപ്രായമാണല്ലോ എന്നു പറഞ്ഞും ആക്ഷേപിക്കുന്നു. ഇത് കേട്ടപ്പോൾ എനിക്കൊരു ചരിത്രസംഭവം ഓർമ്മവന്നു. കൂഫാ നിവാസികൾ ഒരുപാട് ദ്രോഹം ചെയ്യുന്നവരായിരുന്നു. ഏത് ഗവർണ്ണറെ അവിടേക്കയച്ചാലും അയാൾക്കെതിരിൽ പരാതിപ്പെട്ട് അല്പദിവസത്തിനുള്ളിൽ അവർ തിരിച്ചയക്കുമായിരുന്നു. ഭരണത്തെ ബാധിക്കാതിരിക്കുവോളം അവർ പറയുന്ന രീതിയിൽ പ്രവർത്തിച്ചുകൊള്ളാൻ ഉമർ(റ) പറഞ്ഞു. അവസാനം അവരുടെ ദ്രോഹപ്രവൃത്തികൾ അതിരുകടക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് ഉമർ(റ) 19 വയസ്സ് മാത്രം പ്രായമായ ഇബ്നു അബീലയ്ലായെ കൂഫയിലെ ഗവർണ്ണറായി നിയമിച്ചു. അദ്ദേഹം അവിടെ എത്തിയപ്പോൾ ആളുകൾ കുത്തിപ്പറയാൻ തുടങ്ങി; ഉമറിന്റെ ബുദ്ധി(ന

ഊദുബില്ലാഹ്) നശിച്ചുപോയിരിക്കുന്നു. ഗവർണ്ണറായിട്ട് അയക്കാൻ അയാൾക്ക് ഒരു കുട്ടിയേയാണ് കിട്ടിയതെന്ന് ആക്ഷേപിച്ചു. ചാർജ്ജെടുക്കുന്ന ദിവസംതന്നെ ഗവർണ്ണറുടെ പ്രായം ചോദിക്കണമെന്ന് കൂഫക്കാർ പദ്ധതിയിട്ടു. അങ്ങനെ ദർബാർ സംഘടിച്ചപ്പോൾ ഒരാൾ വളരെ ഭക്തിവിനയാദി നമ്രശിരസ്സോടെ മുമ്പോട്ടുവന്ന് ചോദിച്ചു. ഹദ്റത്ത്! അങ്ങയുടെ പ്രായമെന്താണ്? ഇബ്നു അബീ ലയ്ലാ വളരെ മയത്തോടെ പറഞ്ഞു: "നബി(സ) തിരുമേനി സ്വഹാബാക്കളടങ്ങുന്ന സൈന്യത്തിന്റെ ഓഫീസറായിക്കൊണ്ട് ഉസാമയെ ശാമിലേക്കയച്ചപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന പ്രായത്തേക്കാൾ രണ്ടുവയസ്സ് അധികം എനിക്കുണ്ട്." (ഉസാമയുടെ പ്രായം അന്ന് 17 വയസ്സായിരുന്നു). വലിയ വലിയ സ്വഹാബിമാർ അദ്ദേഹത്തിന്റെ കീഴിൽ സൈന്യത്തിലുണ്ടായിരുന്നു) ഈ മറുപടി കേട്ടതോടെ കൂഫാ നിവാസികൾ നിശ്ശബ്ദരായി. ഇപ്പോൾ ബഹളമൊന്നുമുണ്ടാക്കേണ്ടതില്ലെന്ന് അവർ പറയുകയും ചെയ്തു. ഇതിൽനിന്ന് ചെറിയ പ്രായക്കാരേയും അമീറാണെങ്കിൽ അനുസരിക്കണമെന്ന കാര്യം വ്യക്തമാക്കപ്പെടുന്നു. ഹദ്റത്ത് ഉമറിനെപോലുള്ള ആളുകളെയാണ് 17 വയസ്സു പ്രായക്കാരനായ ഉസാമയുടെ കീഴിലാക്കിയത്. ഞാനും അതേ രീതിയിൽ മറുപടി പറയട്ടെ, എന്റെ പ്രായം ഇബ്നു അബീ ലയ്ലയെക്കാൾ 7 വയസ്സ് അധികമാണ്.

### *മറ്റൊരാക്ഷേപത്തിന് മറുപടി*

മറ്റൊരാക്ഷേപവും ഉന്നയിക്കപ്പെടുന്നുണ്ട്. അതിനുള്ള മറുപടിയും 1300 വർഷം മുമ്പേ അല്ലാഹു കൊടുത്തിരിക്കുന്നു. ***ശാവിർ ഹും ഫിൽ അംറ്*** എന്ന് പറഞ്ഞിട്ടുള്ളത് നബിയോട് മാത്രമുള്ള കല്പനയാണെന്ന് പറയുന്നു; ഖിലാഫത്തെങ്ങനെയാണ് അതിനിടയ്ക്ക് കയറിയതെന്ന് ചോദിക്കുന്നു. എന്നാൽ, ഇവർ ഓർക്കണം. അബൂബക്കറിന്നെതിരിൽ സക്കാത്തിനെ സംബന്ധിച്ച് ആക്ഷേപമുണ്ടായപ്പോൾ അതും ഇതേ നിലയ്ക്കുള്ളതായിരുന്നു. ***ഖുദ് മിൻ അംവാലിഹിം സ്വദഖത്തൻ*** (അവരുടെ ധനത്തിൽനിന്ന് സക്കാത്ത് വാങ്ങുക). ഇത് നബിയോടുള്ള കല്പനയാണ്. ഇപ്പോൾ നബി(സ) തിരുമേനി ജീവിച്ചി

രിപ്പില്ല. സക്കാത്ത് പിരിക്കാൻ ആർക്കും അവകാശവുമില്ല. കാരണം ആരോടാണോ വാങ്ങാൻ കല്പിച്ചത് അയാൾ വഫാത്തായിപ്പോയി. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞ മറുപടി, താനാണിപ്പോൾ അതിന്റെ സംബോധിതനെന്നാണ്. എനിക്കെതിരിൽ ആക്ഷേപമുന്നയിക്കുന്നവരോട് അതേരീതിയിൽ ഞാൻ പറയുകയാണ്, ഇന്ന് അതിന്റെ സംബോധിതൻ ഞാനാണ്. അക്കാലത്ത് ഈ മറുപടി ശരിയാണെങ്കിൽ ഇക്കാലത്ത് ഞാൻ പറയുന്ന ഈ മറുപടിയും സത്യമാണ്. നിങ്ങളുടെ ആക്ഷേപം ശരിവയ്ക്കുകയാണെങ്കിൽ വിശുദ്ധഖുർആനിൽനിന്ന് ധാരാളം കല്പനകൾ നീക്കം ചെയ്യേണ്ടിവരും. അത് വ്യക്തമായ വഴികേടാണ്.

### *ഒരു വിസ്മയകരമായ കാര്യം*

ഞാൻ നിങ്ങളെ മറ്റൊരു വിസ്മയകരമായ കാര്യം കേൾപ്പിക്കാം. ഇതിൽനിന്ന് അല്ലാഹുവിന്റെ പ്രവൃത്തികളിൽ വൈരുദ്ധ്യമുണ്ടാകുകയില്ലെന്ന് നിങ്ങൾക്ക് മനസ്സിലാകും. 'പച്ച വിജ്ഞാപന'ത്തിൽ (സബ്സ് ഇശ്തിഹാർ) എന്നെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹു കല്പിച്ചതനുസരിച്ച് സുവാർത്തകൾ നല്കി. അല്ലാഹുവിന്റെ വഹ്യ് അനുസരിച്ച് 'ഉലുൽ അസം' എന്ന് എനിക്ക് പേരിട്ടിരിക്കുന്നു. ഈ വചനത്തിൽ അല്ലാഹു പറഞ്ഞു. ***ഫഇദാ അസംതാ ഫതവക്കൽ അലല്ലാഹ്*** (ഒരു കാര്യം തീരുമാനിച്ചാൽ അതിൽ ഉറച്ചുനില്ക്കുക). ഇതിൽനിന്ന് വ്യക്തമാകുന്നത് എനിക്ക് ഈ ഖുർആനിക വചനമനുസരിച്ച് പ്രവർത്തിക്കേണ്ടിവരുമെന്നാണ്. അപ്പോൾ ഞാൻ ഇതെങ്ങനെ നിറുത്താനാണ്?

### *എന്ത് സേവനം ചെയ്തു?*

അയാൾ എന്താണ് സേവനം ചെയ്തതെന്ന് ചോദിക്കുന്നു. ഇതിനുള്ള മറുപടി ഉസാമയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. വലിയ വലിയ സഹാബിമാരുടെ ഓഫീസറായി നിയോഗിതനായ ഉസാമയുടെ സേവനം എത്രത്തോളമുണ്ടായിരുന്നു? അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ഖിലാഫത്ത് കിട്ടുന്നത്.

അവനിഷ്ടപ്പെട്ടവർക്ക് അത് നല്കുന്നു. അവന്റെ ഈ പ്രവൃത്തി നഊദുബില്ലാഹ് വ്യർത്ഥമാവുകയില്ല. പിന്നീട് ഖാലിദ് ബിൻ വലീദ്, അബൂ ഉബയ്ദ, അംറ് ബിൻ ആസ്, സഅ്ദ് ബിൻ അബീ വഖാസ് തുടങ്ങിയവർ ചെയ്ത സേവനത്തിന്നെതിരിൽ ഹദ്റത്ത് ഉമറിന് എന്ത് സേവനങ്ങളാണ് ചെയ്യാൻ കഴിയുമായിരുന്നത്? എന്നാൽ, ഖലീഫയായത് ഹദ്റത്ത് ഉമർ(റ) ആണ്. മറ്റാരും ഖലീഫയായില്ല. അല്ലാഹുവിനേക്കാൾ കൂടുതൽ കാര്യങ്ങൾ കണക്കുക്കൂട്ടാൻ കഴിയുന്നതാർക്കാണ്?

## *ഇസ്തിഖ്ലാഫിന്റെ ആയത്ത്*

ഞാൻ ഇസ്തിഖ്ലാഫിന്റെ ആയത്തിൽ ശ്രദ്ധ പതിപ്പിച്ചു. എനിക്ക് അതിസൂക്ഷ്മമായ അർത്ഥങ്ങൾ അതിൽനിന്ന് അല്ലാഹു മനസ്സിലാക്കിത്തന്നു. അതിൽ ചിന്തിച്ചപ്പോൾ വലിയ ആനന്ദമുണ്ടായി. അല്ലാഹു പറയുന്നു:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ
وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ۪
وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ؕ يَعْبُدُوْنَنِيْ
لَا يُشْرِكُوْنَ بِيْ شَيْـًٔا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ۔

***യഅ്ബുദൂനനീ ലാ യുശ്രികൂനബീ ശയ്അ*** എന്നതിന്റെ ഒരർത്ഥം 'അല്ലാഹുവിന്റെ പ്രവൃത്തിയെ ആർക്ക് തടയാൻ കഴിയും' എന്ന ലഘുലേഖയിൽ ഞാൻ എഴുതിയിട്ടുണ്ട്. മറ്റൊരർത്ഥവും അല്ലാഹു എനിക്ക് മനസ്സിലാക്കിത്തന്നിരിക്കുന്നു. അതിങ്ങനെയാണ്. ഈ വചനത്തിൽ ഒന്നാമതായി അല്ലാഹുവിന്റെ വാഗ്ദാനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അതായത്, '***വഅദല്ലാഹ്***'. അല്ലാഹു വാഗ്ദാനം ചെയ്തു. പിന്നീട് ഖിലാഫത്ത് തരുമെന്നുള്ള വാഗ്ദാനത്തെ താക്കീതിന്റെ ലാമ് കൊണ്ടും താക്കീതിന്റെ നൂനുകൊണ്ടും പ്രബലപ്പെടുത്തിക്കൊണ്ട് അല്ലാഹു അങ്ങനെതന്നെ ചെയ്യുമെന്ന് പറഞ്ഞു.

പിന്നീട് പറഞ്ഞത് അല്ലാഹു തീർച്ചയായും തീർച്ചയായും ആ ഖലീഫമാർക്ക് ശക്തി നല്കുമെന്നാണ്. ശേഷം പറഞ്ഞത് അല്ലാഹു തീർച്ചയായും തീർച്ചയായും അവരുടെ ഭയത്തെ സമാധാനം കൊണ്ട് മാറ്റിമറിക്കുമെന്നാണ്. ചുരുക്കിപ്പറഞ്ഞാൽ മൂന്നുപ്രാവശ്യം താക്കീതിന്റെ ലാമും, താക്കീതിന്റെ നൂനും ചേർത്തു കൊണ്ട്, അങ്ങനെ അല്ലാഹുതന്നെയാണ് ചെയ്യുക എന്ന കാര്യത്തിൽ ശക്തി ചെലുത്തിയിരിക്കുന്നു. മറ്റാർക്കും അതിൽ പങ്കുണ്ടാകുകയില്ല. എന്തിനാണ് അങ്ങനെ ചെയ്യുന്നതെന്ന കാര്യവും വ്യക്തമാക്കി. അതായത് ***യഅ്ബുദൂനനീ ലാ യുശ്രികൂനബീ ശയ്അ*** ഇതിന്റെ ഫലമായി അവർ എന്നെ മാത്രമേ ആരാധിക്കുകയുള്ളൂ. എന്നോട് ആരേയും പങ്കാളികളാക്കുകയില്ല. അതായത്, മാനുഷികമായ ശ്രമഫലമായി ഖലീഫയാകുകയാണെങ്കിൽ ഖലീഫയ്ക്ക് ഗ്രൂപ്പിന് വഴങ്ങേണ്ടതായി വരും. കാരണം അവരാണല്ലോ തന്നോട് ഔദാര്യം കാണിച്ച് തന്നെ ഖലീഫയാക്കിയത്. അല്ലാഹു പറഞ്ഞു, അങ്ങനെയല്ല. സർവ്വകാര്യങ്ങളും ഞാൻ തന്നെ ചെയ്യും; ശിർക്ക് ഖലീഫമാരുടെ അയലത്തു പോലും വരാതിരിക്കാനാണിത്. ഖലീഫ ഈ ശക്തിയും കഴിവും കാണുമ്പോൾ- അതു മുഖേനയാണല്ലോ അല്ലാഹു അദ്ദേഹത്തെ നിലനിറുത്തിയത്- മറ്റുള്ളവരുടെ എന്തെങ്കിലും കൈകടത്തൽ അതിനുപിന്നിൽ ഉണ്ടായിരിക്കാമെന്ന സംശയംപോലും അദ്ദേഹത്തിനുണ്ടാകുകയില്ല. തൽഫലമായിട്ടാണ് ***യഅ്ബുദൂനനീ ലാ യുശ്രികൂനബീ ശയ്അ*** അല്ലാഹുവിന് ആരേയും പങ്കാളികളാക്കാത്തത്. എന്തായാലും ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവാണ്. അദ്ദേഹത്തെ നീക്കാൻ ആർക്കും സാധ്യമല്ല.

ചിലയാളുകൾ ചോദിക്കുന്നത് ഖലീഫയില്ലെങ്കിൽ മുസ്ലിംകൾക്ക് മോക്ഷം കിട്ടുകയില്ലേ എന്നാണ്. ഖിലാഫത്തില്ലാതിരുന്ന കാലത്തെ മുസ്ലിംകളുടെ അവസ്ഥ അപ്പോൾ എന്തായിരിക്കും? ഇത് തനി വഞ്ചനയാണ്. വിശുദ്ധഖുർആനിൽ വുളു ചെയ്യുന്നതിന് കൈകഴുകൽ നിർബന്ധമാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ, ആരുടെയെങ്കിലും കൈ മുറിഞ്ഞുപോയാൽ അയാളുടെ വുളു കൈ കഴുകാതെ ശരിയാകുമോ? ഇനി അങ്ങ

നെ കൈ മുറിഞ്ഞുപോയ ഒരാളെ കൊണ്ടുവന്നിട്ട് അയാളുടെ വുളു ശരിയാവുമോ എന്നു ചോദിച്ചാൽ അത് ശരിയാകുമോ? ഒരിക്കലുമില്ല. ഇനി വുളു ശരിയാകുമെന്നാണ് പറയുന്നതെങ്കിൽ ഇനി താനും കൈകഴുകുന്നില്ലായെന്ന് കൈയുള്ളയാൾ പറഞ്ഞാൽ അയാളുടെ വാദം ശരിയാകുമോ? അയാളുടെ കൈ മുറിഞ്ഞുപോയതാണ്. എന്നാൽ, താങ്കൾക്ക് കൈയുണ്ടല്ലോ എന്നായിരിക്കും നമ്മൾ പറയുക. ഇതേ മറുപടി തന്നെയാണ് ഈ ആക്ഷേപകർക്കും എനിക്ക് നല്കാനുള്ളത്. നമ്മൾ അവരോട് പറയുന്നു, ഒരു കാലഘട്ടത്തിൽ ഉഗ്രശാസകരായ രാജാക്കന്മാർ തങ്ങളുടെ വാളിന്റെ ശക്തിയുപയോഗിച്ച് ഖിലാഫത്തെ റാശിദായെ നിലനില്ക്കാൻ അനുവദിച്ചില്ല. ഓരോ കാര്യവും ഒരു കാലത്തിനുശേഷം നാശമടയാറുണ്ട്. വാളുപയോഗിച്ച് ഖിലാഫത്തിന്റെ ശക്തിയെ ഉന്മൂലനം ചെയ്തപ്പോൾ, ഖലീഫയ്ക്ക് ബയ്അത്ത് ചെയ്യാത്തത് പാപമാകുകയില്ല. എന്നാൽ, ഖിലാഫത്ത് സ്ഥാപിക്കുന്നതിൽനിന്ന് ഇപ്പോൾ നമ്മളെ തടയാൻ ഏത് വാളാണുള്ളത്. ഇപ്പോഴും ഏതെങ്കിലും ഭരണകൂടം ബലാൽക്കാരപൂർവ്വം ഖിലാഫത്ത് പരമ്പരയെ തടയുകയാണെങ്കിൽ, അത് ദൈവികമായ പ്രവൃത്തിയായിരിക്കും. ജനങ്ങൾക്ക് അതനുഭവിക്കേണ്ടിവരും. എന്നാൽ, ഖിലാഫത്തിന് തടസ്സമൊന്നും വരാത്തതുവരെ ആർക്കാണ് അതിനെ തടയാൻ കഴിയുക. ഖിലാഫത്ത് ഉള്ളിടത്തോളം ആരെങ്കിലും അതിനെ നിഷേധിച്ചാൽ, അത് അബൂബക്കറിനേയും ഉമറിനേയും ഉഥ്മാനേയും (റ) നിഷേധിച്ചതുപോലെയായിരിക്കും. അതേ കല്പനയ്ക്ക് വിധേയരുമായിരിക്കും. ഖിലാഫത്തില്ലായെങ്കിൽ അതിനുത്തരവാദി നിങ്ങളല്ല. മോഷ്ടാവിനുള്ള ശിക്ഷ വിശുദ്ധഖുർആൻ പറയുന്നത് കൈ മുറിക്കാനാണ്. ഇസ്ലാമിക ഭരണമല്ലെങ്കിൽ, മോഷ്ടാവിന്റെ കൈ മുറിക്കപ്പെടുകയില്ല. അതുകൊണ്ട് അതൊരു കുറ്റമാകുകയില്ല. അനിസ്ലാമിക ഭരണകൂടം ആ കല്പന പാലിക്കാൻ ബാധ്യസ്ഥരുമല്ല.

### *നിലവിലുള്ള ഭരണവ്യവസ്ഥിതിയിൽ ബുദ്ധിമുട്ടുകൾ*

നിലവിലുള്ള ഭരണവ്യവസ്ഥിതികളിൽ എന്തെന്തെല്ലാം

ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന് ഇനി നോക്കേണ്ടതാണ്. അഞ്ചുമന്റെ ചില അംഗങ്ങൾ ബയ്അത്ത് ചെയ്തു. അവർ തങ്ങളുടെതന്നെ ഐകകണ്ഠ്യേനയുള്ള അഭിപ്രായത്തെ, അഞ്ചുമന്റെ അഭിപ്രായമാണെന്ന് നിശ്ചയിച്ചുകൊണ്ട് പറയുന്നു: അഞ്ചുമനാണ് പ്രതിനിധിയെന്ന്. മറുഭാഗത്തൊരാൾ പറയുന്നു അല്ലാഹു തന്നെ ഖലീഫയാക്കിയിരിക്കുന്നുവെന്ന്. സംഭവവികാസങ്ങളെല്ലാം അദ്ദേഹത്തെ പിന്തുണയ്ക്കുകയും ചെയ്തു. ജമാഅത്തിലെ ഒരു വലിയ വിഭാഗത്തെ അല്ലാഹുവിന്റെ മുമ്പിൽ കുനിയിക്കുകയും ചെയ്തു. ഇപ്പോൾ രണ്ടിന്റെയും പ്രവർത്തനം നിലനില്ക്കുകയാണെങ്കിൽ ഭിന്നത വർദ്ധിക്കും. ഒരു ഉറയിൽ രണ്ട് വാളുകൾ വെയ്ക്കാൻ പറ്റുകയില്ല. അതുകൊണ്ട് നിങ്ങൾ ചിന്തിക്കുക. എന്തു ചെയ്യണമെന്ന് നിങ്ങൾ അഭിപ്രായം പറയുക. ഈ കൂടിയാലോചനകൊണ്ട് ഞാനുദ്ദേശിക്കുന്നത് '***ശാവിർഹും***' എന്നതിനനുസരിച്ചുള്ള പ്രവൃത്തിയാണ്. ഇല്ലെങ്കിൽ ***ഫഇദാ അസംത ഫതവക്കൽ അലല്ലാഹ്*** എന്ന കല്പന എന്റെ മുമ്പിലുണ്ട്. ആരും എന്നോടൊപ്പം നില്ക്കുന്നില്ലെങ്കിലും അല്ലാഹു എന്നോടൊപ്പം നില്ക്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.

'ഒരഭിപ്രായവും സ്വീകരിക്കില്ലെങ്കിൽ പിന്നെ കൂടിയാലോചന കൊണ്ടെന്തു പ്രയോജനം' എന്ന ആക്ഷേപത്തിന് ഞാനൊരിക്കൽകൂടി മറുപടി തരാനാഗ്രഹിക്കുകയാണ്. ഇത് വളരെ ചെറിയൊരു കാര്യമാണ്. ഒരു ബുദ്ധി ചിന്തിക്കുമ്പോൾ അതിൽ പരിമിതമായ കാര്യങ്ങളെ വരികയുള്ളൂ. രണ്ടായിരമാളുകൾ വിശുദ്ധഖുർആന്റെ വചനങ്ങളിൽ ചിന്തിച്ചുകൊണ്ട് ഒരു മജ്‌ലിസിൽ വിവരണം നല്കിയാൽ, ചിലത് തെറ്റായിരുന്നാലും അധികവും ശരിയായിരിക്കുമെന്നതിൽ സംശയമൊന്നുമില്ല. ശരിയായിട്ടുള്ള കാര്യങ്ങൾ സ്വീകരിക്കുന്നതാണ്. പ്രയോജനപ്രദമായ പദ്ധതികളെക്കുറിച്ച് ഒരാൾക്ക് തനിച്ച് ചിന്തിക്കാൻ സാധ്യമല്ല. ഒരേ സമയത്ത് ധാരാളമാളുകൾ ഒരേ കാര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇൻശാഅല്ലാഹ് ഫലപ്രദമായൊരു വഴി പുറത്തുവരുന്നതാണ്.

കൂടിയാലോചിക്കുന്നതുകൊണ്ടുള്ള മറ്റൊരു ഉദ്ദേശ്യം നിങ്ങ

ളുടെ ബുദ്ധിശക്തി നഷ്ടപ്പെട്ടു പോകാതിരിക്കുക എന്നതുമാണ്. സാമൂഹികമായ പ്രവൃത്തികളിൽ കൂട്ടായിട്ട് ചിന്തിക്കുന്നതിനും ആലോചിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള ശക്തി നിങ്ങളിലുണ്ടാകുന്നതിനാണ്. മറ്റൊരു കാര്യവും കൂടിയുണ്ട്, ഇത്തരം കൂടിയാലോചനകളിലൂടെ ഭാവിയിൽ ജനങ്ങൾ ഖിലാഫത്തിനായി തയ്യാറായിക്കൊണ്ടിരിക്കുകയും ചെയ്യും. ഖലീഫ ജനങ്ങളിൽനിന്ന് അഭിപ്രായംതന്നെ ആരായുന്നില്ലെങ്കിൽ, ബുദ്ധിമാന്മാരായ ആരും സമൂഹത്തിൽ ഉണ്ടാകുകയില്ല. പിന്നീട് വരുന്ന ഖലീഫ അജ്ഞനായിരിക്കും. കാരണം അയാൾക്ക് പ്രവർത്തിക്കാനുള്ള അവസരം ഒരിക്കലും നല്കിയിട്ടില്ല. നമുക്ക് മുമ്പേവന്ന ഭരണകൂടങ്ങളുടെ പോരായ്മ ഇതുതന്നെയായിരുന്നു. രാജകുടുംബത്തിലെ അംഗങ്ങളെ കൂടിയാലോചനയിൽ ഉൾപ്പെടുത്തിയിരുന്നില്ല. തൽഫലമായി, അവരുടെ ബുദ്ധി, ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കഴിവുള്ളതായില്ല. അങ്ങനെ ഭരണം മെല്ലെമെല്ലെ തകർന്നു. അതുകൊണ്ട്, കൂടിയാലോചിക്കുന്നതിന്റെ ഉദ്ദേശ്യം അർഹമായ ബുദ്ധികൾക്ക്, മെല്ലെ മെല്ലെ ശിക്ഷണം ലഭിക്കുക എന്നതും കൂടിയാണ്; അങ്ങനെ ഒരുകാലത്ത് അവർക്ക് പ്രവൃത്തി ചെയ്യാൻ കഴിയണം. ജനങ്ങളിൽനിന്ന് അഭിപ്രായം ആരായുമ്പോൾ അവർക്ക് ചിന്തിക്കാനുള്ള അവസരം ലഭിക്കുന്നു. അതുമുഖേന അവരുടെ കഴിവുകൾ അഭിവൃദ്ധിപ്പെടുന്നു. അത്തരം കൂടിയാലോചനകളിൽനിന്നുള്ള മറ്റൊരു നേട്ടം ഓരോ വ്യക്തിയ്ക്കും തങ്ങളുടെ അഭിപ്രായം പിൻവലിക്കാനും എളുപ്പമുണ്ടാകുന്നു എന്നതാണ്. പിടിവാശിയും നിർബന്ധബുദ്ധിയും ഉണ്ടാകുകയില്ല.

ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഇനി പറയുന്ന രീതിയിലുള്ളതാണ്. ഉപദേശികളെ അയച്ചുതരിക എന്നു പറഞ്ഞുകൊണ്ട് പുറത്തുനിന്ന് കത്തുകൾ വരുന്നു. അഞ്ചുമന്റെ പ്രവർത്തകരെ ആരാണ് അയക്കുക. അഞ്ചുമൻ ഖലീഫയുടെ കീഴിൽ അല്ലതന്നെ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വൽ പ്രവർത്തകരെ അയക്കാറുണ്ടായിരുന്നു. അങ്ങനെ പോകുന്നവരെ ഓൺ ഡ്യൂട്ടിയിലായി പരിഗണിച്ചിരുന്നു. നമുക്ക് ഇവിടെ

പ്രവർത്തകർ കുറവാണ്. അതുകൊണ്ടാണ് ഈ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്. ബുദ്ധിമുട്ടുള്ളവർ വന്നിട്ട് തങ്ങൾക്ക് എന്തെങ്കിലും തരണമെന്ന് പറയുന്നു. കഴിഞ്ഞ ദിവസം മോങ്കേർ വാസികൾ എഴുതി: "ഇവിടെ പള്ളിയ്ക്ക് വേണ്ടിയുള്ള തർക്കം നടക്കുന്നു. ജമാഅത്ത് ദുർബലമാണ്. സഹായിക്കുക.' ഹദ്റത്ത് സാഹിബ് പള്ളിയുടെ കാര്യങ്ങളിൽ വലിയ സൂക്ഷ്മത കാണിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹും വലിയ പരിശ്രമം നടത്തിയിരുന്നു. കപൂർത്തല മസ്ജിദിന്റെ കേസ് നടക്കുമ്പോൾ, 'താൻ സത്യവാനാണെങ്കിൽ മസ്ജിദ് തീർച്ചയായും ലഭിക്കും' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. എന്തായാലും പള്ളിയുടെ കാര്യങ്ങളിൽ വലിയ സൂക്ഷ്മത കാണിച്ചിരുന്നു. ഇത്തരം ഘട്ടങ്ങളിൽ അവരെ സഹായിക്കാതിരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് എനിക്ക് പണം അയക്കേണ്ടതായി വന്നു. അല്ലെങ്കിൽ ഉദാഹരണത്തിന് മറ്റെന്തെങ്കിലും ഫിത്നയുണ്ടായാലോ, പറയുന്ന കാര്യം കേൾക്കാത്തവർ ഉണ്ടായാലോ എന്തു ചെയ്യും? ഈ ഭിന്നത കാരണമാണ് ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്; അത് ഇനിയും ഉണ്ടാകും. അല്ലാഹുവിൽനിന്ന് ഞാൻ പ്രതീക്ഷിക്കുന്നത് ഏറ്റവും വലുതാണ്. അത്ഭുതകരമായ നിലയിൽ എന്തെങ്കിലും ശക്തി കാണിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. പക്ഷേ, ഇത് ഇഹലോകമാണ്. അതുകൊണ്ട് എനിക്ക് ഉപായങ്ങളോടെ പ്രവർത്തിക്കേണ്ടിവരുന്നു.

ഞാനെന്ത് ചെയ്താലും അത് അല്ലാഹുവിനെ ഭയന്നുകൊണ്ടായിരിക്കും. അതിനെക്കുറിച്ച് മറ്റുള്ളവർ എന്തു പറയുമെന്നത് എനിക്ക് പ്രശ്നമല്ല. വീണ്ടും ഞാൻ പറയുകയാണ്, അതായത്, ഞാൻ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ, അല്ലാഹു ഉണ്ടെന്നുള്ള വിശ്വാസം എന്റെ മനസ്സിലുണ്ടെങ്കിൽ, അപ്പോൾ ഞാൻ എന്തൊന്ന് ചെയ്യുന്നുവോ അത് സദുദ്ദേശ്യത്തോടെ ചെയ്യുന്നതാണ്, ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ഇനി ഞാൻ നഊദുബില്ലാഹ് അല്ലാഹുവിനെ ഭയപ്പെടുന്നില്ലെങ്കിൽ നിങ്ങളെ ഞാൻ ഭയപ്പെടാൻ

നിങ്ങളാരാണ്? അതുകൊണ്ടാണ് ഈ ബുദ്ധിമുട്ടുകളെ തരണം ചെയ്യാൻ എന്തുചെയ്യാൻ കഴിയുമെന്ന് ഞാൻ നിങ്ങളോട് അഭിപ്രായം ആരായുന്നത്.

ഖലീഫ ഒരിക്കലും അഞ്ചുമനോട് ഒന്നും കല്പിച്ചിട്ടില്ലെന്ന് ആളുകൾ പറയുന്നു. എന്നാൽ, ഞാൻ സെക്രട്ടറിയുടെ ഓഫീസിൽ നില്ക്കുന്നു. ഇവിടെ 'ഖലീഫത്തുൽ മസീഹിന്റെ കല്പനയോടെ' എന്നെഴുതിയിട്ടില്ലാത്ത അജണ്ട വളരെ കുറച്ചേ കാണുകയുള്ളൂ. ഇത്തരം സംഭവങ്ങൾ ധാരാളം ഇവിടെ കാണാം. ഈ സാക്ഷ്യത്തോടെയുള്ള അഞ്ചുമന്റെ സ്റ്റേറ്റ്മെന്റുകളും രജിസ്റ്ററുകളും നിലവിലുണ്ട്. (ഈ അവസരത്തിൽ ഹെഡ്ക്ലാർക്ക് ഓഫീസ് സെക്രട്ടറി മുൻശീ മുഹമ്മദ് നസ്വീബ് സാഹിബ് എഴുന്നേറ്റു നില്ക്കുകയും ഉറക്കെ ഇങ്ങനെ പറയുകയും ചെയ്തു, 'ഇത് തികച്ചും ശരിയാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു').

യാഥാർത്ഥ്യത്തിനു നിരക്കാത്ത ഇത്തരം ആക്ഷേപങ്ങളെല്ലാം നിരർത്ഥകമാണ്. എന്തായാലും ഇപ്പോൾ കുറച്ചു ബുദ്ധിമുട്ടുകൾ ഉണ്ട്. ഭാവിയിൽ മറ്റാവശ്യങ്ങളും ഉണ്ടാകും. അതുകൊണ്ടാണ് സഹോദരന്മാർ ആലോചിക്കാൻ ഞാൻ പറഞ്ഞത്. ഇപ്പോഴുണ്ടായിട്ടുള്ള ഭിന്നതകൾ പരിഹരിക്കുന്നതിനെക്കുറിച്ച് ഞാൻ ചിലത് ചിന്തിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് നിങ്ങൾ കൂടിയാലോചിക്കുക. ഓരോ വ്യക്തിക്കും സ്വതന്ത്രമായി അഭിപ്രായം പറയുന്നതിനുവേണ്ടി, എന്റെ അസാന്നിധ്യത്തിൽ നിങ്ങൾ അതിനെക്കുറിച്ച് കൂടി ആലോചിക്കുക.

1. ഖലീഫയും അഞ്ചുമനും തമ്മിൽ നിലനില്ക്കുന്ന വഴക്ക് തീർക്കുന്നതിനുള്ള ഉത്തമമായ വഴി എന്താണ്? അഞ്ചുമൻ കൊണ്ടുദ്ദേശിക്കുന്നത് ഖിലാഫത്തിന് ബയ്അത്ത് ചെയ്യാത്ത അഞ്ചുമന്റെ അംഗങ്ങളാണ്. അവർ തങ്ങളെത്തന്നെ അഞ്ചുമൻ എന്നു പറയുന്നു. അതുകൊണ്ടാണ് ഞാനും അഞ്ചുമൻ എന്നു പറഞ്ഞത്. ബയ്അത്ത് ചെയ്തവർ മാത്രം അഭിപ്രായം പറയുക.

2. എനിക്ക് ബയ്അത്ത് ചെയ്തിട്ടുള്ളവർ മേലിൽ ഞാൻ മുഖേനയാണ് എല്ലാത്തരം ചന്ദയും കൊടുക്കേണ്ടത്. ഇത് ഞാൻ

പറയുന്നത് 1907 മാർച്ച് 8-ന് കണ്ട ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വന്തം കൈകൊണ്ട് എഴുതിയതാണ്. അതിന്റെ സ്വന്തം കോപ്പി ഇൽഹാമുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ മുമ്പേയും പിമ്പേയും ഹദ്റത്ത് സാഹിബിനുണ്ടായ ഇൽഹാമുകൾ എഴുതിയിരിക്കുന്നു. ആ കോപ്പി ഇപ്പോഴുമുണ്ട്. ഇതൊരു സുദീർഘമായ സ്വപ്നമാണ്. അതിൽ ഞാൻ കണ്ടു, 'ഒരു പാർസൽ എന്റെ പേരിൽ വന്നിരിക്കുന്നു. മുഹമ്മദ് ചിരാഗാണ് അതയച്ചിട്ടുള്ളത്. മഹ്മൂദ് അഹ്മദിന് അല്ലാഹു നല്ലത് വരുത്തട്ടെ എന്ന് അതിൽ എഴുതിയിരിക്കുന്നു. അങ്ങനെ അത് ഞാൻ തുറന്നു. അത് രൂപകൾകൊണ്ട് നിറച്ച ചെറിയ പെട്ടിയായിത്തീർന്നു. അപ്പോൾ ഒരാൾ പറയുകയാണ്, 'കുറച്ച് നീ തന്നെ കൈയിൽ വയ്ക്കുക. കുറച്ച് ഹദ്റത്ത് സാഹിബിന് കൊടുക്കുക. കുറച്ച് സദ്ർ അഞ്ചുമൻ അഹ്മദിയ്യായ്ക്കും കൊടുക്കുക'. മഹ്മൂദ് പറയുന്നതായിട്ട് പിന്നീട് ഹദ്റത്ത് സാഹിബ് പറയുന്നു, 'കശ്ഫിയായ നിലയിൽ അങ്ങയെ എനിക്ക് കാണിക്കപ്പെട്ടു. ചിരാഗ് എന്നതിന്റെ അർത്ഥം സൂര്യൻ ആണെന്ന് മനസ്സിലാക്കപ്പെട്ടു. മുഹമ്മദ് ചിരാഗ് എന്നതിന്റെ അർത്ഥം മുഹമ്മദ്(സ) സൂര്യനാണ് എന്നതാണ്. ആ മഹാത്മാവിൽനിന്നാണ് ഈ പെട്ടി വന്നിട്ടുള്ളത്.'

ചുരുക്കത്തിൽ ഇത് ഏഴുവർഷം മുമ്പേ കണ്ട സ്വപ്നമാണ്. ഹദ്റത്ത് സാഹിബ് സ്വന്തം കൈകൊണ്ട് എഴുതിയതാണ്. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് സദ്ർ അഞ്ചുമൻ അഹ്മദിയ്യായ്ക്ക് ഞാൻ മുഖേന ഏതെങ്കിലും കാലത്ത് പണം കിട്ടുമെന്നാണ്. നമുക്ക് എന്തൊന്ന് കിട്ടുമോ അത് നബി(സ) കാരണത്താലാണ് കിട്ടുന്നത്. ഏതൊരു പണം വന്നാലും അത് നബി(സ) തിരുമേനിതന്നെയാണ് അയക്കുന്നത്. ഹദ്റത്ത് സാഹിബിന് കൊടുക്കുന്നത് കൊണ്ടുള്ള ഉദ്ദേശ്യം, ജമാഅത്തിന്റെ പ്രചാരണത്തിനായി ചെലവഴിക്കുക എന്നാണെന്ന് മനസ്സിലാകുന്നു. വിശുദ്ധഖുർആനിൽ വന്നിട്ടുള്ള അത്തരം വചനങ്ങൾക്ക് സ്വഹാബത്ത് നല്കിയ അർത്ഥവും ഇതുതന്നെയാണ്. ഇതൊരു സത്യമായ സ്വപ്നമാണ്. ഇല്ലെങ്കിൽ ആറുവർഷം

മുമ്പേ ഞാൻ സ്വയം കൃതിച്ചെടുത്ത ഈ സംഭവങ്ങൾ അല്ലാഹു പൂർത്തിയാക്കുമോ? നഊദുബില്ലാ മിൻദാലിക്. എനിക്ക് ബയ്അത്ത് ചെയ്തിട്ടുള്ളവർ എല്ലാതരം ചന്ദയും എന്റെ അടുത്തേക്ക് അയക്കേണ്ടതാണ്.

3. അഞ്ചുമന്റെ ഖണ്ഡിതമായ തീരുമാനം ഉണ്ടാകാത്തിടത്തോളം ഇസ്‌ലാമിക പ്രചാരണത്തിന്റെയും സക്കാത്തിന്റെയും പണം എന്റെ അടുത്തുതന്നെ വരേണ്ടതാണ്. അത് ഇസ്‌ലാമിക പ്രചാരണവുമായി ബന്ധപ്പട്ട ഉപദേശികളുടെ ചെലവുകൾക്കും അല്ലെങ്കിൽ സക്കാത്തിന്റെ ചെലവുകളുമായി ബന്ധപ്പെട്ട മറ്റുചില താൽക്കാലിക ആവശ്യങ്ങൾക്കുമായി ചെലവഴിക്കുന്നതാണ്.

4. എല്ലാ ജമാഅത്തുകളുടെയും അഭിപ്രായങ്ങൾ മജ്‌ലിസെ ശൂറായിൽ ഉണ്ടാകേണ്ടതാണ്. നബി(സ) തിരുമേനിയുടെയും ഖുലഫാഉർ റാശിദിന്റെയും കാലഘട്ടത്തിൽ അങ്ങനെതന്നെയാണ് ഉണ്ടായിരുന്നത്. ജനങ്ങളിൽനിന്ന് പണം വാങ്ങുകയും അത് ചെലവഴിക്കുന്നതിനെ സംബന്ധിച്ച് അവരോട് അഭിപ്രായം ചോദിക്കാതിരിക്കുകയും ചെയ്യുക എന്നതിന് ഒരു ന്യായീകരണവുമില്ല. എന്നാൽ, ചില കാര്യങ്ങളിൽ പ്രത്യേകത കല്പിക്കുകയും ചെയ്യാം. മറ്റെല്ലാം കാര്യങ്ങളിലും ജമാഅത്തിനോട് അഭിപ്രായം ആരായേണ്ടതാണ്.

5. ഇപ്പോൾ അഞ്ചുമനിൽ രണ്ടംഗങ്ങളെ കൂടുതൽ നിയമിക്കേണ്ടതും ആവശ്യമാണ്. കാരണം ചില ഘട്ടങ്ങളിൽ ക്ലിയറൻസ് നടക്കാത്തതുകൊണ്ട് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. ഇപ്പോൾ അഭിപ്രായഭിന്നത കാരണത്താൽ അത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. എനിക്കും അവിടെ പോകേണ്ടിവരുന്നു. അവിടെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അതുകൊണ്ട് രണ്ടല്ല, മൂന്ന് അംഗങ്ങൾ ഉണ്ടാകേണ്ടതാണ്. രണ്ടംഗങ്ങൾ പണ്ഡിതന്മാരായിരിക്കണം.

6. എവിടെയെങ്കിലും ഫിത്ന തലപൊക്കിയാൽ നമ്മുടെസഹോദരങ്ങൾ അവിടെ പോയി കാര്യങ്ങൾ മനസ്സിലാക്കിക്കൊ

ടുക്കണം. സാധാരണക്കാരിൽനിന്ന് അതകറ്റേണ്ടതാണ്. ഇതിനായി സ്വന്തം ബുദ്ധിയിലും അറിവിലും വിശ്വാസമർപ്പിക്കരുത്. നേരെമറിച്ച്, അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും അവന്റെ കഴിവിനേയും മുന്തിക്കുക. അതിനായി ധാരാളം ദുആ ചെയ്യുക. അവരവരുടെ പ്രദേശത്ത് ചുറ്റിക്കറങ്ങി ഇതിനായി പരിശ്രമിക്കുക. അത്യാവശ്യമായ വിവരങ്ങൾ എന്നെ അറിയിക്കുകയും ചെയ്യുക.

ഇക്കാര്യങ്ങളെ കുറിച്ചാണ് നിങ്ങൾ ചിന്തിക്കേണ്ടത്. മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് ഇവിടെയിരുപ്പുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഹദ്റത്ത് ഖലീഫത്തുൽ മസീഹും അദ്ദേഹത്തെ ആദരിച്ചിരുന്നു. തന്റെ അറിവും അനുഗ്രഹവും ജമാഅത്തിന് ചെയ്യുന്ന സേവനവും കാരണത്താൽ അദ്ദേഹത്തെ നാമും ബഹുമാനിക്കേണ്ടതാണ്. ഈ കൂടിയാലോചനായോഗത്തിന്റെ അധ്യക്ഷനായി അദ്ദേഹത്തെ തീരുമാനിക്കേണ്ടതാണ്. ഓരോരുത്തർക്കും സ്വതന്ത്രമായ നിലയിൽ സംസാരിക്കാൻ അവസരം കിട്ടുന്നതിനുവേണ്ടി ഞാൻ ഈ യോഗത്തിൽ പങ്കെടുക്കുന്നില്ല. പരസ്പരം കൂടിയാലോചിച്ചും ചർച്ച ചെയ്തും തീരുമാനിക്കുന്ന കാര്യങ്ങൾ എഴുതി രേഖപ്പെടുത്തുക. പിന്നീടത് എന്നെ അറിയിക്കുക. ഞാൻ ദുആ ചെയ്യുന്നതാണ്. അതിനുശേഷം അല്ലാഹു എന്റെ മനസ്സിൽ തോന്നിപ്പിക്കുന്നതനുസരിച്ച് പ്രവർത്തനം നടക്കുന്നതാണ്. ഏതെങ്കിലും കാര്യത്തെക്കുറിച്ച് നിങ്ങൾ ചർച്ച ചെയ്യുമ്പോഴും അഭിപ്രായം പറയുമ്പോഴും അക്കാര്യം നിർബ്ബന്ധമായും അംഗീകരിക്കണം എന്ന വിചാരം ഒരിക്കലുമുണ്ടാകരുത്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി സത്യഹൃദയത്തോടെ നിങ്ങൾ അഭിപ്രായം പറയുക. അത് തെറ്റാണെങ്കിലും നിങ്ങൾക്ക് പ്രതിഫലം കിട്ടുന്നതാണ്. ഇനി താൻ പറയുന്ന കാര്യം സ്വീകരിച്ചേപറ്റൂ എന്ന് ആരെങ്കിലും മനസ്സിലാക്കുകയാണെങ്കിൽ അയാൾക്ക് ഒരു പ്രതിഫലവും കിട്ടുകയില്ല.

എന്റെ ഈ അഭിപ്രായങ്ങൾക്കു പുറമെ നവാബ് സാഹിബിന്റെ അഭിപ്രായങ്ങളും ചർച്ചചെയ്യുക. ശേയ്ഖ് യഅ്ഖൂബലി

സാഹിബും കുറച്ച് അഭിപ്രായങ്ങൾ എഴുതിത്തന്നിട്ടുണ്ട്. അവയിൽ മൂന്നെണ്ണം യോഗത്തിൽ അവതരിപ്പിക്കാൻ ഞാൻ അനുവാദം നല്കിയിരിക്കുന്നു. അവയെക്കുറിച്ചും ആലോചിക്കുക.

വീണ്ടും ഞാൻ പറയുകയാണ്, മൗലവി സാഹിബിന്റെ പദവിയും അദ്ദേഹത്തിന്റെ അറിവും നിലയും നിങ്ങൾക്ക് അറിയാവുന്നതാണ്. ഹദ്റത്ത് സാഹിബും അദ്ദേഹത്തെ ആദരിച്ചിരുന്നു. മൗലവി സാഹിബിന്റെ അനുവാദത്തോടെയായിരിക്കണം ഓരോ വ്യക്തിയും സംസാരിക്കേണ്ടത്. ഒരാൾ പറഞ്ഞുകഴിഞ്ഞാൽ അടുത്തയാൾ എന്ന ക്രമത്തിലായിരിക്കണം അത്. ഒരേ സമയം രണ്ടുമൂന്നും ആളുകൾ എഴുന്നേറ്റ് സംസാരിക്കരുത്. അദ്ദേഹം പറയുമ്പോൾ സംസാരിക്കുക. നവാബ് സാഹിബോ മുൻശി ഫർസന്ദ് അലി സാഹിബോ ഈ യോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കാനുള്ള ചുമതലയേല്ക്കുക. അവർ ഓരോ കാര്യങ്ങളും എഴുതി രേഖപ്പെടുത്തുക. അന്തിമതീരുമാനം വായിച്ചു കേൾപ്പിക്കുക. ഏതെങ്കിലും കാര്യത്തിൽ രണ്ടഭിപ്രായം വന്നാൽ രണ്ടും എഴുതിവയ്ക്കുക.

ഇനി നിങ്ങളെല്ലാവരും ദുആ ചെയ്യുക. ഞാനും ദുആ ചെയ്യുന്നു. ഇതിനുശേഷം നിങ്ങൾക്ക് ഭക്ഷണം കഴിക്കേണ്ടതായിട്ടുണ്ട്. ഖാദിയാനിലെ സുഹൃത്തുക്കൾ കൂടെ ചേർന്ന് ഭക്ഷണം കൊടുക്കുക. ഒരുതരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകരുത്. വെള്ളത്തിന് നല്ല ഏർപ്പാടുണ്ടാകണം. സ്വയം പ്രാർത്ഥിക്കുക. അതിഥികളും പ്രാർത്ഥിക്കുക. യാത്രയിലെ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നു. ഈ അഭിപ്രായങ്ങളോടും ദുആയോടുംകൂടി എന്തൊന്ന് നാം പ്രവർത്തിക്കുന്നുവോ അത് അല്ലാഹുവിൽനിന്നുള്ള പ്രവർത്തിയായിരിക്കും.

***വ ആഖിറു ദഅ്‌വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ***

(ഇതിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ ഥാനി(റ) ദീർഘമായി ദുആ ചെയ്തു. ഭക്ഷണത്തിനും ളുഹ്ർ അസ്ർ നമസ്കാരത്തിനുമായി യോഗം പിരിഞ്ഞു)